If something what is expected on such occasions is required for the Cochin Government, it ought to be done as things ought to be done. I object vigorously for the presentation of it here today. No Sir, we are the servants of the public of Cochin. We want to discharge certain duties.

Rao Bahadur T. K. Nayar *(Prime Minister)*: Sir, this also may be postponed for the next meeting.

Mr. President : This item also is postponed for the next meeting.

Mr P. Kumaran Ezhuthassan *(Vadakkancheri)*: Yes, Sir. Thank you.

5. LEGISLATIVE BUSINESS—GOVERNMENT BILL

(1) The Cochin Criminal Law (Amendment) Bill—*(cont.)*

Mr. President : The next item is Legislative business. Mr. P. Narayana Menon will continue his speech on the Cochin Criminal Law Amendment Bill.

* മിസ്റ്റർ പി. നാരായണമേനോൻ: സർ, നിലവിലുള്ളതും ഇടക്കിടക്ക വേണ്ടിവന്നേക്കാവുന്നതുമായ പ്രോക്ലമേഷൻ ശാശ്വതനിയമമാക്കിത്തീർക്കുന്നതിനുവേണ്ടി കൊണ്ടുവന്നിട്ടുള്ള ഒരു ബില്ലാണിതെന്നാണ് ഇന്നലെ ഞാൻ പറഞ്ഞതു്. ഇങ്ങിനെ ഒരു ബിൽ ശവമ്മെണ്ടിനു് ആവശ്യമാണു് എന്നുള്ളതിനു സംശയമില്ല എന്നു് എതിർപാർട്ടി നേതാവായ ബഹുമാനപ്പെട്ട എറണാകുളം മെമ്പറും ഇന്നലെ സമർത്ഥിച്ചുകഴിഞ്ഞു. ഇൻഡ്യാ ശവമ്മെണ്ടും ഇതിനു തുല്യമായ ഒരു ബിൽ അംഗീകരിച്ചു് നിയമമാക്കികഴിഞ്ഞിരിക്കുന്ന എന്നാണു് അദ്ദേഹം പ്രസ്താവിച്ചതു്. ആ നിലക്കു് അതിന്റെ അവയവം എന്ന നിലക്കു ഈ ബില്ലിന്റെ ആവശ്യം ഇവിടത്തെ ശവമ്മെണ്ടിനും ഉണ്ടെന്നുള്ളതു് ഏതാണ്ടു് തീർച്ചയാണു്. മാത്രമല്ല ഇതിനു മുമ്പിലത്തെ കൃാബിനറും ആവശ്യമാണെന്നു് സമ്മതിക്കുകയും ചെയ്തിട്ടുണ്ടു്.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ആ കൃാബിനറല്ലെ?

മിസ്റ്റർ പി. നാരായണമേനോൻ: അതെ. അതു് ഇന്നത്തെ ശവമ്മെണ്ടിനോ അന്നത്തെ ശവമ്മെണ്ടിനോ നാളെ വരുവാൻപോകുന്ന ശവമ്മെണ്ടിനോ വേണ്ടിയാണെന്നു ഞാൻ വിചാരിക്കുന്നില്ല. കൃാബിനറു മാറിയാലും മാറാത്ത ഒരു ശവമ്മെണ്ടു് ഇവിടെയുണ്ടെന്നു വിശ്വസിക്കുന്ന ഒരാളാണു് ഞാൻ. കൃാബിനറു് ഇടക്കിടക്കു മാറുമെങ്കിലും ശവമ്മെണ്ടു ശവമ്മെണ്ടുതന്നെയാണു്. ഇങ്ങിനെ മാറാതെ ഈ രാജ്യം ഉള്ളിടത്തോളംകാലം നിലനില്ക്കുന്നതായാൽ ആ ശവമ്മെണ്ടിനു ആവശ്യമാണു് എന്നുള്ള ബോദ്ധ്യത്തോടുകൂടിയാണു് ഈ ബിൽ വേണമെന്നു പറഞ്ഞതെന്നു് ഞാൻ വിശ്വസിക്കുന്നു. അന്നത്തെ ശവമ്മെണ്ടിനു ഇതു വേണമെന്നുതോന്നി. അന്നത്തെ കൃാബിനറു് അതു സ്വീകരിച്ചു. അവരെ പിന്താങ്ങിക്കൊണ്ടു വന്നിരുന്ന പാർട്ടികളും അതു് അംഗീകരിച്ചു. ഇങ്ങിനെ ഏതുനിലയിൽ നോക്കിയാലും ഇതിനു് നിയമസാധുതയുണ്ടു്; സ്വീകാര്യമാണു് എന്നു തെളിയുന്നുണ്ടു്. ഏതെങ്കിലുംതരത്തിൽ പൊതുജനങ്ങൾക്കു ശക്തിയായ ഒരു പൊതുജനാഭിപ്രായം ഈ ബിൽ സ്വീകരിക്കുന്ന കാര്യത്തിലുണ്ടായിരുന്നെങ്കിൽ നിശ്ചയമായും അതുപേക്ഷിക്കേണ്ടതാണെന്നു ധൈര്യമായി പറയുവാൻ ഒരുക്കമുള്ള ഒരാളാണു ഞാൻ. അങ്ങിനെയുള്ള ഒരെതിർ പൊതുജനാഭിപ്രായം ഉണ്ടായിരുന്നുവെന്നുള്ളതിനു് യാതൊരു തെളിവും ഇതുവരെ ലഭിച്ചുകഴിഞ്ഞിട്ടില്ല. നേരെമറിച്ചു പൊതുജനങ്ങൾ ഇതിനെ പിന്താങ്ങിക്കൊണ്ടു്, അനുകൂലിച്ചുകൊണ്ടു് ഈ നിയമം വേണമെന്ന അഭിപ്രായപ്പെട്ടുകൊണ്ടാണിരിക്കുന്നതു്. ഈ രാജ്യത്തിലെ രാഷ്ട്രീയകക്ഷികളിൽ എണ്ണംകൊണ്ടും പ്രഥമസ്ഥാനത്തെ അർഹിക്കുന്നതു പ്രജാമണ്ഡലം ആണെന്നുള്ളതു ഏതാണ്ടു് എല്ലാപേരും അംഗീകരിച്ചുകഴിഞ്ഞിട്ടുണ്ടു്. ഈ രാജ്യത്തിലെ $\frac{1}{2}$ ൽ ലക്ഷം ജനങ്ങളേയും പ്രതിനിധീകരിക്കുന്നുവെന്നു പറയുന്ന പ്രജാമണ്ഡലം കക്ഷിയുടെ ഔദ്യോഗികമായ അഭിപ്രായം എന്താണെന്നുള്ളതിനു് ആ കക്ഷിയുടെ ജനറൽ സിക്രട്ടറി എഴുതിയ ലേഖനത്തിൽനിന്നു വ്യക്തമാകുന്നുണ്ടു്. വെറും വ്യക്തം എന്ന നിലയിലല്ല, പ്രജാമണ്ഡലം സെക്രട്ടറി എന്ന നിലയിൽ എഴുതീട്ടുള്ള ആ ലേഖനത്തിൽ പ്രതിപാദിക്കുന്ന സംഗതികളും പ്രജാമണ്ഡലം പാർട്ടിയുടെ ഔദ്യോഗിക അഭിപ്രായങ്ങളാണെന്നു ഞാൻ വിശ്വസിക്കുന്നു. അതിൽ പറയുന്നതു് ഈ ബിൽ നിയമമാക്കണമെന്നാണു്. ഇതിൽനിന്നു്, ഇവിടത്തെ $\frac{1}{2}$ ൽ ലക്ഷം ജനങ്ങളേ പ്രതിനിധീകരിക്കുന്ന പ്രജാമണ്ഡലം പാർട്ടി ഈ നിയമം വേണമെന്നു വാദിക്കുന്നതിൽനിന്നു, ഈ ബില്ലിനു് നാട്ടുകാരുടെ

* Speech not corructed by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. Narayana Menon]

പിൻബലമുണ്ടെന്നുള്ളതു് തീച്ചയാണു്. മറ്റു പല സംഘടനകളും—സാമുദായിക സംഘടനകളും രാഷ്ട്രീയ സംഘടനകളും— പ്രജാമണ്ഡലത്തെ സഹായിക്കുന്നതിനു് ഈ അടുത്തകാലത്തു് പ്രമേയങ്ങളും പാസ്സാക്കിട്ടുള്ളതായി കാണുകയുണ്ടായി. ആ സഹായം നിരുപാധികമായ സഹായമാണു്. വ്യവസ്ഥകളോടുകൂടിയ സഹായമല്ല. ഈ ബില്ലിനു് ആ സംഘടനകളും പ്രതികൂലമായിരുന്നെങ്കിൽ, ഈ നിയമം നടപ്പാക്കാൻ പാടില്ല, ഇവിടെ പാസ്സാക്കാൻ പാടില്ല എന്നു് ആ സംഘടനകൾക്കു അഭിപ്രായമുണ്ടായിരുന്നെങ്കിൽ നിശ്ചയമായും ആ ഒരു വ്യവസ്ഥയോടുകൂടിയല്ലാതെ ആ സംഘടനകളും ആ പ്രമേയം പാസ്സാക്കുകയില്ലായിരുന്നു. അപ്പോൾ ശക്തിയായ ഒരു പ്രതികൂലാഭിപ്രായം ആ സംഘടനകൾക്കുണ്ടെന്നു പറയാൻ പാടില്ല. അല്ലെങ്കിൽ, ഈ ബിൽ പിൻവലിക്കാതെ ഞങ്ങൾ സഹായിക്കുകയില്ലെന്നു അവർ പ്രമേയം പാസ്സാക്കുമായിരുന്നു: അതുകൂടാതെ നിരുപാധികമായി സഹായിക്കാമെന്നു പ്രമേയം പാസ്സാക്കിയിരിക്കുമ്പോൾ പരോക്ഷമായി ആ സംഘടനകളും ഈ ബില്ലിനെ സഹായിക്കുന്നുണ്ടെന്നു വ്യക്തമാണു്. പിന്നെ ഒരു സംഗതി, ഉപരിതലത്തിൽ നോക്കിയാൽ ഒരെതിരുണ്ടെന്നു തോന്നും. അതിലടിസ്ഥാനമില്ല. ആരാണു ഈ എതിരഭിപ്രായം പറഞ്ഞതു് എന്നു ചുഴിഞ്ഞുനോക്കിയാൽ മതി. കേരള സോഷ്യലിസ്റ്റ് പാർട്ടിയാണു് എതിരഭിപ്രായം പ്രധാനമായി പറഞ്ഞതു്. ഈ കക്ഷി അടുത്തകാലത്തു പ്രജാമണ്ഡലത്തിൽ നിന്നുതന്നെ തെറ്റി വേറൊരു പാർട്ടിയായി തീർന്നതാണു്. ആ കക്ഷിക്കു പ്രജാമണ്ഡലം അംഗീകരിച്ചിട്ടുള്ള ഈ ബിൽ എതുക്കുന്നതിനു് ഒരു വാസനയുണ്ടായതിൽ അത്ഭുതമില്ല. പ്രജാമണ്ഡലത്തിൽനിന്നു രാവുന്ന ആളുകൾക്കു്, മതംമാറിയ പുതുക്രിസ്ത്യാനിയെപ്പോലെ ചില ആവേശം ഉണ്ടാകുമെന്നു പറഞ്ഞിട്ടുള്ളതനുസരിച്ചു്, പ്രജാമണ്ഡലം ഉപേക്ഷിച്ച അതിനെതിരായ ഒരു കക്ഷി രൂപീകരിച്ചു ഈ ആളുകൾക്കു് ഈ ബില്ലിനെ എതുക്കാനുള്ള ഒരു വാസനയുണ്ടാകാം.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ബഹുമാനപ്പെട്ട മെമ്പറും ഇതിൽ പെടുമോ?

മിസ്റ്റർ പി. നാരായണമേനോൻ: ഞാൻ പുതുക്രിസ്ത്യാനിയല്ല. പഴയകാലം മുതല്ക്കേ മാറിയ ആളാണു്. അതിന്റെ കസർത്തും കൊള്ളരുതായ്മകളും മറ്റും കാരണം അതിനെ വെല്ലുവിളിച്ചുകൊണ്ടു രാജിവെച്ചു എനിക്കു് അതിനെപ്പറ്റി അത്ര കാര്യമില്ല. ആ നിലയിൽ കേരള സോഷ്യലിസ്റ്റുകാർ അതിനെ എതുക്കുന്നതിൽ അത്ഭുതമില്ല. അപ്പോൾ പൊതുജനാഭിപ്രായം, രാജ്യത്തിലെ മിക്ക രാഷ്ട്രീയ പാർട്ടികളുടേയും അഭിപ്രായം ഈ ബിൽ നിയമമാക്കണമെന്നാണു്. ഇതിനു മുമ്പുണ്ടായിരുന്ന ഗവമ്മെണ്ടിനെ പിന്താങ്ങിക്കൊണ്ടിരുന്ന കക്ഷികളുടെ അഭിപ്രായം ഈ ബിൽ വേണമെന്നാണു്. ഇപ്പോഴത്തെ അവസ്ഥയ്ക്കു് ഈ ബിൽ വേണമെന്നാണു്. അപ്പോൾ അന്നത്തെ എന്നല്ല, എന്നത്തേയ്ക്കും മാറ്റം ഇല്ലാതെയിരിക്കുന്ന ആ ഗവമ്മെണ്ടിനു് ഈ ബിൽ ആവശ്യമാണെന്നു വ്യക്തമാണു്. അതുകൊണ്ടാണു് ഞാൻ ഈ ബില്ലിനു് അനുകൂലമായി ഇത്രയും സംസാരിക്കാനിടവന്നതു്.

ഇനി ഈ ബിൽ കൂടാതെതന്നെ ഭരണം നടത്താൻ സാധ്യമല്ലെ എന്നു ചോദിച്ചാൽ സാധ്യമാണു്. ഇന്നത്തെ ക്യാബിനറ്റിന്റെ പ്രത്യേകാവശ്യത്തിനുവേണ്ടി ഈ ബിൽ നിയമമാക്കണമെന്നു് ആരും വാദിക്കാൻ ഒരുക്കമില്ല. ഇന്നത്തെ ക്യാബിനറ്റു് ഏറിവന്നാൽ ന്നു മാസംവരെ, എലക്ഷൻ കഴിയുന്നതുവരെ അതോ അവിശ്വാസപ്രമേയം പാസ്സായാൽ നാളെയോ മറ്റന്നാളോ മാത്രംവരെ കാലാവധിയുള്ള ഇന്നത്തെ ക്യാബിനറ്റിനു് ഈ ചുരുങ്ങിയ കാലത്തേയ്ക്കു് ഈ ബിൽ കൂടാതെതന്നെ ഭരണംകൊണ്ടുപോകാൻ സാധിക്കുമെന്നു തീർച്ചയാണു്. അതുകൊണ്ടു്, ഇന്നത്തെ ക്യാബിനറ്റിന്റെ ആവശ്യത്തിനാണോ അതോ, ആദ്യം പറഞ്ഞതുപോലെ, മാറ്റമില്ലാതെ, എന്നെന്നും നിലനില്ക്കുന്ന ശാശ്വതഗവമ്മെണ്ടിന്റെ ആവശ്യത്തിനാണോ എന്നാലോചിച്ചു ഗവമ്മെണ്ടിന്റെ ആവശ്യത്തിനാണെന്നു വ്യക്തമാക്കി ഇതു പാസ്സാക്കേണ്ട ചുമതല ഈ സഭയ്ക്കുണ്ടു്. ഇതു ഗവമ്മെണ്ടിന്റെ ആവശ്യമായതുകൊണ്ടും രാജ്യത്തിന്റെ ആവശ്യമായതുകൊണ്ടും എതുകക്ഷിനേതാവു് ഇന്നലെ പറഞ്ഞതുപോലെ, പൊതുകാര്യങ്ങളിൽ മറ്റുകാര്യങ്ങൾ മാറ്റിവച്ചു പ്രവർത്തിക്കണമെന്ന ഇന്നലെ ഭക്ഷണകാര്യത്തെപ്പറ്റി പറഞ്ഞതുപോലെ, ഈ കാര്യം ഗവമ്മെണ്ടിന്റെ ആവശ്യമാണെന്നു കണ്ടതുകൊണ്ടു് മറ്റഭിപ്രായങ്ങൾ വിസ്മരിച്ചു ഏകോപിച്ചു് ഇതു പാസ്സാക്കാൻ സകല അംഗങ്ങളോടും അപേക്ഷിച്ചുകൊണ്ടു് ഞാൻ അവസാനിപ്പിക്കുന്നു.

മിസ്റ്റർ പി. സി. വക്കി: മിസ്റ്റർ പ്രസിഡണ്ടു് സർ, ഈ സഭയുടെ ആലോചനയ്ക്കു വിഷയമായിരിക്കുന്ന ബില്ലിനെപ്പറ്റി എന്തെങ്കിലും പറയുന്നതിനു മുമ്പു ഒരു സംഗതി

LIBRARY ARCHIVES Kerala Legislative Assembly

വിശദമാക്കാൻ ഞാനാഗ്രഹിക്കുന്നു. അതായതു ഗവമ്മേണ്ടിന്നു്, ഇപ്പോഠം ഭരണാധികാരത്തിലിരിക്കുന്ന മന്ത്രിമാക്കു് ഈ ബിൽ വേണൊ? ഇതു ഗവമ്മേണ്ടുഭാഗത്തുനിന്നു വിശദമാക്കിയാൽ കൊള്ളാം.

റാവുബഹദൂർ ടി. കെ. നായർ: ആവശ്യമാണു്.

മിസ്റ്റർ പി. സി. വക്കി: ഗവമ്മേണ്ടിന്റെ നില വ്യക്തമാക്കിയില്ലെങ്കിൽ അതായതു, ഗവമ്മേണ്ടിന്നു ഈ ബിൽ വേണം എന്നു പറഞ്ഞില്ലെങ്കിൽ പ്രതിപക്ഷകക്ഷി ഇതിനെ അനുകൂലിക്കാൻ ഭാവമില്ലെന്നു പറഞ്ഞില്ലേ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതു അതിനേപ്പറ്റിയുള്ള വിശദീകരണം കേട്ടിട്ടേ പറയാൻ നിവൃത്തിയുള്ളൂ.

മിസ്റ്റർ പി. സി. വക്കി: ഗവമ്മേണ്ടിനു വേണമെന്നു പറഞ്ഞു.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: വേണമെന്നു പറഞ്ഞാൽ പോരാ, എന്തിനുവേണ്ടി വേണം എന്നു പറയണം.

* മിസ്റ്റർ കെ. അയ്യപ്പൻ: ഗവമ്മേണ്ടിനു വേണമെന്നു പറഞ്ഞുവെങ്കിലും ഗവമ്മേണ്ടിനു അങ്ങിനെ വേണമെന്നു ഇന്നത്തെ ഗവമ്മേണ്ടിന്റെ എല്ലാ പാട്ടികളുംകൂടി യോജിച്ചു വിശദമാക്കീട്ടില്ല. അതിൽപ്പെട്ട ഒരു മെമ്പർ പരസ്യമായി പറയുന്നു 'ഞാൻ ഇതിനു് അനുകൂലിയല്ല' എന്നു്. അങ്ങിനെ പാട്ടിയിൽതന്നെ ഭിന്നാഭിപ്രായം. പിന്നെ, മിനിസ്റ്റർമാരിൽതന്നെ ഒരാൾ, മിസ്റ്റർ ബാലകൃഷ്ണമേനോൻ ഇതു വേണമെന്നു പറയുന്നില്ല. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ യഥാർത്ഥനിലയെപ്പറ്റിയുള്ള വിഷമം ഞാൻ മനസ്സിലാക്കാതെയിരിക്കുന്നില്ല. ബഹുമാനപ്പെട്ട ഗവമ്മേണ്ടിനു ഇതു വേണൊ എന്നു പറയണം. ഒരു പ്രധാനപ്പെട്ട കാര്യമായതുകൊണ്ടു ഇതു ഇന്നത്തെ ഗവമ്മേണ്ടിനു ആവശ്യമാണെന്നു വ്യക്തമായി പറയാതെ അതിനേപ്പറ്റിയുള്ള ഞങ്ങളുടെ നില വിശദമാക്കാൻ നിവൃത്തിയില്ല. ഈ ബിൽ കൊണ്ടുവന്നപ്പോഴത്തെ രാജ്യത്തിലെ സ്ഥിതിഗതികളെ പറ്റിയുള്ള പോലിസ് റിപ്പോർട്ടുകളും മറ്റും വെച്ചുകൊണ്ടാണു് അന്നത്തെ ഗവമ്മേണ്ടു ഇതു കൊണ്ടുവന്നതു്. അന്നു് ഇതു ആവശ്യമായിരുന്നുവെന്നുവെച്ചു് ഇന്നു ആവശ്യമാകണമെന്നില്ല. ഇന്നത്തെ പരിതഃസ്ഥിതിയിൽ ഇതാവശ്യമില്ലെന്നുവരാം. ഇതു ഇന്നു് ആവശ്യമാണൊ അല്ലയൊ എന്നു തീച്ചയാക്കാനുള്ളതു് ഗവമ്മേണ്ടും ആ ഗവമ്മേണ്ടിനെ വെച്ചുകൊണ്ടിരിക്കുന്ന പാട്ടിയുമാണു്. അതുകൊണ്ടു ഞങ്ങളുടെ അഭിപ്രായം മന്ത്രികക്ഷിയുടേയും ഗവമ്മേണ്ടിന്റേയും അഭിപ്രായം അറിഞ്ഞതിനുശേഷം മാത്രമെ പറയാൻ നിവൃത്തിയുള്ളൂ.

മിസ്റ്റർ പി. വി. സെബാസ്റ്റ്യൻ: മന്ത്രികക്ഷിയിൽനിന്നു കൊണ്ടുവന്നിട്ടുള്ള ഒരു ബിൽ മന്ത്രികക്ഷിയുടെ ഭൂരിപക്ഷാഭിപ്രായപ്രകാരമാണെങ്കിലും അതിൽപ്പെട്ട ചില ആളുകൾക്കു അഭിപ്രായവ്യത്യാസമുള്ളതുകൊണ്ടു അതു ഗവമ്മേണ്ടു ഭൂരിപക്ഷാഭിപ്രായത്തിന്റെ പേരിൽ ഇവിടെ കൊണ്ടുവരാൻ പാടില്ലെന്നാണൊ ബഹുമാനപ്പെട്ട മെമ്പർ പറയുന്നതെന്നു ഞാൻ ചോദിക്കുന്നു?

മിസ്റ്റർ കെ. അയ്യപ്പൻ: എന്നാൽ മന്ത്രി, ഉത്തരവാദിത്വം ഏറ്റാൽ മതി, അതേറ്റിട്ടില്ല.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: ഉത്തരവാദിത്വഭരണം ഉള്ള സമയത്തു വേറെ ഒരാൾ ഉത്തരവാദിത്വം ഏൽക്കാനുണ്ടൊ?

* റാവുബഹദൂർ ടി. കെ. നായർ: ആ ചോദ്യത്തിന്നു സമാധാനമൊന്നും പറയാനില്ല. ഇതു് എല്ലാവർക്കും മനസ്സിലായിട്ടുള്ള സംഗതിയാണു്. ഞങ്ങളോടു വാദിക്കണം. വാദിക്കണം എന്നു പറയുന്ന വാദങ്ങളും ഇവിടെനിന്നു പറയുന്ന വാദങ്ങളും അങ്ങോട്ടും ഇങ്ങോട്ടും മനസ്സിലാക്കുന്നുണ്ടു്. ഇതൊക്കെ ഗവമ്മേന്റിനു് ആവശ്യമാണു്. കഴിഞ്ഞതവണ അവരെല്ലാവരും ഇവിടെയിരിക്കുന്ന അവസരത്തിൽ ചില ആളുകൾ അതിനെതിരായിട്ടുള്ള അഭിപ്രായങ്ങൾ പ്രകടിപ്പിച്ചുപോയി. അവർ ആ അഭിപ്രായങ്ങൾ മാറുകയില്ല. അതു മാറണമെന്നാണു ഇപ്പോൾ പറയുന്നതു്. ഗവമ്മേണ്ടു ഉടഞ്ഞുപോവുകയാണെന്നുണ്ടെങ്കിലും ഞാൻ അതിനു തയ്യാറില്ല. ഇതേവരെ അഭിപ്രായം പ്രകടിപ്പിച്ചതിനുശേഷം മറ്റേതെങ്കിലും തരത്തിൽ ആ അഭിപ്രായത്തിനെതിരായിട്ടു് ഒരു കസ്സു

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

[Rao Bahadur T. K. Nayar:]

ത്തു കളിക്കണമെന്നു ആരെങ്കിലും പറഞ്ഞാൽ ഞാൻ അതിനു തയ്യാറില്ല. ഇനി ഗവ മ്മേണ്ടിന്റെ നില എന്താണു, എന്താണു എന്നു ചോദിച്ചിട്ടു ആവശ്യമില്ല. ഇതെസ രിച്ചുള്ള അഭിപ്രായം രൂപീകരിച്ചുകൊണ്ടു അവനവൻ തീർപ്പുയാക്കിയാൽ കൊള്ളാമെന്നു ള്ള അഭിപ്രായം മാത്രമേ എനിക്കു പറയുവാനുള്ളൂ.

മിസ്റ്റർ പി. സി. വക്കി: സർ, ഈ ബില്ലിനെപ്പറ്റി ഇവിടേയുണ്ടായ പ്രസ്താവന കളും പ്രസംഗങ്ങളും കേട്ടതിനുശേഷം രവിവർമ്മ വരച്ച വിശ്വാമിത്രന്റേയും മേനകയു ടേയും ചിത്രമാണു എന്റെ മനസ്സിലുദിക്കുന്നതു പ്രജാമണ്ഡലം കക്ഷിയും സോഷ്യലി സ്റ്റ് കക്ഷിയും പ്രോഗ്രസ്സീവു കക്ഷിയും അധികാരത്തിലിരുന്നിരുന്ന കാലത്തു കൊച്ചിൻ ക്യാബിനറ്റാകുന്ന പഞ്ചാലി പ്രസവിച്ചതാണു ഈ രാക്ഷസക്കുട്ടി. ഈ ബിൽ ആവ ശ്യമാണെന്നു ശ്രീ. നായർ പറയുന്നു. എന്നാൽ ഇതിന്റെ പിതൃത്വം ഏറ്റെടുക്കു വാൻ ആരുമില്ല. ഇപ്പോഴത്തെ എല്ലാ മന്ത്രിമാരും എല്ലാവരും ഇതിനെ അനുകൂലിക്കാ ന്നടയില്ലെന്നാണു എന്റെ വിശ്വാസം. പ്രതിപക്ഷകക്ഷി ഇതിനെ അനുകൂലിക്കാൻ ശങ്കിക്കുന്നു. പൊതുജനങ്ങൾക്കു ഇതു വേണ്ട. അങ്ങിനെ ആർക്കും വേണ്ടാത്ത ഒരു ബി ല്ലാണിതു. പിന്നെ ഇതാർക്കു വേണം? അധികാരത്തിൽ ഇരിക്കുന്നവർക്കുമാത്രം വേണം. അവർക്കില്ലാതെ ഇതു് ആർക്കും വേണ്ട.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തച്ഛൻ: ഈ ഭാഗത്തുനിന്നും ഈ ബില്ലിനെ എതിർക്ക കയില്ല.

മിസ്റ്റർ പി. സി. വക്കി: എന്നാൽ അതു് ഇന്നലെ വിശദമാക്കാമായിരുന്ന നിങ്ങൾക്കു്. ഇപ്പോൾ പ്രീമിയർ പറയുന്നു ഗവമ്മേണ്ടിനു ഇതു വേണമെന്നു! ആ ഗവമ്മേ ണ്ടിൽതന്നെ അഭിപ്രായവ്യത്യാസമുണ്ടെന്നു എനിക്കറിയാം. ഈ രാക്ഷസക്കുട്ടിയുടെ അ ച്ഛൻ ഞാനാണെന്നു പറയുവാൻ ഓരോരുത്തർക്കും ഒരു ശങ്ക.

മിസ്റ്റർ പറമ്പി ലോനപ്പൻ: വളർത്തുകുട്ടിയാണു്.

മിസ്റ്റർ പി. സി. വക്കി: മറുഭാഗത്തിരിക്കുന്നവർ ഗവമ്മേണ്ടിന്റെ നിലയെന്താ ണെന്നു ചോദിച്ചു. അതു പറയാൻ അവർക്കും ഒരു ശങ്ക. പിന്നെ ഈ കുട്ടിയെ ആരു രക്ഷിക്കും? വേഗ്രൻസി ആകുട്ടി പ്രകാരം വല്ല അനാഥശാലയിലും താമസിപ്പിക്കേണ്ടി വരും. ചുരുക്കിപറഞ്ഞാൽ അച്ഛനില്ലാത്ത ഒരു അനാഥകുട്ടിയാണിതു. അനാഥയാ ണെങ്കിലും ഒരു രാക്ഷസക്കുട്ടി ആർക്കും വളർത്തുപുത്രനായിട്ടു സ്വീകരിച്ചു സംരക്ഷിക്കുവാൻ ഗുണമുള്ള ഒരു കുട്ടിയല്ല ഇതു.

എന്നെ പത്രപ്രവർത്തകന്മാരുടെ പ്രതിനിധിയായി ഈ കൌൺസിലിലേക്കു നോമി നേറ്റചെയ്ത ഗവമ്മേണ്ടിനോടു്, പ്രത്യേകിച്ചു മുൻപ്രധാനമന്ത്രിയോടു് പത്രപ്രവർത്തക സംഘത്തിന്റെ പേരിൽ ഞാൻ കൃതജ്ഞത പ്രകാശിപ്പിച്ചുകൊള്ളുന്നു. പത്രപ്രവർത്തക ന്മാരോടുള്ള പ്രത്യേകാദരമാണു് ഈ പ്രവൃത്തിയാൽ ഗവമ്മേണ്ടു പ്രത്യക്ഷപ്പെടുത്തിയിരി ക്കുന്നതു്. എന്നാൽ ഞാൻ ഒരു മാപ്പുസാക്ഷിയായിട്ടല്ല ഇവിടെ വന്നിരിക്കുന്നതെന്നു ധരിക്കേണ്ടതാണു്. ഗവമ്മേണ്ടു എന്നെ നാമകരണം ചെയ്യുതിൽ ഹൃദയപൂർവ്വമായ നന്ദി യുണ്ടെങ്കിലും, ആർക്കും വേണ്ടാത്ത ഈ ബില്ലിനെ എന്നേയും എന്റെ സഹപ്രവർത്തകന്മാ രുടേയും പേരിൽ ഞാൻ സർവ്വശക്തിയോടുകൂടി എതിർക്കുന്നു. ഈ ബില്ലിൽ പത്രങ്ങ ളേയും, പത്രപ്രവർത്തകന്മാരേയും സംബന്ധിച്ചുള്ള കർക്കശമായ വ്യവസ്ഥകളെപ്പറ്റിയാണു പ്രധാനമായി പ്രതിഷേധം രേഖപ്പെടുത്തേണ്ടിയിരിക്കുന്നതു്. ചില സംഘടനകൾ ഇതാവശ്യമാണെന്നുള്ള അഭിപ്രായം പറപ്പെടുവിച്ചിരിക്കെ, എന്തുകൊണ്ടാണു് ഇതു് ആർക്കും വേണ്ടാത്ത ബില്ലാണെന്നു പറയുന്നതെന്നു നിങ്ങൾ അത്ഭുതപ്പെട്ടേക്കാം. ഈ ബില്ലിന്റെ പൂർവ്വചരിത്രം കേൾക്കുമ്പോൾ ഞാൻ പറഞ്ഞതു ശരിയാണെന്നുനി ങ്ങൾക്കു ബോദ്ധ്യമാകും. ശ്രീ. ടി. കെ. നായർ പ്രധാനമന്ത്രിയായപ്പോൾ ഇതു വേ ണം. എന്നാൽ ശ്രീ ടി. കെ. നായർ ജനപ്രതിനിധിയായിരുന്നപ്പോൾ ഇതാവശ്യമില്ലാ യിരുന്നു. ശ്രീ പനമ്പിള്ളി ഗോവിന്ദമേനോൻ പ്രധാനമന്ത്രിയായപ്പോൾ ഇതുവേണം. എ ന്നാൽ ശ്രീ പനമ്പിള്ളി ഗോവിന്ദമേനോൻ ജനപ്രതിനിധിയായിരുന്നപ്പോൾ ഇതാവശ്യ മില്ലായിരുന്നു. ശ്രീ കെ. അയ്യപ്പൻ മന്ത്രിയായിരുന്നപ്പോൾ ഇതു വേണം. ജനപ്രതിനി

* Speech not corrected by the Hon'ble Memebr.

LIBRARY ARCHIVES Kerala Legislative Assembly

ധിയായിരുന്നപ്പോൾ ഇത്തരം ബില്ലിനെ അദ്ദേഹം ശക്തിയുക്തം പ്രതിഷേധിക്കുകയുണ്ടായിട്ടുണ്ട്.

മിസ്റ്റർ കെ. അയ്യപ്പൻ: യാതൊരു ആവശ്യവുമില്ല. വേണമെന്നുണ്ടെങ്കിൽ അഞ്ചെ അറേംവരെ വേണമെന്നതന്നെ പറയും. അതു ഇപ്പോഴും പറയും.

മിസ്റ്റർ പി. സി. വക്കി: ഞാൻ പറഞ്ഞതിനു നിയമസഭാപ്രൊസീഡിംഗ്സ്തന്നെ തെളിവാണ്. ഞാൻ ആദ്യം പറഞ്ഞു അധികാരത്തിലിരിക്കുന്നവക്കേ ഈ ബിൽ വേണ്ടു എന്നു്. അധികാരം ഇല്ലാത്ത കാലത്തു ഇവരെല്ലാം ഇങ്ങിനേയുള്ള ബില്ലിനെ ശക്തിയായി പ്രതിഷേധിച്ചിട്ടുണ്ടെന്നു നിയമസഭാപ്രൊസീഡിംഗ്സിൽ കാണും. ൧൯൪൯-ൽ ഇതിനേക്കാൾ കുറ്റംശത കുറഞ്ഞ പ്രസ്സുബിൽ ഈ സഭയിൽ ഗവണ്മെണ്ടു അവതരിപ്പിച്ചു. അതുകാലത്തു കൂടിയ Special Finance Committee-ൽ നിന്നു് പ്രസ്തുത ബില്ലിനോടുള്ള പ്രതിഷേധം പ്രകടിപ്പിക്കാൻ മിസ്റ്റർ സി. ആർ. ഇയ്യുണ്ണിയും, മിസ്റ്റർ ഇബ്രാഹിമും വാക്കൌട്ടുചെയ്തു. അതിനുമുമ്പൊരിക്കലും സ്റ്റെഷ്യൽ ഫിനാൻസ്സുകമ്മിറ്റിയിൽ വാക്കൌട്ടുണ്ടായിട്ടില്ല. അപ്പോൾ ആ സ്നേഹിതന്മാർക്കു് പത്രസ്വാതന്ത്ര്യത്തിലുള്ള ആസക്തി എത്രമാത്രമാണെന്നു ഊഹിക്കാമല്ലൊ. അതിനുശേഷം സമ്മേളിച്ച നിയമസഭായോഗത്തിൽ പ്രസ്തുത ബില്ലിനെ പ്രതിഷേധിക്കാനായി ശ്രീ ടി. കെ. നായർ ഒരു അടിയന്തിരപ്രമേയം കൊണ്ടുവന്നു. പ്രസിഡണ്ടു് ആ പ്രമേയത്തിനു അവതരണാനുമതി നല്കാഞ്ഞതിനെ തുടർന്നു ശ്രീ ടി. കെ. നായർ, ശ്രീ അയ്യപ്പൻ, ശ്രീ ഇയ്യുണ്ണി, ശ്രീ പനമ്പിള്ളി ഗോവിന്ദമേനോൻ ഉൾപ്പടെ അന്നു ൧൫ മെമ്പർമാർ കൌൺസിലിൽനിന്നു വാക്കൌട്ടുചെയ്തു, അങ്ങിനെ ചെയ്തിട്ടില്ലെന്നു പറയാൻ അവർ ഒരുക്കമുണ്ടോ എന്നു ഞാൻ അവരോടു് ചോദിക്കുന്നു?

മിസ്റ്റർ കെ. അയ്യപ്പൻ: അന്നത്തെ പരിതസ്ഥിതിയിൽ ഇതു ആവശ്യമില്ലാത്തതുകൊണ്ടാണു് പറഞ്ഞതു്.

മിസ്റ്റർ പി. സി. വക്കി: ശ്രീ പനമ്പിള്ളി ഗോവിന്ദമേനോൻ അന്നു പറഞ്ഞ മറുപടിയാണു് ഞാൻ ഇവിടെ ഉദ്ധരിക്കുവാൻ പോകുന്നതു്. അദ്ദേഹം പറഞ്ഞു "ഈ തരം ബിൽ ബ്രിട്ടീഷിലുണ്ടു്; തിരുവിതാംകൂറിലുണ്ടു്; എന്നൊക്കെ ലാമെമ്പർ പറയുന്നു. എന്നാൽ ഈ ബിൽ ഇവിടെ അത്യാവശ്യമാണോ? ചിലരുടെ വാക്കുകളൊക്കെ ഉദ്ധരിച്ചുകൊണ്ടു് ഇങ്ങിനെയുള്ള ഒരു മർദ്ദനനിയമം സാധുകരിക്കാൻ ശ്രമിക്കുന്നതു് ഒരിക്കലും ശരിയല്ല. ചെകുത്താൻ ബൈബിൾ കോട്ടുചെയ്യുന്നതുപോലെയാണു് ലോമെമ്പർ ചിലരുടെ അഭിപ്രായങ്ങൾ ഇവിടെ എടുത്തുകാണിക്കുന്നതു്." അദ്ദേഹവും കൂട്ടമന്ത്രിമാരും അധികാരത്തിൽ വന്നപ്പോൾ മുമ്പിലത്തേക്കാൾ അധികം കഠിനമായ മർദ്ദനനിയമം വേണം. ജനപ്രതിനിധികളായിരുന്നപ്പോൾ അവക്കു് അതു വേണ്ടായിരുന്നു. ചുരുക്കിപ്പറഞ്ഞാൽ അധികാരത്തിലിരിക്കുമ്പോൾ സേച്ഛാധിപത്യം നടത്താൻ അവക്കു താല്പര്യമുണ്ടെന്നു പറയാൻ മറുള്ളവർ നിർബ്ബന്ധിതരാകുന്നു. ഏതായാലും ഈ ബിൽ പൊതുജനങ്ങൾക്കു ആവശ്യമില്ലെന്നു പല പ്രകാരത്തിലും ഇതിനകം പ്രകാശിപ്പിച്ചുകഴിഞ്ഞു. ഈ നിയമസഭയിലുള്ള പ്രജായത്തപ്രേമികളായ മെമ്പർമാരിൽ ഒരാൾക്കും ഇതിനെ അനുകൂലിക്കുക സാദ്ധ്യമല്ല. പരിതസ്ഥിതികളെപ്പറ്റി മിസ്റ്റർ കെ. അയ്യപ്പൻ പറഞ്ഞു. എന്നാൽ ഇത്ര കഠിനവും മർദ്ദനപരവുമായ ഒരു ബിൽ കൊണ്ടുവരാനുള്ള ഒരു പരിതസ്ഥിതി ഇപ്പോഴും കൊച്ചിയിൽ ഉണ്ടായിട്ടില്ലെന്നാണു് എനിക്കു് പറയുവാനുള്ളതു്. സർദാർ പട്ടേൽ ഇതുപോലെയുള്ള ഒരു ബിൽ ഈയിടെ ഇൻഡ്യൻ ഡൊമിനിയൻ അസംബ്ലിയിൽ പാസ്സാക്കിയെന്നു ശ്രീ പനമ്പിള്ളി ഗോവിന്ദമേനോൻ പറഞ്ഞു. അതു ശരിയാണു്. ഉത്തരഭാരതത്തിൽ എത്രസഹസ്രം ആളുകളാണു് സമുദായലഹളമൂലം കൊല്ലപ്പെട്ടിട്ടുള്ളതു്? എത്രലക്ഷം ആളുകൾ വീടും നാടും വിട്ടു പോകേണ്ടിവന്നിട്ടുണ്ടു്? അത്രവലിയ ഒരു ഭയങ്കരസ്ഥിതി ഇവിടെ ഉണ്ടായിട്ടുണ്ടായെന്നു് ഞാൻ ചോദിക്കുന്നു?

മിസ്റ്റർ പി. കെ. ഡീവർ: അതിനു അവിടെയുള്ള പത്രങ്ങൾ എന്തുപിഴച്ചു?

മിസ്റ്റർ പി. സി. വക്കി: സർദാർ പട്ടേലിന്റെ ഒരു Speech വായിച്ചുനോക്കുക. ലണ്ടനിൽ പ്ലീറ്റ് സ്ട്രീറ്റിലെ പത്രാധിപന്മാരെ സ്വാധീനമാക്കാൻ ഇൻഡ്യാഗവണ്മെണ്ടു് നാല്പതു സുന്ദരികളായ യുവതികളെ അങ്ങോട്ടയച്ചുകൊടുത്തിട്ടുണ്ടെന്നു ഇന്ത്യയിലെ ഒരു പത്രം എഴുതിയിരുന്നുവെന്നു സർദാർ പട്ടേൽ തന്റെ അസംബ്ലിപ്രസംഗത്തിൽ പറയുകയുണ്ടായി. അതിനുംപുറമെ അവിടത്തെപ്പോലെ വർഗ്ഗീയമത്സരം ശക്തിയായിട്ടു് ഇവി

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. C. Varki]

ടെ ഏവിടെയെങ്കിലും കണ്ടിട്ടുണ്ടോ? കൊച്ചിയിൽ വർഗ്ഗീയമത്സരമുണ്ടോ? നമ്മൾ ഏ കോദരസഹോദരങ്ങളെപ്പോലെ ഒരു കുടുബത്തിലെ അംഗങ്ങളെപ്പോലെ സൗഹാർദ്ദത്തോ ടുകൂടിയല്ലേ ജീവിക്കുന്നത്? പിന്നെ എന്തു പരിതസ്ഥിതിമൂലമാണ് ഈ നിയമം ഇവിടെ നടപ്പാക്കേണ്ടിവന്നിട്ടുള്ളത്? സർദാർ പട്ടേൽ അവിടെ ഈ നിയമം കൊണ്ടുവന്നതു് പ ത്രങ്ങളുടെയും സമുദായവാദികളുടെയും പ്രേരണമൂലം ലക്ഷക്കണക്കിനു കൊലകളും, കൊ ള്ളകളും നടക്കുന്ന പരിതസ്ഥിതികൊണ്ടുമാത്രമാണ്. അതിനുമുമ്പു് അവരാരും ഈ നിയ മം അവിടെ കൊണ്ടുവന്നില്ല. ഇവിടെ അതുപോലെയുള്ള കൊലപാതകവും, വർഗ്ഗീയമ ത്സരവും ഉള്ളതായിട്ടു തെളിയിക്കാമോ? വല്ല കാരണവശാലും ലഹള ഉണ്ടായിട്ടുണ്ടായി രിക്കാം. അതുകൊണ്ടുമാത്രം ഈ നിയമം ഇവിടെ പാസ്സാക്കുവാൻ ഒരു പരിതസ്ഥിതി ഉണ്ടെന്നു് ആരെങ്കിലും വിശ്വസിക്കുന്നുണ്ടോ? പിന്നെ ഈ ബില്ലിന്റെ ദുഷ്യവശങ്ങളെപ്പ റ്റി ഓരോരോന്നോരോന്നായി എടുത്തു വിശകലനം ചെയ്തിട്ടു് ആവശ്യമില്ലെന്നു തോന്നുന്നു. വാഗ്വിലാസംകൊണ്ടു് അനുഗ്രഹീതനായ ബഹുമാനപ്പെട്ട വടക്കാഞ്ചേരി മെമ്പർ മൂന്നു മീറ്റിംഗിലായിട്ടു് അവയെപ്പറ്റി പ്രസംഗിച്ചു. അദ്ദേഹത്തിന്റെ പ്രസംഗങ്ങളിൽ ബില്ലി ലെ ഓരോ വകുപ്പിന്റെയും ദുഷ്യവശങ്ങളെപ്പറ്റി പ്രത്യേകം പ്രത്യേകം പറയുകയുണ്ടായി. ഞാൻ അതു് ആവർത്തിച്ചു് ഈ സഭയുടെ വിലയേറിയ സമയം കളയുവാൻ ഉദ്ദേശിക്കുന്നില്ല. ഒരു സംഗതി പ്രത്യേകം പറയേണ്ടതുണ്ടു്. ഏതെങ്കിലും ഒരു വിഷയത്തെപ്പറ്റി ഒരു ലേഖ നം പ്രസിദ്ധപ്പെടുത്തുന്നതിനുമുമ്പു് പത്രാധിപന്മാർ അതു് സെൻഷറിനു് അയച്ചുകൊടു ക്കണമെന്നുള്ളതിനെപ്പറ്റിയാണതു്. സെൻഷർ പറയുന്നതുപോലെ പത്രാധിപർ പ്രവൃ ത്തിക്കണം. ഈ നിയമം നടപ്പിൽ വരികയാണെങ്കിൽ പത്രങ്ങളെല്ലാം Nationalise ചെയ്യുകയാണു് നല്ലതു്. ഇപ്പോൾ ദേശീയവല്ക്കരണത്തിന്റെ കാലമാണല്ലൊ. പത്രങ്ങ ളെല്ലാം ഗവൺമെണ്ടു് ഏറ്റെടുത്തു നടത്തുക. പത്രസ്വാതന്ത്ര്യത്തിന്റെ മൌലികാവകാശ ത്തെ ഹനിക്കുന്ന ഒരു ഏർപ്പാടാണ് ഈ സെൻഷറിങ്ങു് സമ്പ്രദായം. പത്രങ്ങൾക്കു് ഇതു യും സ്വാതന്ത്ര്യമേ അനുവദിക്കുകയുള്ളുവെന്നു് കൊച്ചിഗവൺമെണ്ടു് തീരുമാനിക്കുകയാണെ ങ്കിൽ, ഈ നാട്ടിൽ പത്രം ഉണ്ടായിട്ടു കാര്യമില്ല. എല്ലാം ഗവൺമെണ്ടുഗസ്സറ്റുകളാവട്ടെ. ഗവൺമെണ്ടിനു ഇഷ്ടമുള്ള പ്രസ്സ്നോട്ടുകളും, കല്പനകളും മാത്രമേ പ്രസിദ്ധപ്പെടുത്താൻ ക ഴിവുണ്ടാകയുള്ളു. സ്വാതന്ത്ര്യമായിട്ടു് ഒരു അഭിപ്രായം പ്രസിദ്ധീകരിക്കുവാൻ പത്രങ്ങൾ ക്കു് അവകാശമില്ലെന്നുവന്നാൽ പിന്നെ അങ്ങിനെയുള്ള പത്രങ്ങളെക്കൊണ്ടു് എന്താണ് പ്ര യോജനം? പൌരന്മാരുടെ നാലു് മൌലികാവകാശങ്ങൾക്കു് കടകവിരുദ്ധമായിട്ടുള്ളതാണ് ഈ ബിൽ. പ്രസംഗസ്വാതന്ത്ര്യം, പത്രപ്രവർത്തനസ്വാതന്ത്ര്യം, ആരാധനാസ്വാതന്ത്ര്യം, സംഘടനാസ്വാതന്ത്ര്യം എന്നിങ്ങനെയുള്ള നാലു സ്വാതന്ത്ര്യത്തേയും ഹിംസിക്കുന്ന ഒരു നി യമം നടപ്പിലാക്കുവാൻ മതിയുകയാണെങ്കിൽ, അമ്പതുകൊല്ലത്തോളം പൌരാവകാശങ്ങൾ ക്കുവേണ്ടി പോരാടികൊണ്ടിരുന്ന എന്റെ സ്വൽശക്തിയോടുംകൂടി എനിക്കു അതിനെ എ തുക്കാതെ നവ്വത്തിയില്ല; ശക്തിയായി പ്രതിഷേധിക്കാതേയും നിവൃത്തിയില്ല.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: ഈസമയത്തു് കൊച്ചിരാജ്യത്തു് പത്രസ്വാത ന്ത്ര്യമുണ്ടോ?

മിസ്റ്റർ പി. സി. വർക്കി: ഇപ്പോൾ കുറെയൊക്കെയുണ്ടു്. മുഴുവനായിയെന്നു ഞാ ൻ പറയുന്നില്ല. പത്രങ്ങളെ എന്തിനു് ഇത്രയധികം ഭയപ്പെടുന്നു? അവയിൽ വല്ല അ ബദ്ധപ്രസ്താവനയുമുണ്ടായാൽ അതിനു മറുമരുന്നുണ്ടു്. തെറ്റായിട്ടുള്ള പ്രസ്താവനകൾ പ ത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തിയാൽ അതിനെ ഖണ്ഡിച്ചു പബ്ലിസിറ്റി ഡയറക്ടർക്കു് എഴു താവുന്നതാണ്. അങ്ങിനെ ഖണ്ഡച്ചെഴുതുകയാണെങ്കിൽ ഏതു പത്രക്കാരും ആ ഗവൺമെ ണ്ടു് പ്രസ്താവന പ്രസിദ്ധപ്പെടുത്തുന്നതിനു വിരോധം പറയുകയില്ല. പബ്ലിസിറ്റി ഡ യറക്ടരുടെ പ്രസ്താവനകൾ പ്രസിദ്ധപ്പെടുത്തുവാൻ പത്രക്കാർ തയ്യാറാണ്. പത്രങ്ങളുടെ അവാസ്തവപ്രസ്താവനയ്ക്കുള്ള ഉപശാന്തി ഇത്തരം മർദ്ദനനിയമങ്ങളല്ല; പട്ടാളനിയമങ്ങള ല്ല. കൊച്ചിയിൽ എവിടെയെങ്കിലും കുറച്ചു് അസ്വസ്ഥത ഉണ്ടായിട്ടുണ്ടായിരിക്കാം. ഞാ ൻ അതു് അനിഷേധിക്കുന്നില്ല. അതു് ഡെമോക്രസിയുടെ വളർച്ചയുടെ ലക്ഷണമാണ്. എവിടെ പ്രജായത്തഭരണം വളർന്നുവരുന്നുവോ, അവിടെ ജനങ്ങളുടെയിടയിൽ രാഷ്ട്രീയപ്ര ബുദ്ധതയെ പ്രദർശിപ്പിക്കുമാറു് കുറച്ചു കൊള്ളരുതായ്മയൊക്കെ ഉണ്ടാകും. അതു ഇവിടെ തന്നെയല്ല; മറ്റെല്ലാരാജ്യങ്ങളിലുമുള്ളതാണ്. കൌൺസിലുകളിൽകൂടി കൊള്ളരുതായ്മക ളും നടന്നിട്ടുണ്ടു്. ഡെമോക്രസി ഉന്നതനിലയിൽ വളർന്നുവരുന്ന രാജ്യങ്ങളിലെ ആളുകളും അ വരുടെ അഭിപ്രായസ്വാതന്ത്ര്യം പ്രകടിപ്പിക്കുന്നതിനിടയിൽ നിയമസഭകളിൽവച്ചുപോലും

LIBRARY ARCHIVES Kerala Legislative Assembly

എത്ര കസേരകളുടേയും മേശകളുടേയും കാലുകൾ ഒടിക്കുവാൻ ഇടയായിട്ടുണ്ട്. എത്ര അടിയും ഇടിയും നടത്തിട്ടുണ്ട്. അതിനെയൊന്നും ഭയപ്പെട്ടിട്ട് കാര്യമില്ല. പ്രക്ഷോഭണങ്ങൾ ദേശീയചൈതന്യത്തിന്റെ ലക്ഷണമായി കണക്കാക്കുന്നവരുണ്ട്. എന്നാൽ അതു് ആരാണ് സാമാന്യജനങ്ങളെ പഠിപ്പിച്ചതു്? ഉത്തരവാദിത്വഭരണം പിടിച്ചുപറ്റണമെന്നൊക്കെപറഞ്ഞ നേതാക്കന്മാർതന്നെയാണ് പാവപ്പെട്ട ജനങ്ങളെ വഴിപിഴപ്പിച്ചതു് ആ നേതാക്കന്മാർതന്നെ അവരെ നേർവഴിക്കു തിരിച്ചുവിടട്ടെ. സ്നേഹിതന്മാരെ! നിയമം ലംഘിക്കരുത്; ന്യായമായ എതിർപ്പു പ്രകടിപ്പിക്കണം, അനാവശ്യമായ പ്രക്ഷോഭണം രാജ്യത്തിനു ഗുണകരമല്ല എന്നൊക്കെ ചുമതലപ്പെട്ട നേതാക്കന്മാർതന്നെ ഉപദേശിക്കട്ടെ. പൊല്ലീസ്സിനെകൊണ്ടു് അടിപ്പിച്ചും, ഇടിപ്പിച്ചും ജയിലിലേക്കു് അയക്കുകയല്ലാ വേണ്ടതു്. ആശന്മാർതന്നെ ശിഷ്യന്മാരെ നന്നാക്കുവാൻ നോക്കണം.

മിസ്റ്റർ പറമ്പിലോനപ്പൻ: അപ്പോൾ വേറെ ആശാന്മാർ വേണ്ടിവരും.

മിസ്റ്റർ പി. സി. വക്കീ: നല്ല ആശാന്മാർ മുമ്പോട്ടുവരുമ്പോൾ ചീത്ത ആശാന്മാർ പിന്നോക്കം പോകും. ഞാൻ ഒരു സംഭവത്തെപ്പറ്റി പറയാം. അതു് ആരേയും ആക്ഷേപിക്കുവാൻ വേണ്ടി പറയുന്നതല്ല. മട്ടന നിയമം ഏർപ്പെടുത്തി ഭരിക്കാമെന്നു് വിചാരിക്കുന്നവർ ഇറാലിയിലെ പ്രധാനമന്ത്രിയായിരുന്ന കാവൂർ പറഞ്ഞതു് ഓർമ്മിക്കണം. ഒരിക്കൽ അവിടത്തെ ജനങ്ങളുടെ ഇടയിൽ ശക്തിയായ പ്രക്ഷോഭണവും തജ്ജന്യമായ അസ്വസ്ഥതയും ഉണ്ടായി. അപ്പോൾ അദ്ദേഹത്തിന്റെ ഒരു സ്നേഹിതൻ പറഞ്ഞു ഹേ, പ്രധാനമന്ത്രി, നമുക്കു് തല്ക്കാലം ഒരു പട്ടാള നിയമം ഏർപ്പെടുത്താം അതല്ലാതെ പ്രക്ഷോഭണം ശമിപ്പിക്കാൻ വേറെ മാർഗ്ഗമൊന്നും കാണുന്നില്ല എന്നു് അപ്പോൾ പ്രധാനമന്ത്രി, "പട്ടാളനിയമംകൊണ്ടു ഭരിക്കുവാൻ എത്ര കഴുതയ്ക്കാണു് കഴിയാത്തതു്" എന്നാണു ചോദിച്ചതു്. അതുകൊണ്ടു്, ബഹുമാനപ്പെട്ട മന്ത്രിമാരെ, ഇനി വരാനിരിക്കുന്ന മന്ത്രിമാരെ, നിങ്ങളാരും കഴുതകളാകരുതേ എന്നാണു് എനിക്കു് പറയുവാനുള്ളതു്. നിങ്ങളിൽ ചിലർ ജനങ്ങളെ പ്രജായത്ത സിദ്ധാന്തത്തിന്റെ പേരിൽ പ്രക്ഷോഭണം പഠിപ്പിച്ചു, ജാഥനടത്താൻ പഠിപ്പിച്ചു, നിയമം ലംഘിക്കാൻ പഠിപ്പിച്ചു. ഇനി നിങ്ങൾ അവരെ നേർവഴിക്കു നയിക്കുക. അവരുടെ പേരിൽ എന്തെങ്കിലും കുറ്റങ്ങളുണ്ടെങ്കിൽ അതു മാറ്റാൻ ശ്രമിക്കുക. ജനങ്ങളോടു് ഇടപെട്ട അവർക്കു് നല്ല ഉപദേശം നല്കുക. ഇതാണു് നിങ്ങൾ ചെയ്യേണ്ടതു്. അല്ലാതെ ഈ കാട്ടാളനിയമം ഒരോരുത്തരുടേയും തലയിൽ കെട്ടിവെയ്ക്കുമെന്നു് വിചാരിക്കുന്നതു് വലിയ അബദ്ധമാണു്. നിങ്ങൾ പൊതുജനങ്ങളെ സമീപിക്കേണ്ടതായ കാലം അടുത്തിരിക്കുന്നു. നിങ്ങളെല്ലാവരും ജനങ്ങളുടെ വോട്ടുതേടിക്കുവാൻ പോകേണ്ടിവരും, അന്നു് അവരോടനുഭാഷയിൽ വിരൽ ചൂണ്ടികൊണ്ടു്, ഇതാ പൌരന്മാരുടെ മൌലികാവകാശത്തെ ഹനിച്ച ഘാതകന്മാർ വരുന്നുവന്ന പൌരന്മാർ പറയുവാനിടയാകും. അതുകൊണ്ടു് അങ്ങിനെയുള്ള അവഹേളനത്തിന്നിടയാകാതിരിക്കണമെങ്കിൽ ഞാൻ പറയുന്ന ഇത്തരം പട്ടാളനിയമം നമ്മുടെ കൊച്ചിയിൽ ഏർപ്പെടുത്തരുതെന്നു്. നമ്മൾ മറ്റു രാജ്യക്കാരെപ്പോലെയല്ല. പല ഏകദ്ദേശ്യരാജ്യകാരോടു് താരതാമ്യപ്പെട്ടത്തിനോക്കുമ്പോൾ നമ്മുടെ ജനങ്ങൾ കൂടുതൽ വിദ്യാഭ്യാസമുള്ളവരാണു്. അവരെ ഇത്തരം പട്ടാള നിയമംകൊണ്ടു അടിച്ചമർത്തരുതെന്നു് ഉൽബോധിപ്പിച്ചുകൊണ്ടു് എന്റെ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

*മിസ്റ്റർ കെ. എച്ചു്. സുലൈമാൻ; സർ, ഞാൻ ഈ ബില്ലിനെ എതിർക്കുന്നു. ശ്രീ കുമരനെഴുത്തശ്ശൻ അവർകൾ പറഞ്ഞതനുസരിച്ചു സകല മർദ്ദനങ്ങളുടേയും സമാഹാരമായ ഈ ബില്ലിനെ ഞാൻ കഠിനമായിട്ടു പ്രതിഷേധിക്കുന്നു. ഈ ബില്ലിനെ അപഗ്രഥിച്ചുകൊണ്ടു രണ്ടുമൂന്നു ദിവസങ്ങളിലായി ബഹുമാനപ്പെട്ട വടക്കാഞ്ചേരി മെമ്പർ സാരവത്തായ പല പ്രസ്താനകളും ചെയ്തിട്ടുള്ളസ്ഥിതിക്കു് കൂടുതൽ വിശകലനം ചെയ്തു ഈ സഭയുടെ സമയം കളയേണ്ടതായ ആവശ്യമുണ്ടെന്നു തോന്നുന്നില്ല. എങ്കിലും ജനപ്രതിനധികളുടെ ധാർമ്മികമായ ചുമതലാബോധത്തിന്റെ ഫലമായി ഏന്റെ കടമ നിർവ്വഹിക്കുവാൻ മാത്രമാണു് ഞാൻ ഉദ്ദേശിക്കുന്നതു്. നമുക്കു പലവിധത്തിലുള്ള വിഷമതകളും ജീവിതത്തിൽ നേരിട്ടിരിക്കുന്ന ഈയവസരത്തിൽ ബഹുമാനപ്പെട്ട കോമേഴ്സ് മെമ്പർ അവർകൾ ഇന്നലെ ഒരു നിർദ്ദേശം നല്കുകഴിഞ്ഞു. ഉപയോഗിക്കുവാൻ പാടില്ലെന്നു പറയുന്ന ഭക്ഷണസാധനമെങ്കിലും തന്നാൽ ഉപയോഗിച്ചുകൊള്ളാമെന്നാണു് പറയുന്നതു്. ചില ഭാഗങ്ങളിൽ പ്രാഥമികമായ പൌരാവകാശസ്വാതന്ത്ര്യം ഇല്ലാതെ വന്നാൽ, ഈ നാട്ടിൽ പരിപൂർണ്ണഉത്തരവാദിത്വഭരണം ഉണ്ടെന്നു പറയുന്നതിൽ

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. H. Sulaiman]

എന്തു യഥാർത്ഥമാണുള്ളതെന്നു് ഞാൻ ചോദിക്കുന്നു? ബഹുമാനപ്പെട്ട മൻമന്ത്രി ഇന്നലെ സ്ഥാപിച്ചു കഴിഞ്ഞു ഗവൺമെണ്ടിനെ അധികാരത്തിൽ അലങ്കരിക്കുവാൻ വേണ്ടിയാണു് ഈ ബിൽ നിയമമാക്കി കൊണ്ടുവരുവാൻ ശ്രമിക്കുന്നതെന്നു്. എന്നാൽ പെട്ടെന്നാരേയും, ബഹുജനങ്ങളേയും ധിക്കരിച്ചുകൊണ്ടു് അവരുടെ അവകാശത്തിന്മേൽ കൈവെച്ചുകൊണ്ടിരിക്കുന്നതു സാഹസമാണു്. ജനങ്ങൾക്കു് ആവശ്യമില്ലാത്ത ഒരു ബിൽകൊണ്ടുവരുന്ന ഗവൺമെണ്ടു് ജനകീയ ഗവൺമെണ്ടാണെന്നു് പറയുവാൻ നിവൃത്തിയില്ല. ഒരു സംഗതി പ്രധാനമായിട്ടു അന്തിക്കാട്ടെപ്പോലെയുള്ള ഒരു പരിതസ്ഥിതി ഇനിയും ഉണ്ടാകുമെന്നുള്ള ആശങ്കയുടെ ഫലമായിട്ടു ഒരു ശാശ്വതമായി കരിനിയമം ഉണ്ടാക്കണമെന്നുള്ളതുകൊണ്ടാണോ ഈ ബിൽ ഗവൺമെണ്ടു കൊണ്ടുവന്നിരിക്കുന്നതെന്നു് സംശയിക്കേണ്ടിയിരിക്കുന്നു. ഒരു കാര്യം മാക്കണം. അന്തിക്കാടും, വയലാറും മറ്റും മനുഷ്യായുസ്സിൽ ഉണ്ടായേക്കാവുന്ന ഒരു സംഭവവികാസം മാത്രമാണു്. ആ അപൂർവ്വസംഭവത്തെ മാത്രം അടിസ്ഥാനപ്പെടുത്തി, മനുഷ്യരെല്ലാം ഇങ്ങിനെയുള്ള ഒരു കരിനിയമത്തിന്റെ കീഴിൽ ജീവിക്കുകയെന്നുള്ളതു് ഉല്ലാസമായിട്ടുള്ള ഒന്നാണു്.

The House rose for lunch at 1-30. p. m. and re-assembled at 2-30. p. m. with the Hon'ble President in the Chair.

* മിസ്റ്റർ കെ. എച്ചു്. സുലൈമാൻ: സർ, മിസ്റ്റർ പി. സി. വക്കിയുടെ ഭാഷയിൽ പറയുകയാണെങ്കിൽ പാഞ്ചാലി പ്രസവിച്ചു ഒരു രാക്ഷസക്കുട്ടിക്കു തുല്യമായ നിയമം കൊണ്ടു കൈകാര്യം ചെയ്യുന്നതു വളരെ സൂക്ഷിച്ചുവേണം. ആ കുട്ടി വളർന്നുവന്നാൽ അതിനെ വളർത്തികൊണ്ടുവന്ന ആളേയുംകൂടി ഉപദ്രവിക്കുമെന്നുള്ള ഒരു പരിതഃസ്ഥിതി നാം സൃഷ്ടിക്കാതിരിക്കണം. ഈ നിയമത്തെ പാസ്സാക്കണമെന്നു പറയുമ്പോൾ ഭസ്മാസുരനു് വരദാനം സിദ്ധിച്ച സംഗതിയാണു് എനിക്കോർമ്മ വരുന്നതു്. ഇന്നു കാലത്തു പ്രസംഗിച്ച ഒരു മാന്യൻ പറയുകയുണ്ടായി ഈ ബില്ലിനു ഈ നാട്ടിലുള്ള ആളുകളുടെ പരിപൂർണ്ണമായ സമ്മതം ഉണ്ടെന്നു്. ഒരു ജനപ്രതിനിധിയുടെ വായിൽനിന്നും ഇതുപോലെയുള്ളൊരഭിപ്രായം കേൾക്കുവാൻ സാധിച്ചപ്പോൾ അദ്ദേഹത്തിനു ജനങ്ങളുടെ ഇടയിലുള്ള അഭിപ്രായഗതിയെ സംബന്ധിച്ചു് എത്ര ജ്ഞാനമാണുള്ളതെന്നു ഞാൻ സംശയിച്ചുപോയി. ഇതു ഈ നിയമസഭയിൽ ആലോചനക്കു വരുവാൻ പോകുന്നുവെന്നു കേട്ട മാത്രയിൽതന്നെ ഈ ബില്ലിനെതിരായി പൊട്ടിപ്പുറപ്പെട്ട ആ പ്രക്ഷോഭണത്തിന്റെ ശക്തി കാണുവാനും മനസ്സിലാക്കുവാനും സാധിക്കാതെ പോയതു് അദ്ദേഹത്തിന്റെ നിർഭാഗ്യം എന്നേ എനിക്കു പറയുവാനുള്ളു. പ്രജാമണ്ഡലത്തിന്റെ ഒരു സിക്രട്ടറി പ്രസിദ്ധം ചെയ്ത പ്രസ്താവനയെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടു ഈ നാട്ടിലുള്ള ജനങ്ങളെല്ലാം ഈ ബില്ലിനു് അനുകൂലികളാണെന്നു അദ്ദേഹം പറയുന്നതു ഒരിക്കലും ശരിയല്ല. നമുക്കു് പത്രങ്ങളിൽ കാണുവാനും പ്രസംഗമണ്ഡപങ്ങളിൽനിന്നു കേൾക്കുവാനും സാധിച്ചിട്ടുണ്ടു് ഈ ബില്ലിനു പൊതുജനാനുകൂല്യം ഇല്ലെന്നു്. ഇന്നാട്ടിലുള്ള പല പ്രമുഖ രാഷ്ട്രീയ–സാമുദായികസംഘടനകളും ഈ ബില്ലിനെതിരായി പ്രമേയങ്ങൾ പാസ്സാക്കിയിട്ടുണ്ടു്. പല പ്രജാമണ്ഡലം ശാഖകളും എസ്സു്. എൻ. ഡി. പി. ശാഖകളും അധഃകൃതസംഘടനകളും സ്റ്റേറ്റുകോൺഗ്രസ്സും ലീഗു് എന്നിങ്ങനെയുള്ള രാഷ്ട്രീയ–സാമുദായിക സംഘടനകളെല്ലാം ഈ ബില്ലിനെതിരായി പ്രമേയങ്ങൾ പാസ്സാക്കിയിട്ടുണ്ടു്. ഇതൊന്നും മനസ്സിലാക്കാതെകണ്ടു് ജനങ്ങൾക്കാവശ്യമില്ലാത്ത ഈ ബില്ലിനെ ഈ കൌൺസിലിൽ അവതരിപ്പിച്ചിട്ടുള്ളതുതന്നെ തെറ്റാണെന്നാണു് എന്റെ അഭിപ്രായം. ജനകീയഭരണം നിലവിലുള്ള ഒരു രാജ്യത്തു് ഇതുപോലുള്ളൊരു ബിൽ നടപ്പിലാക്കാൻ പാടുണ്ടോ എന്നാണു് ഞാൻ ചോദിക്കുന്നതു്. ഈനാട്ടിലെ പരിതഃസ്ഥിതികളെ പരിശോധിച്ചുനോക്കുമ്പോൾ ഇങ്ങിനെ ഒരു ബില്ലിന്റെ ആവശ്യമില്ലെന്നു കാണാവുന്നതാണു്. അങ്ങിനെയുള്ളൊരു പരിതഃസ്ഥിതി ഇവിടെ ഇല്ലാതിരുന്നിട്ടും നാളത്തെ പരിതഃസ്ഥിതികളെ ഉദ്ദേശിച്ചുകൊണ്ടു ജനങ്ങളെ അടിച്ചമർത്താൻ പര്യാപ്തമായ ഈ ബില്ലിനെ ഇവിടേയുള്ള ജനപ്രതിനിധികൾ അനുകൂലിക്കുകയില്ലെന്നു് എനിക്കു വിശ്വാസമുണ്ടു്. ഇത്രയും പറഞ്ഞുകൊണ്ടു് ഞാൻ ഈ ബില്ലിനെ ശക്തിയായെതിർത്തുകൊണ്ടു് എന്റെ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. വി. സബാസ്റ്റ്യൻ: സർ, കഴിഞ്ഞ ബഡ്ജറ്റുസമ്മേളനത്തിൽ അന്നത്തെ ഗവമ്മേണ്ടവതരിപ്പിച്ചതായ ഈ ബിൽ വാദപ്രതിവാദം അവസാനിക്കായ്കയാൽ കന്നി സെഷനിലേക്ക മാറ്റുകയും, എന്നാൽ അന്നും വാദപ്രതിവാദം അവസാനിക്കായ്കയാൽ വീണ്ടും ഇതു്, ഇന്നത്തെ പരിതഃസ്ഥിതിക്ക ഈ ബില്ലു് ആവശ്യമുണ്ടൊ ഇല്ലയൊ എന്നു് അന്നത്തെ ഗവമ്മേണ്ടിന്റെ അനുകൂലികൾക്ക സന്ദേഹങ്ങളും സംശയങ്ങളും ജനിച്ചിരിക്കുന്ന ഈ അവസരത്തിൽ, ഇന്നത്തെ ഗവമ്മേണ്ടു അവതരിപ്പിച്ചിരിക്കുന്ന ഈ ബില്ലിനെയാതൊരു സന്ദേഹവും കൂടാതെ ഞാൻ എതുക്കുന്നു. ഭരണാധികാരികൾക്ക അവരുടെ ഭരണകൃത്യത്തിനു യാതൊരു കേടുപാടും കൂടാതെ മുന്നോട്ട കൊണ്ടുപോകുന്നതിനു് ഈ മാതിരിയുള്ള മട്ടനനിയമങ്ങൾ ആവശ്യമാണെന്നു തോന്നിയതുകൊണ്ടായിരിക്കാം ഈ നിയമം കൊണ്ടുവന്നിട്ടുള്ളതെന്നു ഞാൻ വിചാരിക്കുന്നു. എന്നാലും ഒരു കായ്യം തുറന്നു പ്രസ്താവിക്കാതെ നിവൃത്തിയില്ല. നാട്ടുകാക്കാക്കും തന്നെ ഈ നിയമം ഇവിടെ ആവശ്യമില്ലെന്നു പലവിധധ്വനിയിലും ജനങ്ങൾ വെളിപ്പെടുത്തിക്കഴിഞ്ഞു. ജനങ്ങൾക്ക ആവശ്യമില്ലെന്നു് അവർ ഏകസ്വരത്തിൽ വിളിച്ചുപറഞ്ഞിട്ടും ആ നിയമത്തെ അവരുടെ മേൽ വെച്ചുകെട്ടുന്നതു് ശരിയാണൊ, ന്യായമാണൊ എന്നു് ഈ നിയമസഭയിലെ ജനപ്രതിനിധികളും ഗവമ്മേണ്ടും നല്ലവണ്ണം ആലോചിക്കണം എന്നാണെനിക്കു പറയുവാനുള്ളതു്. കൊച്ചിയിൽ വാസ്തവം മറിച്ചാണെങ്കിലും ഏതാണ്ടു പരിപൂർണ്ണമായ പ്രജായത്തഭരണം സിദ്ധിച്ചുവെന്നു നമ്മളെല്ലാം അഭിമാനിക്കുന്നുണ്ടു്. അങ്ങിനെ അധികാരങ്ങളെല്ലാം ജനഹസ്തങ്ങളിലേക്കു സിദ്ധിച്ചിരിക്കുന്ന ഒരു ഭരണക്രമത്തിൽ നമ്മുടെ ശക്തിയായ എതിർപ്പിനെ വകവെക്കാതെ ഒരു ഗവമ്മേണ്ടു് പ്രവർത്തിക്കുവാൻ മുതിരുകയാണെങ്കിൽ അതു വലിയ കൃത്യവിലോപമായിരിക്കുമെന്നു പറയാതിരിപ്പാൻ നിവൃത്തിയില്ല. അതു് ജനകീയഗവമ്മേണ്ടിൽ ജനങ്ങൾക്കുള്ള വിശ്വാസത്തെ നശിപ്പിക്കുന്ന ഒരു വിലക്ഷണസമ്പ്രദായമാണു്. ഒരു ഗവമ്മേണ്ടു ജനഹിതം അനുസരിക്കാതെ ഇതുപോലെയുള്ള നിയമങ്ങൾ പാസ്സാക്കുവാൻ മുതിരുകയാണെങ്കിൽ ആ ഗവമ്മേണ്ടിനു്, ഒരു ജനകീയഗവമ്മേണ്ടെന്നു് അവകാശപ്പെടുവാൻ ഒരിക്കലും അർഹതയില്ല. ഈ നിയമം കൊച്ചിയിൽ പാസ്സാക്കുന്നപക്ഷം അതു് കൊച്ചിക്കു് ഒരു അപകീർത്തിയായിരിക്കും. കൊച്ചി, മാതൃകയായി നില്ക്കുന്ന ഭരണപരിഷ്കാരങ്ങൾക്കു് ഒരു ശാശ്വതമായ ദൃഷ്ടീത്തി ചേക്കലായിരിക്കും അതു്. പ്രജായത്തഭരണത്തിനു എതിരായി നിലകൊള്ളുന്ന പിന്തിരിപ്പൻ ശക്തികൾക്ക കൂട്ടുനില്ക്കലായിരിക്കും. അന്തിക്കാട്ടു സംഭവിച്ചതായി പറയപ്പെടുന്ന ചില സ്ഥിതിവിശേഷങ്ങളെ നേരിടുന്നതിനുവേണ്ടി മഹാരാജാവു തിരുമനസ്സുകൊണ്ടു് സ്വയാധികാരം ഉപയോഗിച്ചു് ഒരു വിളംബരംമുഖേന ഉണ്ടാക്കിയതാണു് ഈ ക്രിമിനൽ നിയമഭേദഗതിനിയമം. എന്നാൽ അവിടത്തെ സ്ഥിതിഗതികൾ ശാന്തമായ ഉടൻ തന്നെ ആ നിയമം പിൻവലിക്കുമെന്നാണു് അന്നുപറഞ്ഞുകേട്ടിരുന്നതു്. പക്ഷെ ആ സ്ഥിതിഗതികളെല്ലാം ശാന്തമായിട്ടും ആ വിളംബരം പിൻവലിക്കുന്നതിനു പകരം ക്രൂരതൽ കക്ശമായ വ്യവസ്ഥകളോടുകൂടിയ ഒരു ബില്ലാണു് ഇവിടെ അവതരിപ്പിച്ചിരിക്കുന്നതു്. ആ നിയമം പിൻവലിക്കേണ്ടതിനു പകരം അതിവിടെ നിലനിർത്തുവാനാണു് ശ്രമിക്കുന്നതു്. ഇതു് നമ്മൾക്കു് ആവശ്യമില്ലെന്നു ഈനാട്ടിലെ ജനങ്ങൾ ഏകസ്വരത്തിൽ പ്രതിഷേധം പ്രകടിപ്പിച്ചു കഴിഞ്ഞു. സർ, എന്താണു് ഈ ബിൽകൊണ്ടു നിങ്ങളുദ്ദേശിക്കുന്നതു്? ഏതൊരു വ്യക്തിയേയും ഏതൊരു സംഘടനയേയും ഏതൊരു പത്രത്തേയും ഏതൊരു പ്രസിദ്ധീകരണത്തേയും യാതൊരു കേൾവിയും കേൾപ്പോരുമില്ലാതെ ഏതു നിമിഷത്തിലും പിടികൂടി സംഹരിക്കുവാൻ അധികാരം നിങ്ങൾക്കു തരുന്ന ഒരു നിയമം അല്ലേ ഇതെന്നു ഞാൻ ചോദിക്കുന്നു? കൊച്ചിയിൽ യാതൊരു മട്ടനനിയമവുമില്ലെന്നു് ഈ സഭയിൽനിന്നുകൊണ്ടു് അടുത്ത അവസരത്തിൽപോലും കൊട്ടിഘോഷിച്ചിട്ടുള്ള നമ്മൾതന്നെ, ഇപ്പോൾ സകല മട്ടനനിയമങ്ങളുടേയും സമാഹാരമായ ഈ ബിൽ പാസ്സാക്കി നിയമം ആക്കുവാൻ പോകുന്നതു വളരെ വിചിത്രം തന്നെ. ഈ ഗവമ്മേണ്ടിനു് ഇവിടത്തെ ജനങ്ങളുടെ മേൽ വിശ്വാസമില്ല, അവരുടെ പൌരബോധത്തെക്കുറിച്ചു് തികച്ചും അവിശ്വാസമേയുള്ള എന്നല്ലെ ഇതുകൊണ്ടു തെളിയിക്കുന്നതു്. ജനങ്ങളുടെമേൽ ഇപ്രകാരമുള്ള കഠോര ഖഡ്ഗങ്ങൾ തൂക്കിയിട്ടിരുന്നില്ലെങ്കിൽ ഇന്നത്തെ ഗവമ്മേണ്ടിനെ ജനങ്ങൾ തകർത്തുകളയുമോയെന്നുള്ള ഉൽഭീതികൊണ്ടായിരിക്കുകയില്ലേ ഇതു പാസ്സാക്കുവാൻ ഇത്രത്തോളം വ്യഗ്രത കാണിക്കുന്നതെന്നും ഞാൻ സംശയിക്കുന്നു. ജനകീയം എന്നഭിമാനിക്കുന്ന ഈ ഗവമ്മേണ്ടു് ജനകീയം അല്ലെന്നതന്നെയല്ല,

[Mr. P. V. Sebastian:]

ജനങ്ങളുടെ അഭിപ്രായങ്ങളിൽനിന്നും അവർ അകന്നകന്നുപോവുകയാണ് ചെയ്യുന്നത്. ജനകീയഭരണം വരണമെന്നു ഇവിടത്തെ ജനങ്ങളും അഭിലഷിച്ചതു് അവരുടെ പരിശ്രമം അവരുടേതുകൂടിക്കു പരിഹാരം കാണുവാനും അവകാശങ്ങളും സ്ഥാപിച്ചു കിട്ടുവാനുമാണു്. അല്ലാതെ ഇവിടത്തെ മൂന്നോ നാലോ വ്യക്തികൾക്കു തോന്നിയപോലെ ഉള്ള ഒരു ഭരണം നടത്താനല്ല ഇന്നത്തെ ജനങ്ങളും നിലകൊള്ളുന്നതെന്നവർ പ്രത്യേകം മനസ്സിലാക്കണം എന്നു ഞാൻ പറയുന്നു. (ഹിയർ, ഹിയർ.) സംഘടിക്കുവാനും അഭിപ്രായങ്ങൾ തുറന്നു പറയുവാനും സാധിക്കാത്തകാലത്തോളം ഉള്ള ഒരു ഭരണരീതിയെ എങ്ങിനെ ജനകീയം എന്നു പറയും? ഈ നിയമം പാസ്സാകുന്ന പക്ഷം കാര്യങ്ങൾ തുറന്നു പറയുവാനോ ഭരണവൈകല്യങ്ങളെ ചൂണ്ടികാണിക്കുവാനോ മന്ത്രിമാർ ചെയ്യുന്ന തെറ്റുകളേയും തോന്ന്യാസങ്ങളേയും വെളിച്ചത്തുകൊണ്ടുവരുവാനോ സാധാരണഗതിയിൽ യാതൊരു വ്യക്തിക്കൊ, പത്രത്തിനൊ ധൈര്യമുണ്ടാവുകയില്ലെന്നാണെനിക്കു പറയുവാനുള്ളതു്. അതുകൊണ്ടു് ഇങ്ങിനേയുള്ളൊരു നിയമം ഇവിടെ ആവശ്യമില്ലെന്നു് ഞാൻ വീണ്ടും വീണ്ടും ആവർത്തിച്ചുകൊള്ളുന്നു. പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തേണ്ടതായ ലേഖനങ്ങളും വാർത്തകളും മുൻകൂട്ടി ഗവർമ്മേണ്ടിനെ കാണിച്ചു അംഗീകരണം വാങ്ങണം എന്നുള്ള ഒരു വ്യവസ്ഥ ഈ ബില്ലിൽ ചേർത്തിട്ടുള്ളതു് കാണുമ്പോൾ നാം ഏതു നൂറാണ്ടിലാണു് ഇപ്പോൾ എന്നു സംശയം തോന്നുന്നു. സർ, ഇങ്ങിനേയുള്ള വാർത്തകളും മറ്റും നേരത്തെ പരിശോധിക്കുന്നപക്ഷം ആ പത്രങ്ങളെ നിരോധിക്കുക എന്ന അസുഖകൃത്യം കൂടാതെ കഴിക്കാമല്ലൊ എന്നുള്ള ഗവർമ്മേണ്ടിന്റെ യുക്തിവാദം കേവലം ബാലിശം മാത്രമാണു്. അതിൽഭേദം ഇനിമേൽ യാതൊരു പത്രവും ഇവിടെ പ്രസിദ്ധീകരിക്കുവാൻ പാടില്ല എന്നു കല്പിക്കുന്നതായിരിക്കും. അതുകൊണ്ടു് എനിക്കു ഒന്നെ പറയുവാനുള്ളു. നമ്മുടെ മന്ത്രിമാർതന്നെ കൊണ്ടുവരുന്ന നിയമമായാലും അതു് ജനങ്ങൾക്കു് ദ്രോഹമാണെന്നു കാണുന്നപക്ഷം അതു് പാസ്സാക്കുവാൻ കൊച്ചി നിയമസഭ, കൊച്ചിയിലെ ജനപ്രതിനിധികളും തെല്ലും സമ്മതിക്കുകയില്ലെന്നു പൊതുജനങ്ങളെ അറിയിച്ചു കൊടുക്കേണ്ടതായ കടമ നമ്മൾക്കു ഓരോരുത്തർക്കുമുണ്ടെന്നു ഈ സഭയെ ഉൽബോധിപ്പിച്ചുകൊണ്ടും ഇപ്പോൾ ധിലവിലുള്ള ഈ വിളംബരത്തെ ഉടനടി പിൻവലിക്കണമെന്നു മഹാരാജാവു തിരുമനസ്സിലേക്കു് വേണ്ട ഉപദേശം കൊടുക്കുവാൻ ഇന്നത്തെ ഗവർമ്മേണ്ടിനോടപേക്ഷിച്ചുകൊണ്ടും ഞാൻ ഈ ബില്ലിനെ ശക്തിയായെതിർത്തുകൊള്ളുന്നു.

മിസ്റ്റർ കെ. കെ. കണ്ണൻ: ഈ ബില്ലിനെ ഞാൻ വളരെ ശക്തിയായി എതിർക്കുന്നു. ഈ ബിൽ അനാവശ്യമാണെന്നു് ഞാൻ ഇതിനു് മുമ്പും പറഞ്ഞിട്ടുണ്ടു്. ഈ ബിൽ, പൊതുജനസമ്മതിയുള്ള ബില്ലാണെന്നു് കാണിക്കുവാൻ പല ആളുകളും പരിശ്രമിച്ചു് കാണുന്നതു് വളരെ സാഹസമായിപ്പോയി എന്നു് പറയാതെ നിവൃത്തിയില്ല. ഇതു് ആക്കുംവേണ്ടാത്ത ഒരു ബില്ലാണെന്നു് ഇവിടെ പലരും പ്രസംഗിച്ചുകഴിഞ്ഞു. വീണ്ടും വീണ്ടും അതു് ആവർത്തിച്ചു് പറയേണ്ട ആവശ്യമില്ലെന്നാണു് ഞാൻ വിചാരിക്കുന്നതു്. യഥാർത്ഥത്തിൽ ഇന്നു് കൊച്ചി ജനകീയഭരണത്തിലേക്കു് പരിതഗമനം ചെയ്തുകൊണ്ടിരിക്കുകയാണു് ചെയ്യുന്നതു്. ഇവിടെ ഒരു ജനകിയഭരണം ഏർപ്പെടുത്തുന്ന സംഗതിയിൽ കൊച്ചിയിലെ ജനങ്ങളും മുന്നോട്ടു് വന്നുകഴിഞ്ഞിട്ടുണ്ടെന്നുള്ള ഒരു പരമാർത്ഥം മറച്ചുവെയ്ക്കേണ്ടതില്ല. ഈ ബില്ലിനെ എതിർത്തുകൊണ്ടു്, വളരെ ശക്തിയായി എതിർത്തുകൊണ്ടു് സംസാരിച്ച പത്രപ്രതിനിധിതന്നെ ആ കാര്യങ്ങളും വ്യക്തമാക്കികഴിഞ്ഞിട്ടുണ്ടു്. ജനങ്ങളുടെ മൌലികമായിട്ടുള്ള അവകാശങ്ങളും എന്തൊക്കെയാണെന്നു് അദ്ദേഹം ഇവിടെ പറയുകയുണ്ടായി. ജനങ്ങൾക്കു് പ്രസംഗിക്കുവാനും, സംഘടിക്കുവാനും, എഴുതുവാനും ഉള്ള സ്വാതന്ത്ര്യം വേണം: ഇതെല്ലാമാണു് ജനങ്ങളുടെ മൌലികമായിട്ടുള്ള അവകാശങ്ങളും. ഈ അവകാശങ്ങളും കഴിച്ചു മൂടുന്ന ഒരു ബില്ലാണു് ഇതെന്നു് പറയുന്നതിൽ എനിക്കു് യാതൊരു സങ്കോചവുമില്ല. ഗവർമ്മേണ്ടിനു് അധികാരം ആവശ്യമുണ്ടൊ?, ഉണ്ടെങ്കിൽ കൊടുക്കാൻ ഞങ്ങൾക്കു് സമ്മതമാണെന്നുള്ള ഒരു വാദം ഇവിടെ ഉന്നയിച്ചു കാണുകയുണ്ടായി. ഈ വാദം വളരെ പരിതാപകരമാണു്. അതു് കൊടുക്കണൊ, കൊടുക്കേണ്ടയൊ എന്നു് തീരുമാനിക്കാനുള്ള അധികാരം ആർക്കാണുള്ളതു്? ഈ നിയമസഭക്കാണു്. പ്രത്യേകിച്ചു് ഇന്നത്തെ opposition നു് അതായതു് കൊച്ചിരാജ്യത്തിലെ ജനങ്ങളുടെ മൌലികമായിട്ടുള്ള അവകാശങ്ങൾ സ്ഥാപിക്കുന്നതിനുള്ള ഉത്തരവാദിത്വത്തോടുകൂടി ഇവിടത്തെ ജനങ്ങളെ പ്രതിനിധീകരിക്കുന്നു എന്നു് ഉൽഘോഷിക്കുന്ന പ്രജാമണ്ഡലത്തിനാണെന്നു് ഞാൻ വിശ്വസിക്കുന്നു. എന്നാൽ അതിനെതിരാണു് പ്രജാമണ്ഡലത്തിന്റെയും ഇവിടത്തെ സോക്യൂ

LIBRARY ARCHIVES Kerala Legislative Assembly

ലിസ്റ്റുകക്ഷിയുടേയും നിലയെങ്കിൽ അതിനെ ചോദ്യം ചെയ്യാതെ തരമില്ല. ഈ മാതിരിയുള്ള വാദപ്രതിവാദം കൊണ്ടുവന്നു വെറുതെ കസ്തൂരി കളിച്ചിട്ടു് ആവശ്യമില്ല. ഇന്നു് അങ്ങിനെ കാണിക്കുകയാണെങ്കിൽ അവരെ ഇവിടെനിന്നും വെറുതെ പറഞ്ഞയക്കുവാൻ തയ്യാറില്ല. അതു് അവരെക്കൊണ്ടു് നേരെ പറയിക്കുമെന്നു് ഞാൻ ഇവിടെ ശപഥംചെയ്യുന്നു. ഈ നിയമം ഇവിടെ ആവശ്യമില്ല എന്നുള്ളതിനെ സംബന്ധിച്ചു് എനിക്കു് യാതൊരു സംശയവുമില്ല. ഗവമ്മേണ്ടു് ജനങ്ങളുടേതാണെങ്കിൽ, ആ ഗവമ്മേണ്ടു് നിലനില്ക്കണമെന്നുള്ള ആവശ്യം ജനങ്ങളുടേതാണെങ്കിൽ, ആ ഗവമ്മേണ്ടു് മുന്നോട്ടു് പോകുന്നതിനുള്ള നിബ്ബന്ധപരിരക്ഷകം സൃഷ്ടിക്കേണ്ടതു് ഈ സഭയുടെ ചുമതലയാണു്. അതിനു് നമ്മൾ തയ്യാറാകണം. ഇവിടെ ജനകീയഭരണം സ്ഥാപിക്കാൻവേണ്ടി നാം മുന്നോട്ടു് വരണം. അതാണു് ഇന്നത്തെ ഈ നിയമസഭയുടെ ആവശ്യം.

അതിനു തയ്യാറാവാതെ, അധികാരം ഗവമ്മേണ്ടിനു് ആവശ്യമുണ്ടെങ്കിൽ അതനുവദിക്കുന്ന കാര്യത്തിൽ ഗവമ്മേണ്ടിനോടു സഹകരിക്കാൻ പ്രജാമണ്ഡലത്തിനു വിരോധമില്ലെന്നും അല്ലെങ്കിൽ തങ്ങൾ നിഷ്ക്ഷേപാലിക്കുമെന്നും പറയുന്നതു് ഒരു പിൻതിരിപ്പൻ വാദമാണു്, മാത്രമല്ല ജനാധിപത്യസിദ്ധാന്തത്തിനു് അതു് എതിരുമാണു്.

ഈ ബില്ലിൽ പറയുന്ന പ്രധാനപ്പെട്ട മിക്ക വകുപ്പുകളെക്കുറിച്ചും ഇവിടെ സവിസ്തരം പ്രതിപാദിച്ചു കഴിഞ്ഞിരിക്കുന്ന സ്ഥിതിക്കു് ആവർത്തനം ആവശ്യമില്ല. മിക്കവകുപ്പുകളും പ്രത്യേകം പ്രത്യേകമെടുത്തു് മിസ്റ്റർ കുമാരനെഴുത്തച്ഛൻ ഇവിടെ വിശദീകരിച്ചിട്ടുണ്ടു്. സംഘടനാസ്വാതന്ത്ര്യം ജനങ്ങൾക്കു കൊടുക്കാതെയുള്ള ഒരു നിയമം, എഴുതുവാനും, പ്രസംഗിക്കുവാനും, നിവൃത്തിയില്ലാതെയുള്ള ഒരു പരിതസ്ഥിതി, ഇതെല്ലാം ഇവിടെ സൃഷ്ടിക്കുക എന്നു് വരുന്നതു് വാസ്തവത്തിൽ ജനാധിപത്യവാദികൾക്കു് അനുകൂലിക്കാൻ സാദ്ധ്യമല്ലതന്നെ. ഈ ബിൽ ഇവിടെകൊണ്ടുവന്ന അവസരത്തിൽ, കഴിഞ്ഞ കന്നിമാസത്തെ നിയമസഭാസമ്മേളനം നടന്നുകൊണ്ടിരുന്ന അസവരത്തിൽത്തന്നെ ഈ ബില്ലിനെക്കുറിച്ചു് കൊയലീഷൺ പാർട്ടിയിൽ പുനരാലോചനക്കെടുക്കണമെന്നും ബില്ലു് ഗവമ്മേണ്ടു് പിൻവലിക്കണമെന്നും ഞാൻ ആവശ്യപ്പെട്ടു. എന്നാൽ പാർട്ടിയിൽ ബില്ലു വേണമെന്നു തന്നെയാണു് തീരുമാനിച്ചതു്. ആ ഒരേ ഒരു കാര്യത്തെ അടിസ്ഥാനമാക്കി ബില്ലിനെ എതുക്കാനുള്ള സ്വാതന്ത്ര്യം ഇല്ലെന്നു് വന്നപ്പോൾ, ഞാൻ പാർട്ടിയിൽനിന്നു് രാജിവെച്ചു് പുറത്തുപോരുകയാണു് ചെയ്തതു്. പൊതുജനാഭിപ്രായം ഈ ബില്ലിനു് എതിരാണെന്നു് രണ്ടു മൂന്നു മാസത്തിനുള്ളിൽ ഉണ്ടായിട്ടുള്ള സംഭവവികാസങ്ങൾ തെളിയിക്കുന്നതാണു്. ഇവിടെ ഈ കൌൺസിലിന്റെ മുൻവശം നടത്തീട്ടുള്ള സംഭവവും—

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ആ സംഭവം ബഹുമാനപ്പെട്ട മെമ്പക്കു് അറിയാമല്ലൊ. അതുകൊണ്ടുതന്നെയാണു് ഇത്തരം നിയമങ്ങൾ വേണമെന്നു് വന്നിട്ടുള്ളതും.

മിസ്റ്റർ കെ. കെ. കണ്ണൻ: ആ സംഭവവും, അതിനെതുടർന്നുണ്ടായിട്ടുള്ള സംഭവങ്ങളും ഈ ബില്ലിനെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടു് ഉണ്ടായിട്ടുള്ളതാണെന്നു് പറയാതെ ഗത്യന്തരമില്ല. ഈ പരിതസ്ഥിതിയിൽ ഇങ്ങിനെ ഒരു കരിനിയമനിർമ്മാണം ഇവിടെ പാസ്സാക്കുവാൻ നാം അനുവദിക്കുവാൻ പാടില്ല. ജനകീയ ഭരണത്തിനുവേണ്ടി നിലകൊള്ളുന്നതായിട്ടുള്ള യാതൊരാളും ഈ ബില്ലിനെ അനുകൂലിക്കുകയില്ലെന്നാണു് ഞാൻ വിശ്വസിക്കുന്നതു്. നിലവിലുള്ള Ordinance എടുത്തു കളയുന്നതിനു് വേണ്ടിയാണു് ഈ ബിൽ ഇവിടെ കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നതു് എന്നു് ചില സങ്കേതങ്ങളിൽനിന്നു്, ബിൽ ഇവിടെ അവതരിപ്പിച്ച സ്ഥാനങ്ങളിൽനിന്നു് മാത്രം അഭിപ്രായമുണ്ടായിട്ടുണ്ടു്. Ordinance എടുത്തുകളഞ്ഞതിന്റെ ശേഷം, അതേ Ordinance-ന്റെ ഫലം ഇവിടെ വരുത്തുക എന്നുള്ളതല്ലാതെ വേറെ യാതൊരു ഗുണവും ഈ ബില്ലു് കൊണ്ടുണ്ടാകാൻ പോകുന്നില്ല. ആ Ordinance ഇവിടെനിന്നും എടുത്തുകളയേണ്ടതു് ആവശ്യമാണു്. അതിനു് ശ്രമിക്കാതെ, അതേ Ordinance തന്നെ ഒരു നിയമമായി Statute Book-ൽ ചേർക്കാനുള്ള പരിശ്രമമാണു് പ്രജാമണ്ഡലം, സോഷ്യലിസ്റ്റു്, പ്രൊഗ്രസ്സീവു് കക്ഷികൾ ചെയ്തുകൊണ്ടിരിക്കുന്നതു്. അതുകൊണ്ടു് ആ Ordinance-ം പോകണം, ഈ ബില്ലും പോകണമെന്നുള്ള കാര്യത്തിൽ യാതൊരുസംശയവുമില്ല. ഈ ബിൽ നാം തള്ളിക്കളയണം. അങ്ങിനെ തള്ളിക്കളയുകയാണെങ്കിൽ Ordinance ഇവിടെ നിലനില്ക്കാൻ പോകുന്നില്ല. ഏതു വിധമായാലും ജനകീയ പ്രസ്ഥാനങ്ങളെ ശ്വാസംമുട്ടിച്ചുകൊണ്ടിരിക്കുന്ന ഒരു Ordinance നിഷ്കാസനം ചെയ്യുന്നതിനു് പകരം ഒരു പുതിയ നിയമം ഇവിടെ കൊണ്ടുവന്നു് ജനങ്ങളുടെ പൌരസ്വാതന്ത്ര്യത്തെ നിഹനിക്കുവാനുള്ള ഒരു വെമ്പലാണു് ഇവിടെ ഉണ്ടായിത്തീർന്നിരിക്കു

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. K. Kannan:]

ന്നതു്. യഥാർത്ഥത്തിൽ ഇതിന്റെഎല്ലാം പിന്നിൽ ഇവിടത്തെ സംഘടിതമായിട്ടുള്ള ഒരു ശക്തി പ്രവർത്തിക്കുന്നുണ്ടെന്നു് മനസ്സിലാക്കുവാൻ യാതൊരു വിഷമവുമില്ല. ഇവിടത്തെ ജന്മിമുതലാളികത്തക രാല്പ്യത്തെ മാത്രം സംരക്ഷിക്കുവാൻ വേണ്ടിയുള്ള ഒന്നാണു് ഈ ബിൽ. അല്ലാതെ, ഇവിടെ നിയമവും സമാധാനവും പാലിക്കുവാൻ അസാദ്ധ്യമായിട്ടുള്ള ഒരു പരിതസ്ഥിതിയിൽ, രാജ്യത്തിൽ സമാധാനമുണ്ടാക്കുവാനുള്ള ഒരു നിയമമാണു് ഇതെന്നു് വിശ്വസിക്കുവാൻ യാതൊരു നിവ്വാഹവുമില്ല. പ്രസ്തുത ബില്ലിനെ അനുകൂലിക്കുന്ന ആളുകൾ എത്ര ന്യായങ്ങൾ പറഞ്ഞാലും, അതു് ഇവിടത്തെ ജനകീയതാല്പ്യത്തിന്റെ പേരിലാണെന്നു ജനങ്ങൾക്കു് വിശ്വസിക്കാൻ സാദ്ധ്യമല്ല. നേരെമറിച്ചു് അതു് ഇവിടത്തെ കുത്തകതാല്പ്യങ്ങളേയും, സവ്വവിധത്തിലുള്ള പിൻതിരിപ്പൻശക്തികളേയും നിലനിൻ്റുവാൻ വേണ്ടി ഉണ്ടാക്കുന്ന ഒരു നിയമമാണു് എന്നു ജനങ്ങൾക്കു് മനസ്സിലായിട്ടുണ്ടു്. പോലീസിനും ജനങ്ങളെ മർദ്ദിക്കുവാൻ അങ്ങേഅറ്റത്തെ അധികാരം നല്കിക്കൊണ്ടുള്ള ഒരു നിയമമാണു് ഇതു്. അതായതു് ഗവർമ്മെണ്ടിനും് എതിരായി പ്രവർത്തിക്കുന്നു എന്നു സംശയം തോന്നുന്ന സംഘങ്ങളെ നിയമവിരുദ്ധമാക്കാനുള്ള അധികാരം ഈ നിയമംമൂലം ഗവർമ്മെണ്ടിനു സിദ്ധിക്കുന്നു. ആ അധികാരം ഉപയോഗിച്ചു് എല്ലാ ജനകീയസംഘടനകളേയും നിയമവിരുദ്ധമാക്കാൻ വേണമെങ്കിൽ സാധിക്കും. ആ സംഘടനകളോടു ബന്ധപ്പെട്ടവരാണെന്നു പറഞ്ഞു് അവക്കെതിരായ വ്യക്തികളെ അറസ്റ്റ്ചെയ്യാനും മർദ്ദിക്കുവാനും ജനകീയശക്തികളെ തകർക്കാനും ഉള്ള അധികാരം പോലീസിനും് ലഭിക്കുന്നു- ഇങ്ങിനെ ജനകീയതാല്പ്യങ്ങളെ അടിച്ചുടക്കാൻ സൌകര്യം ഗവർമ്മെണ്ടിനുണ്ടാക്കുകയാണു് ഈ നിയമം ചെയ്യുന്നതു്. നിയമസമാധാനങ്ങൾ പാലിക്കാനുള്ള സദുദ്ദേശത്തോടുകൂടിയാണു് ഈ ബില്ലു് എന്നു പറയുന്നുണ്ടെങ്കിലും അതു സമ്മതിക്കാമോ? അംഗീകരിക്കാമോ? സാദ്ധ്യമല്ല. കാരണം ഇന്നത്തെ ഗവർമ്മെണ്ടല്ല നാളത്തെ ഗവർമ്മെണ്ടു് എന്നു ഇവിടെ തെളിഞ്ഞുകഴിഞ്ഞിരിക്കുന്നു. (ഇന്നത്തെ ഗവർമ്മെണ്ടിലും എനിക്കു വിശ്വാസമില്ല.) അധികാരത്തിൽ ഇരിക്കുന്നതു് ഒരു പിൻതിരിപ്പൻ ഗവർമ്മെണ്ടാണെങ്കിൽ, അവർ ഈ അധികാരം ദുരുപയോഗപ്പെടുത്താതിരിക്കുകയില്ല. ഒരു യാഥാസ്ഥിതികഗവർമ്മെണ്ടിനു് ജനങ്ങളെ മർദ്ദിച്ചു് നിത്താനുള്ള ഒരു ആയുധം മാത്രമാണു് ഈ ബില്ലു്. ഈ ബില്ലു് ഈ നിയമസഭ പാസ്സാക്കികൊടുക്കുകയാണെങ്കിൽ അതിന്റെ അർത്ഥം എന്താണു? ഇവിടെ ജനകീയതാല്പ്യങ്ങളെ അമർത്തിനിൻ്റുന്നതിനും് ഈ നിയമസഭയും കൂട്ടുനിന്നു എന്നുള്ളതാണു് അതിന്റെ അർത്ഥം. ഈ നിയമസഭ ഗവർമ്മെണ്ടിന്റെ കയ്യിൽ കുത്തകതാല്പ്യങ്ങളെ സംരക്ഷിക്കുവാൻ, ഗവർമ്മെണ്ടിന്റെ കയ്യിൽ പൌരസ്വാതന്ത്ര്യത്തെ നിഹനിക്കുവാൻ കരുത്തേറിയ ഒരു ആയുധം കൊടുത്തു എന്നുള്ളതുമാത്രമാണു് ഇതുകൊണ്ടുവരുന്നതു്. അതുകൊണ്ടുതന്നെയാണു് ഈ നിയമസഭ ഈ ബില്ലു് തള്ളിക്കളയണമെന്നു് ഞാൻ ആവശ്യപ്പെടുന്നതു്. ഇത്രമാത്രമാണു് എനിക്കു് ഇതിനെസംബന്ധിച്ചു പറയാനുള്ളതു്. ഈ ബില്ലിനെ ഞാൻ ശക്തിയായി എതിർക്കുന്നു; ഇനിയും എതിർക്കുകതന്നെചെയ്യും.

At this stage the Hon'ble President vacated the chair and M. R. Ry. M. K. Raja, Panel Chairman took the chair.

മിസ്സിസ്സ് ടി. ഫ്രാൻസിസ്സ്: ഈ ബില്ലിനെ ഞാൻ എതിർക്കുന്നു. സ്ത്രീകളായ ഞങ്ങൾക്കു് ഈ ബില്ലുകൊണ്ടു് യാതൊരാവശ്യവുമില്ല. ആയതിനാൽ ഈ ബില്ലു് ഞങ്ങൾക്കുവേണ്ടിതന്നെ വേണ്ട. കൊച്ചിയിലെ സ്ത്രീകളിൽ എത്രാണ്ടു് പകുതിയോളംവരുന്ന സ്ത്രീകളെ പ്രതിനിധീകരിക്കുന്ന എനിക്കു് ഇതിനെക്കുറിച്ചു് പറയുവാനുള്ളതു് ഞങ്ങൾ അബലകളാണു്. അബലകളായ ഞങ്ങൾക്കു്.—

മിസ്സിസ്സ് കെ. എം. ആർ. മേനോൻ: അബലകളെന്ന ആ പദം ഉപയോഗിക്കേണ്ട

മിസ്സിസ്സ് ടി. ഫ്രാൻസിസ്സ്: അബലകളൊ, ബലമുള്ളവരൊ, എങ്ങിനെയായാലും ഞങ്ങൾക്കു് ഈ ബില്ലു് വേണ്ട. സ്ത്രീകളായ ഞങ്ങൾ വീടുകളിൽ ഇരിക്കുന്നവർക്കു് ആണുങ്ങൾക്കു് അപകടം വരുമൊഎന്നുള്ള ഭയംകൊണ്ടു് യാതൊരു സമാധാനവുമുണ്ടാകയില്ല ഈ ബില്ലു്. പാസ്സായാൽ. പഴമക്കാരനായ പത്രപ്രതിനിധി അധികാരത്തിൽ ഇരിക്കുന്നവർക്കാണു് ഈ ബില്ലിന്റെ ആവശ്യമെന്നും മറ്റാർക്കും ഈ ബില്ലുകൊണ്ടു് ആവശ്യമില്ല എന്നും പറഞ്ഞു. അതു് പരമാർത്ഥമാണു്. പിന്നെ എന്റെ വലത്തുഭാഗത്തു് ഇരിക്കുന്ന സഹോദരി ഈ ബില്ലു് വേണോ വേണ്ടയോ എന്നു് പറഞ്ഞിട്ടില്ല. അധികാരം സ്ത്രീകളായ ഞങ്ങൾക്കു് വളരെ ചുരുക്കമായെ കിട്ടുകയുള്ളൂ. അതുകൊണ്ടു് ഞങ്ങൾക്കു് ഈ ബില്ലു് വേണമെന്നില്ല. ഈ ബില്ലു് ഞങ്ങൾക്കു് വ്യസനം ഉളവാക്കിത്തീർക്കുവാൻ

LIBRARY ARCHIVES Kerala Legislative Assembly

ഇടയുള്ളതിനാൽ ഞങ്ങൾക്കു തീർച്ചയായും വേണ്ട. ഇതു് തള്ളികളയേണ്ടതാണെന്നുമാത്രം പറഞ്ഞുകൊണ്ടു ഞാൻ ഇതിനെ എതിർക്കുന്നു.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഞാൻ ഈ ബില്ലിനെ അനുകൂലിക്കുന്നു. ഈ ബില്ലു് കരിനിയമമായാലും ഹര നിയമമായാലും, അതായതു് കരി എന്നു പറഞ്ഞാൽ ആന, ഹരി എന്നു പറഞ്ഞാൽ സിംഹം, ഇതു് ആനയെപ്പോലെയുള്ളതായാലും, സിംഹത്തെപ്പോലെയുള്ളതായാലും, ഈ ബില്ലിനെ ഞാൻ അനുകൂലിക്കുന്നു. ഇതുപോലെയുള്ള ഏതു നിയമം വന്നാലും ഞാൻ അനുകൂലിക്കാൻ ഒരുക്കമാണു്. ഇതു് അക്രമം പ്രവർത്തിക്കുന്നതു് തടയാൻവേണ്ടിയുള്ളതാണു്. ഇതു് ഗവർമ്മെണ്ടിന്റെ കയ്യിലല്ലെ കൊടുക്കുന്നതു്. അങ്ങിനെയുള്ള ഒരു നിയമത്തിന്റെ ആവശ്യം എന്താണെന്നുള്ളതു് ഇനിയും ആളുകൾക്കു് മനസ്സിലായിട്ടില്ലെങ്കിൽ, അഥവാ അതിനെസംബന്ധിച്ചു് ആരെങ്കിലും ചോദ്യം ചെയ്യുന്നുണ്ടെങ്കിൽ കന്നിമാസത്തിലെ സമ്മേളനാവസാനത്തിൽ, ആ തിങ്കളാഴ്ച, നടന്ന സംഭവം കണ്ടിട്ടും കണ്ണു തുറന്നില്ല എങ്കിൽ, അവർക്കു് കണ്ണു് ഇനി തുറക്കുകയില്ലെന്നു് വിചാരിക്കേണ്ടിയിരിക്കുന്നു. അന്നത്തെ കാഴ്ച കണ്ടാൽ കൊച്ചിരാജ്യത്തിൽ ഒരു ഗവർമ്മെണ്ടുണ്ടൊ എന്നു് തോന്നും!! ആ രാജകത്വം നടമാടുന്നോ എന്നു തോന്നുമാറുള്ള ദാരുണമായ—ഭയങ്കരമായ—സംഭവങ്ങളാണു് അന്നു് ഇവിടെ ഉണ്ടായതു്. അങ്ങിനെയുള്ള പ്രകടനങ്ങളെല്ലാം ഉണ്ടാവുകയൊ ഉണ്ടാക്കുകയൊ ചെയ്യുമ്പോൾ അവകളെ തടയുകയൊ നിയന്ത്രിക്കുകയൊ ചെയ്യാൻ ഗവർമ്മെണ്ടിനു് ഒരു ശക്തിയുള്ള ആയുധം ആവശ്യമാണൊ എന്നു ഞാൻ ചോദിച്ചുകൊള്ളുന്നു. സർ, എന്റെ കയ്യിൽ ഒരു റിവോൾവർ ഉണ്ടെങ്കിൽ അതു്, കാണുന്ന ആളുകളെ ഒക്കെ വെടിവെയ്ക്കാനല്ല കൊണ്ടുനടക്കുന്നതു്. എന്നെ ആരെങ്കിലും കൊല്ലുവാനൊ, ആപത്തിൽപ്പെടുത്തുവാനൊ ഉത്സാഹിച്ചാൽ സ്വയം രക്ഷയ്ക്കുവേണ്ടി കരുതിക്കൊണ്ടു നടക്കുന്നു എന്നേയുള്ളു. അതുപോലെ, ഒരു നിയമമുണ്ടായാൽ പെട്ടെന്നു എടുത്തു് ഉപയോഗിക്കുമെന്നോ ജനങ്ങളെ ഹിംസിക്കുമെന്നോ ആരെങ്കിലും സംശയിക്കുന്നുണ്ടെങ്കിൽ അതു് വെറും മണ്ടത്തരമാണു്. അത്യന്താപേക്ഷിതമാണെന്നു തോന്നുന്ന അവസരങ്ങളിൽ നാട്ടിൽ സമാധാനം സംസ്ഥാപിക്കുന്നതിനു് ഉപയുക്തങ്ങളായ, അവശ്യം ആവശ്യമായ നിയമങ്ങളായ ആയുധങ്ങൾ, തയ്യാറുണ്ടായിരിക്കണം. അപകടം കാണുമ്പോൾ, അക്രമവും അനീതിയും നടമാടുമ്പോൾ മാത്രം ഇങ്ങിനെയുള്ള നിയമങ്ങൾ പെട്ടെന്നുണ്ടാക്കി സമാധാനരക്ഷ നൽകാമെന്നു വിചാരിക്കുന്നതു വെറും മൌഢ്യമാണു്. ഓരോ രാഷ്ട്രങ്ങളും, പെട്ടെന്നുണ്ടാകുന്ന യുദ്ധകാലങ്ങളിൽ ഉപയോഗിക്കുവാനായി യുദ്ധസാമഗ്രികൾ ശേഖരിക്കുമ്പോൾ അതു് ജനങ്ങളെയൊ മറ്റു രാഷ്ട്രങ്ങളേയൊ നശിപ്പിക്കുവാനാണെന്നു് കരുതുന്നതു് ബുദ്ധിഹീനതയാണു്. Attom Bomb ഉണ്ടാക്കിയതു് കൈവശം വെച്ചുകൊണ്ടിരിക്കുന്നതു് മറ്റു എല്ലാരാജ്യങ്ങളേയും ആക്രമിക്കാനല്ല. വേണ്ടിവന്നാൽ ഉപയോഗിക്കുവാൻ ഒരുക്കമുണ്ടെന്നു കാണുമ്പോൾ ആക്രമണങ്ങളിൽനിന്നു മറ്റുരാഷ്ട്രങ്ങളെ രക്ഷിക്കാനാണു്. ജനങ്ങൾ അക്രമത്തിനു് പുറപ്പെടുന്നതായാൽ അതിനെ തടയുവാൻ ഗവർമ്മെണ്ടിന്റെ കയ്യിൽ ഒരു ആയുധമുണ്ടെന്നു കാണിക്കുവാൻവേണ്ടിയാണു് ഇങ്ങിനെയുള്ള നിയമങ്ങളുണ്ടാക്കുന്നതു്. അവനവന്റെ ജീവനെ നിലനിർത്തണമെങ്കിൽ, അവനവന്റെ സഹോദരിമാരുടെ ചാരിത്രത്തെ സംരക്ഷിക്കണമെങ്കിൽ, അവനവന്റെ സ്വത്തിനേയും മാനത്തേയും സംരക്ഷിക്കണമെന്നു് ആഗ്രഹിക്കുന്നവരുണ്ടെങ്കിൽ ഇങ്ങിനെയുള്ള നിയമങ്ങൾ ഉണ്ടായിരിക്കേണ്ടതു് അത്യാവശ്യമാണു്. ഏതു് ഗവർമ്മെണ്ടായാലുംശരി, കമ്മ്യൂണിസ്റ്റ് ഗവർമ്മെണ്ടായാലും, കോൺഗ്രസ്സ്ഗവർമ്മെണ്ടായാലും, പക്കിസ്ഥാൻഗവർമ്മെണ്ടായാലും, പീപ്പിൾസ്കോൺഗ്രസ്സ് ഗവർമ്മെണ്ടായാലും, രാജ്യത്തിൽ സമാധാനപരമായി ഭരണം നടത്തിക്കൊണ്ടുപോകണമെങ്കിൽ അത്യന്താപേക്ഷിതമായ അവസരങ്ങളിൽ ഉപയോഗിക്കുവാനുള്ള ആയുധങ്ങളെല്ലാം ആ ഗവർമ്മെണ്ടിന്റെ കയ്യിൽ വേണ്ടതാണു്. ഗവർമ്മെണ്ടു് ഓരോനിമിഷത്തിലും മാറുമെന്നിരുന്നാലും, വരാൻപോകുന്ന ഗവർമ്മെണ്ടിനും സുരക്ഷിതമായ ഒരു ഭരണം നടത്തിക്കൊണ്ടുപോകണമെങ്കിൽ ഇങ്ങിനെയുള്ള ആയുധം ആവശ്യമാണു്. ഫ ഫ ഫ—ൽ ഇവിടെ പത്രമർദ്ദനനിയമം വന്ന അവസരത്തിൽ അതിനെ വളരെ ശക്തിയായി എതിർത്തവനാണു് ഞാൻ. അതിനെ ശക്തിയായി എതിർത്തെങ്കിലും ആ പത്രനിയമംതന്നെ ഇവിടെ നടപ്പിൽവന്നു. ആ പത്രമർദ്ദനനിയമം ഇതിനുമുമ്പു് ഉണ്ടായ മന്ത്രിസഭ Repeal ചെയ്തു, അതിന്റെ ഫലമായിട്ടു് എന്തെല്ലാം അത്യാഹിതങ്ങളുണ്ടായി എന്നു മനസ്സിലാക്കാനും, അതു് മർദ്ദനനിയമം ഇല്ലാത്തതുകൊണ്ടു് അനുഭവപ്പെട്ടതാണെന്നു പഠിച്ചു് മനസ്സിലാക്കാനും എനിക്കു സാധിച്ചു. ആ നിയമം വേണ്ട എന്നു വാദിച്ച അക്കാലത്തു് അന്നത്തെ രാഷ്ട്രീയലോകത്തിൽ ബാല

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. S. Panicker]

നായിരുന്ന എനിക്ക്, അന്ന ആ നിയമം കൊണ്ടുവന്നപ്പോൾ അതു് പത്രസ്വാതന്ത്ര്യത്തെ ഹിംസിക്കുന്ന ഒരു ആയുധമായിരുന്ന എന്ന തോന്നിപ്പോയ ഈ ഞാൻ ഈ നിയമം ഇവിടെ വേണ്ടഎന്ന ചിലർ വാദിക്കുന്നതിൽ അത്ഭുതപ്പെടുന്നില്ല. അതു് രാഷ്ട്രീയലോകത്തിൽ അല്പം ജ്ഞാനം പോരായ്മയാലാണു്. കുറച്ചു പഴക്കവും തഴക്കവും അതിൽ വരണം. അപ്പോൾമാത്രമേ അതിന്റെ യഥാർത്ഥതത്വം മനസ്സിലാക്കാൻ സാധിക്കുകയുള്ളൂ. ഫ്രഫ്രവ-ൽ ആണെന്നതോന്നുന്ന, ഒരു ക്രിമിനൽ ലാ ഭേദഗതിബില്ലിൽ ഈ നിയമസഭയിൽ പാസ്സാക്കി. പിന്നീടു് Statute Book-ൽ നോക്കിയപ്പോൾ അവിടെ കണ്ടില്ല.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഈ Statute Book എന്ന പറയുന്നതു് എന്തു് പുസ്തകമാണു്?

മിസ്റ്റർ കെ. എസ്സു്. പണിക്കർ: Acts & Proclamations നെക്കുറിച്ചാണു് ഞാൻ പറയുന്നതു്. അതിലൊന്നും കണ്ടിട്ടില്ല. അതു് എങ്ങിനെപോയി എന്ന ആർക്കും നിശ്ചയമില്ല. മഹാരാജാവു് തൃക്കൈവിളയാടി വിളംബരപ്പെടുത്തിയ നിയമമായിരുന്ന സർ, അതു്. ഇന്ന രാജ്യത്തു് നടക്കുന്ന അഴിമതികളെ തടയുന്നതിന്നുവേണ്ടി ഗവണ്മെണ്ടിന്റെ Statute Book-ൽ കായ്മയായിട്ടൊന്നുമില്ല. നാട്ടിൽ എല്ലാവക്കും ര ഔൺസ് അരിപോലും കിട്ടാൻ വിഷമിച്ചുകൊണ്ടിരിക്കുന്ന ഈ അവസരത്തിൽ ഫ വ ഔൺസും ഫ ഠ ഔൺസും അരിയുടെ ഭക്ഷണം ചതുർവിധവേണ്ടളോടുകൂടി തട്ടിഎടുക്കുന്ന ഒരു നിയമം നിലനില്ക്കുന്നുണ്ടെങ്കിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ ഭരണപദ്ധതിയനുസരിച്ചു്, മദ്രാസ്പ്രോവിൻസിലും, ബോംബെപ്രോവിൻസിലും ഇത്തരം രാജ്യരക്ഷാനിയമം അവിടെ പാസ്സാക്കിയിരിക്കുന്നുവെങ്കിൽ, അതുപോലെ ഒരു നിയമം ഇവിടെ കൊണ്ടുവന്ന എന്നല്ലാതെ ഇതിൽ മറ്റൊന്നുമില്ല.

ആവശ്യമില്ലാത്ത ഭാഗങ്ങൾ ഇതിൽ വല്ലതുമുണ്ടെങ്കിൽ അതു് സിലക്ട്കമ്മറ്റിക്കയച്ചു്, ജനകീയഭരണം നടക്കുന്ന ഈ നിയമസഭ ആവശ്യമായ ഭാഗം എടുത്തിട്ടെങ്കിലും ഇതു് പാസ്സാക്കിവെയ്ക്കേണ്ട ആവശ്യമുണ്ടു്. ഉത്തരവാദഭരണം നടത്തുന്ന രാജ്യത്തു് വിളംബരം മൂലമുള്ള നിയമവും ഭരണവും നിലനിർത്തുന്നതുതന്നെ വലിയ അപമാനകരമാണു്. നമ്മൾക്കുള്ള നിയമം നമ്മൾ കൊണ്ടുവന്നു് പാസ്സാക്കിവെക്കണം. പിന്നെ ഈ നിയമം പാസ്സാക്കിയയാലും, നമ്മുടെ കയ്യിൽത്തന്നെയാണു് ഇരിക്കുന്നതു് എന്നവസ്തുതയും വിസ്മരിക്കരുതു്. ആവശ്യമാണെന്ന തോന്നുമ്പോൾ നമുക്കു് പ്രവർത്തിക്കാം. അങ്ങിനെ അക്രമത്തെ തടയാം. അല്ലാതെ ആവശ്യം വരുമ്പോൾ അപ്പോൾ അന്വേഷിച്ചാൽ ആയുധം കിട്ടിയെന്നവരില്ല. നാം ആയുധം കരുതിവെയ്ക്കുകതന്നെവേണം. ആയുധം കയ്യിലുള്ളതുകൊണ്ടു് അക്രമം പ്രവർത്തിക്കുവാനല്ല. ഇന്നു് ഇന്ത്യയിൽ Murder case വളരെ കുറവുള്ളതു് സിക്കകാരുടെ രാജ്യത്താണു്. അവിടെ എല്ലാവരുടേയും കയ്യിൽവാൾ ഉണ്ടു്. എന്നാൽ കൊലക്കേസ്സുകൾ മറവുള്ളരാജ്യങ്ങളെ അപേക്ഷിച്ചു് ഏറ്റവും കുറവാണു്.

സർ, ക്രിമിനാൽ ഭേദഗതിബില്ലിനെ എതിർക്കുന്നതു് വരാൻപോകുന്ന തിരഞ്ഞെടുപ്പിന്റെ മുമ്പിൽ കിടക്കുന്നതോ, പിന്നിൽകിടക്കുന്നതോ ആയ ചില സംഗതികൾ കൊണ്ടായിരിക്കണം. ഇതു് എതിർക്കണം! വോട്ടു് കിട്ടണം! അങ്ങിനെ പലതുമുണ്ടാകും. ഞാൻ അതിനെ പേടിക്കാൻ നില്ക്കുന്നില്ല. രാജ്യത്തു് സമാധാനമായി കിടന്ന പൊകണം. ഇതു് മാത്രമേയുള്ളൂ എന്റെ ആവശ്യം. കൊച്ചിയിലെ നിയമനിർമ്മാണസഭയുടെ മൻഭാഗത്തു്വെച്ചു് കരിനിയമമാണെന്നു് പേരു് പറഞ്ഞിരുന്ന എങ്കിലും, പ്രധാനമന്ത്രിയുടെ രൂപം ധരിപ്പിച്ചു് അതിനെകത്തിച്ചു!!. ഇവിടത്തെ മന്ത്രിമാർ എന്തു് ചെയ്തു. പത്രങ്ങളിൽ കണ്ടു; പൊതുമരാമത്തുമന്ത്രിമരപ്പൊത്തിലൊളിച്ചു, മറ്റൊരു മന്ത്രിയെ കണ്ടില്ലെന്നു് നടിച്ചുഎന്നൊക്കെ!! എന്തും ചെയ്യാം, എന്തുപറയാം, എന്തും എഴുതാം എന്നുള്ള നിലവന്നിട്ടുണ്ടു്. ഇതിനും ഒരു അതിരു് ആവശ്യമാണു്. ഒരു അതിരു് ഉണ്ടെങ്കിൽ പത്രക്കാർ ഇങ്ങിനെ എഴുതുകയില്ല. ആ ഇടക്കു് നമ്മുടെ ബഹുമാനപ്പെട്ട മന്ത്രിമാരെകുറിച്ചു് അസഭ്യങ്ങളല്ലാതെ യാതൊന്നും എഴുതിക്കാണുകയുണ്ടായില്ല. സ്ഥാനത്തു് ആരു് ഇരുന്നാലും ഇങ്ങിനെയൊക്കെ ആയാൽ ഒരു ഗവണ്മെണ്ടിന്റെ അന്തസ്സെവിടെ? ഒരു രാജ്യത്തിന്റെ സമാധാനമെവിടെ എന്നു് ഞാൻ ചോദിക്കുന്നു? ഇതൊക്കെ നിയന്ത്രിക്കണമെങ്കിൽ ഇങ്ങിനെ ഒന്നുവേണം ചെയ്യേണ്ടതു് എന്നു് ചൂണ്ടിക്കാട്ടുകയേ കഴിയൂ.

ക്രിമിനാൽ നിയമഭേദഗതി ബില്ലിനെ എതിർക്കണം, അതിനെ തള്ളിക്കളയണം; അതു് കരിനിയമമാണു് എന്നൊക്കെ വലിയ ഒച്ചപ്പാടുണ്ടാക്കിക്കൊണ്ടു നടക്കുന്നവരും

LIBRARY ARCHIVES Kerala Legislative Assembly

അതിന്റെ പിന്നിൽ 'കരിനിയമം കരിച്ചുകളയണം' എന്നൊക്കെ വലിയ ശബ്ദമുണ്ടാക്കിക്കൊണ്ടു നടക്കുന്നവരും ഈ നിയമം വായിച്ചു നോക്കി മനസ്സിലാക്കി അതു തള്ളിക്കളയണമെന്നു പറയുകയാണെങ്കിൽ വേണ്ടില്ലായിരുന്നു. പക്ഷെ അങ്ങിനെ വായിച്ചു നോക്കിയവർ അതിൽ വളരെ ചുരുക്കമാണെന്നാണു എന്റെ അഭിപ്രായം. രാജ്യത്തു സമാധാനം വേണം. ജനങ്ങൾക്കു പൊതുസ്വാതന്ത്ര്യം വേണമെന്നുവെച്ചു, എല്ലാവരും കാണിക്കുന്നതൊക്കെ അവനവന്റെ സ്വാതന്ത്ര്യമാണെന്നു വിചാരിക്കുകയാണെങ്കിൽ ആ സ്വാതന്ത്ര്യത്തിനു ഇടംകൊടുക്കാൻ പാടുള്ളതല്ല. പൊതുസ്വാതന്ത്ര്യം എല്ലാവക്കും വേണം. അതുവേണമെങ്കിൽ ഇങ്ങിനെയുള്ള നിയമനിർമ്മാണങ്ങൾ അത്യന്താപേക്ഷിതമാണു. ഇതിനെ എതുക്കുന്നവർ അക്രമത്തിനു ഇടംകൊടുക്കാൻ സന്നദ്ധരാണെന്നാണു ഞാൻ വിശ്വസിക്കുന്നതു. അക്രമത്തിന്റെ പിന്നിലെ ആളുകളുള്ളു. പക്ഷെ ഞാൻ അതിൽനിന്നു കുറച്ചു വിഭിന്നമായ അഭിപ്രായക്കാരനാണു. രാജ്യത്തിന്റെ സമാധാനം പുലർത്തുവാൻ ജനങ്ങളുടെ രക്ഷക്കു വേണ്ടി ഇങ്ങിനെ ഒരു നിയമം ആവശ്യമാണെന്നു പറയുന്നതാണെങ്കിൽ അതു പിൻതിരിപ്പൻ നയമായി പ്രഖ്യാപിക്കുന്നവർ ഞാൻ ഒരു പിൻതിരിപ്പനാണെന്നു വിചാരിച്ചുകൊള്ളട്ടെ. ഈ ബില്ലു തള്ളിക്കളയണമെന്നുള്ളതു ശരിയല്ല. രാജ്യഭരണം ശരിയായി കൊണ്ടുപോകണമെന്നു വിചാരിക്കുന്നവർ, നിട്ടിൽ അരാജകത്വം നടമാടാതെ, ക്ഷേമവും സമാധാനവും പുലർന്നുകാണണമെന്നാഗ്രഹിക്കുന്നവർ, അവനവന്റെ സ്ത്രീകളുടെ ചാരിത്ര്യം സംരക്ഷിക്കണമെന്നു ആഗ്രഹമുള്ളവർ അവനവന്റെ സ്വത്തിനേയും, ജീവനെ തന്നെയും രക്ഷിക്കണമെന്നു ആഗ്രഹിക്കുന്നവർ ഈ ബില്ലിനെ അനുകൂലിക്കുമെന്നു വിശ്വസിച്ചുകൊണ്ടും ഇതിനെ ബലമായി പിൻതാങ്ങികൊണ്ടും എന്റെ പ്രസംഗം അവസാനിപ്പിച്ചു കൊള്ളുന്നു.

* മിസ്റ്റർ സി. എൻ. ഇട്ടിരവി നമ്പൂതിരി : ഞാൻ ഈ വിഷയത്തെക്കുറിച്ചു രണ്ടു വാക്കു സംസാരിച്ചാൽകൊള്ളാമെന്നു ആശിക്കുന്നു. ഈ ഭേദഗതിബില്മൂലം വളരെ അപകടങ്ങളാണു മേലിൽ നടക്കാൻ പോകുന്നതു. ഇതു ഇങ്ങിനെ വെച്ചുകൊണ്ടിരുന്നാലും അപകടമാണു. ഒന്നിലൊ ഇതു പസ്സാക്കുക, അല്ലെങ്കിൽ ഇതു തള്ളിക്കളയുക ഇതിൽ രണ്ടിലൊന്നു വേഗം വേണം. അല്ലെങ്കിൽ ഇനി എന്തൊക്കെയാണു നടക്കാൻ പോകുന്നതെന്നു നിശ്ചയമില്ല. കഴിഞ്ഞതവണ ഇതിന്റെ രൂപം കെട്ടിയുണ്ടാക്കി കത്തിച്ചു. അതു കഴിഞ്ഞു എന്നു വിചാരിച്ചു. അപ്പോൾ അതിനൊരു പ്രതിഷേധം! അതിനു അതിന്റെ മുമ്പിൽവെച്ചു തന്നെ ഒരു തല്ലു! അതിനെ പ്രതിഷേധിക്കാൻ വേറൊരു തല്ലു! ഇനി ഏതു തല്ലാണൊ ഉണ്ടാകാൻപോകുന്നതെന്നു രൂപമില്ല. (ചിരി) ഇങ്ങനെ പല അബദ്ധങ്ങളും ഇതിങ്ങിനെ വെച്ചുകൊണ്ടിരുന്നാൽ ഉണ്ടാകാനിടയുണ്ടു എന്നാണു തോന്നുന്നതു. പിന്നെ ഇതു ആക്ഷംവേണ്ടാത്ത ഒരു സാധനം ഇങ്ങിനെ രണ്ടും അല്ലാത്തനിലയിൽ വെച്ചുകൊണ്ടിരുന്നിട്ടു കാര്യമില്ല. അധികാരം കൈവശം വെക്കുന്നവക്കാണു ഈ നിയമത്തിന്റെ ആവശ്യം എന്നു പറഞ്ഞു. അധികാരം കൈവശം വെക്കുന്നവക്കു ആവശ്യമാണെന്നു തോന്നുമ്പോൾ പ്രയോഗിക്കാൻ ഒരു നിയമം അപ്പോൾ ഉണ്ടാകുകയില്ലെ. പിന്നെ ഇപ്പോൾ ഈ നിയമമുണ്ടാക്കിയാൽതന്നെ ആവശ്യമില്ലെന്നു തോന്നിയാൽ അപ്പോൾ അങ്ങോട്ടു കളയാമല്ലൊ. എന്റെ അഭിപ്രായത്തിൽ നിയമങ്ങളും ഒന്നുംതന്നെ വേണ്ട എന്നാണു. അതുണ്ടായാൽ സ്വാതന്ത്ര്യഭംഗമല്ലേ? അതല്ല; ആവശ്യമെന്നു തോന്നുമ്പോൾ നിയമം ഉണ്ടാക്കാനും, അതപ്പോൾതന്നെ വേണമെങ്കിൽ വേണ്ട എന്നു വെയ്ക്കാനും വാക്ഷമമില്ലല്ലോ. ഇതുകൊണ്ടു യാതൊന്നും ഉണ്ടാകാൻ പോകുന്നില്ല. ഇന്നു നെല്ലു കൃഷിചെയ്തു ഉണ്ടാക്കിയവൻ ആ നെല്ലു എടുത്തുണ്ടാൽ അതുകുറ്റമാണു. ആ നിയമം ഇവിടെ ഇരിക്കുമ്പോൾ ഈ നിയമം വന്നാൽ എന്താണു അപകടം!!. ഇങ്ങിനെയുള്ള നിയമത്തിലുംഭേദം കൃഷി ചെയ്യുന്നതു എന്നൊരു നിയമമുണ്ടാക്കുകയല്ലെ എന്നുകൂടി തോന്നിപ്പോകുന്നു. ഇതിലും അധികം നല്ലതു, വിശപ്പുണ്ടു എന്നു പറഞ്ഞാൽ അയാളെ ശിക്ഷിക്കുകയെന്നായാൽ പിന്നെ കഴപ്പമൊന്നുമില്ല! (ചിരി) അപ്പോൾ ഇങ്ങിനെയൊക്കെ ഇരിക്കുന്ന കാലത്തു ഈ നിയമം ഉണ്ടായതുകൊണ്ടും അബദ്ധമൊന്നും ഉണ്ടാവാനില്ല. ഈ പ്രക്ഷോഭണം ഉണ്ടാക്കാൻ വേണ്ടി ഇതു ഇതിന്റെ ഉള്ളിലിട്ടു പൂകയ്ക്കുല്ലെ, എന്നു മാത്രമേ എനിക്കു പറയുവാനുള്ളു.

പിന്നെ മിസ്റ്റർ പണിക്കർ പറഞ്ഞപോലെ ഈ സ്വാതന്ത്ര്യത്തിനു ഒരു അതൃത്തിയുമില്ലെന്നുവന്നാൽ അതും വിഷമമാണു. അവനവനു തോന്നിയതൊക്കെ പറയാം,

LIBRARY ARCHIVES Kerala Legislative Assembly

[Mr. C. N. Ittiravi Nambudiri]

തോന്നിയതൊക്കെ ചെയ്യാം എന്നായിരിക്കുന്നു. ഈ സ്വാതന്ത്ര്യം മൂത്താൽ എന്താകും എന്നു്വെച്ചാൽ നാട്ടിലുള്ളവക്കൊക്കെ ഭ്രാന്തായതിനാൽ എന്നെ പിടിച്ചു് തടിയിലിട്ടിരിക്കുന്നു എന്നു് ഭ്രാന്തന്മാർ പറയുന്നപോലെയാകും. എല്ലാവക്കും സ്വാതന്ത്ര്യം വേണമെന്നു വെച്ചാലും ഇതു് തന്നെയാണു് ഫലം. അതുപോലെയാണു് ഈ സ്വാതന്ത്ര്യത്തിന്റെ കഴ്ചവും. ഇതുകൊണ്ടൊന്നും യാതൊരു കാര്യവുമില്ല. ഇതുകൊണ്ടൊന്നും കായ്മാകയില്ല. ഇതൊക്കെ മുമ്പു പറഞ്ഞതുപോലെ എലക്ഷനുള്ള വിദ്യയാണു്. ഇതുകൊണ്ടൊക്കെ ആളുകളെ പാട്ടിലാക്കി വോട്ടുമേടിച്ചു് ഇവിടെ വന്നിട്ടു കായ്മില്ല. പറയാനുള്ളതു് ശരിയായ മനഃസാക്ഷിയനുസരിച്ചു് ധൈര്യമായി പറയുക. അല്ലാതെ വോട്ടിനുവേണ്ടി മനഃസാക്ഷിയെ വഞ്ചിക്കരുതു്. കൊച്ചിരാജ്യത്തിൽ ഇപ്പോൾ ഈ നിയമം പാസ്സാക്കാനുള്ള വിഷമമെന്താണെന്നുവെച്ചാൽ, നമ്മളുടെ ചുറ്റുമുള്ള സകല രാജ്യങ്ങളിലും ഇതു പാസ്സാക്കികഴിഞ്ഞു. കൊച്ചിക്കു പണ്ടേയുള്ള ഒരു വിശേഷം മറ്റു രാജ്യങ്ങളെ അപേക്ഷിച്ചു് ഒരു പടി മുന്നിട്ടു നില്ക്കുണം. അപ്പോൾ, മറ്റു രാജ്യങ്ങളിലൊക്കെ പാസ്സാക്കീട്ടുള്ള ഈ ബിൽ ഇവിടെ പാസ്സാകാതെയിരുന്നാൽ കൊച്ചിരാജ്യം അവരേക്കാൾ ഒരു പടി മേലെയായി. അതാണു് ഇതിവിടെ പാസ്സാക്കാനുള്ള ഒരു വിഷമം. ഡെൽഹി അസംബ്ലി, ബോംബെ, മദ്രാസു് ഇവിടങ്ങളിലൊക്കെ പാസ്സാക്കീട്ടുള്ള ഈ ബിൽ അതു പാസ്സാക്കിയിട്ടുള്ള ആളുകളുടെ നേതൃത്വത്തിലും ആത്മാർത്ഥതയിലും വിശ്വസിക്കുന്ന ഇവിടത്തെ ആളുകൾക്കു് ഇവിടെയും പാസ്സാക്കുവാൻ യാതൊരു വിഷമവുമില്ല. ഞങ്ങളെ ഉപദ്രവിക്കാനുള്ള ബിൽ വല്ലതും അവിടങ്ങളിൽ പാസ്സാക്കിയാൽ ഉടനെ ആ കാരണവും പറഞ്ഞു് അതു ഇവിടെയും കൊണ്ടുവരാവുണ്ടു്. പിന്നെന്തുകൊണ്ടു് ഈ ബിൽ മാത്രം ഇവിടെ പാടില്ലെന്നു പറയുന്നു. ഈ ബിൽ പാസ്സാക്കാൻ ഇന്നത്തെ മന്ത്രിമാരിൽ നിങ്ങൾക്കു വിശ്വാസമില്ലാത്തതുകൊണ്ടാണോ മടിക്കുന്നതു്. അങ്ങിനെയാണെങ്കിൽ, ഇവിടെയുള്ള ആളുകൾക്കു് ഈ മന്ത്രിമാരിൽ വിശ്വാസമില്ലെങ്കിൽ അവർ രാജിവെക്കേണ്ടതാണു്. വിശ്വാസം ഇല്ലെന്നു വിശ്വസിക്കുന്നവർ—അവരിൽ മറ്റുള്ളവക്കു വിശ്വാസമുണ്ടെങ്കിൽ അവർ—കയറിയിരുന്നു ഭരിക്കട്ടെ. ഭരണം നടത്തണമെങ്കിൽ നിയമങ്ങൾ വേണം, ചില നിയന്ത്രണങ്ങൾ വേണം. യാതൊരു നിയമവും നിയന്ത്രണങ്ങളും വേണ്ടെന്നുവെച്ചാൽ, ഇപ്പോൾ ഇവിടെ ആ ഗാലറിയിലിരിക്കുന്നവരൊക്കെ ഇങ്ങോട്ടു കയറിവരും. രണ്ടോ നാലോ ആളുകൾ കൂടിച്ചു് പ്രസംഗിക്കും. അതുകൂടാതെ അവർ അവിടെ അടങ്ങിയിരിക്കുന്നതെന്താണെന്നുവെച്ചാൽ മറ്റു ചിലർ അതു തടയും, അതുകൊണ്ടു് തങ്ങൾക്കു ചില ഉപദ്രവങ്ങളുണ്ടാകുമെന്നു വെച്ചിട്ടുതന്നെയാണു്. അപ്പോൾ ഭരിക്കുന്നതിനു ചില നിയന്ത്രണങ്ങളൊക്കെ ആവശ്യമാണു്. ഭരിക്കാനുള്ള നിയമങ്ങളൊന്നും വേണ്ടെന്നു പറയുകയാണെങ്കിൽ ഈ കൌൺസിലിന്റെ ആവശ്യമില്ല. നിയമമുണ്ടാക്കാനാണു് ഈ കൌൺസിലിന്റെ ആവശ്യം. നിയമമുണ്ടാക്കേണ്ടെങ്കിൽ പിന്നെ കൌൺസിൽ വേണ്ട. വേറെ വല്ല നാട്ടിലും പോയി വേറെ വല്ല പണിയും നോക്കാമല്ലോ.

അതുകൊണ്ടു് എനിക്കു പറയാനുള്ളതു് ഇന്നത്തേതു് വിശ്വാസമുള്ള ഗവൺമെണ്ടാണെങ്കിൽ ഈ നിയമം പാസ്സാക്കണം. ഈ നിയമം ഇവിടെ തള്ളിക്കളയുകയാണെങ്കിൽ അതിന്റെ അർത്ഥം ഈ ഗവൺമെണ്ടിൽ വിശ്വാസമില്ലെന്നതാണു്. പിന്നെ മറന്നാളത്തെ അവിശ്വാസപ്രമേയത്തിന്റെ ആവശ്യമില്ല. ഇന്നത്തെ ഗവൺമെണ്ടിനു് ഈ നിയമം തള്ളിയാൽ ഭരിക്കാൻ സാദ്ധ്യമല്ല. വെറും മട്ടനം, മട്ടനം എന്നൊക്കെ പറഞ്ഞു് ഈ നിയമം തള്ളുന്നതു് ശരിയല്ല. ഇവിടെ ഇതു് ഇന്നു പാസ്സായിക്കഴിഞ്ഞാൽ നാളെ മുതൽ ജനങ്ങളുടെ പുറത്തു് അടി തുടങ്ങുമെന്നു തോന്നുന്നില്ല (ചിരി). മട്ടനം എന്നു പറഞ്ഞാൽ മട്ടനമാകയില്ല. അതൊക്കെ പറഞ്ഞു് ആളുകളെ തെറ്റിദ്ധരിപ്പിച്ചിട്ടു കായ്മില്ല.

ഇനി ഭരിക്കാൻ നല്ല ആളുകളാണെന്നു ചോദിച്ചാൽ അതു പറയാൻ വിഷമമാണു്. എന്തെന്നാൽ അധികാരം കിട്ടിക്കഴിഞ്ഞാൽ പിന്നെ പഴയ കായ്ങ്ങളൊക്കെ മറക്കും. അധികാരം എന്നതു് ലഹരിപദാർത്ഥംപോലെയാണു്. അതു് കൈയിൽ കിട്ടിയാൽ ഉടനെ അധികാരലഹരി തലയ്ക്കു കയറും. അതു് അധികം കയറാത്ത ആളുകൾക്കു് അധികാരം കൊടുത്താൽ കൊള്ളാം. അതാലോചിച്ചു് ഈ ബിൽ തള്ളുകയൊ, കൊള്ളുകയൊ ചെയ്യുക എന്നു പറഞ്ഞുകൊണ്ടു് ഞാൻ പ്രസംഗം അവസാനിപ്പിക്കുന്നു.

മിസ്റ്റർ എം. ഐ. പോൾ: സർ, ഈ ബില്ലിനെപറ്റിയുള്ള വാദപ്രതിവാദത്തിൽ പങ്കെടുക്കാൻ ഞാനും വിചാരിക്കുന്നു. ഈ ബിൽ ഇവിടെ കൊണ്ടുവന്നതിന്റെ ഉദ്ദേശത്തെക്കുറിച്ചു് സ്വല്പം പറഞ്ഞുകൊള്ളട്ടെ. നാട്ടിൽ എന്തെങ്കിലും തക്കതായ കുഴപ്പങ്ങളു

LIBRARY ARCHIVES Kerala Legislative Assembly

ണ്ടാകുന്നകാലത്തു് അതിനെ നിയന്ത്രിക്കുന്നതിനാവശ്യമായ അധികാരങ്ങൾ ഗവണ്മെണ്ടിന്റെ കൈയിൽ നിക്ഷിപ്തമായിരിക്കേണ്ടതു് ആവശ്യമാണു്. എന്നാൽ കൊച്ചിരാജ്യത്തെ സംബന്ധിച്ചിടത്തോളം അങ്ങനെയുള്ള കഴപ്പങ്ങളോ, ജനങ്ങളുടെ ജീവനെത്തന്നെ ഭയപ്പെടുത്തുന്നതരത്തിലുള്ള പരിതഃസ്ഥിതികളോ ഇവിടെയുണ്ടെന്നു വിശ്വസിക്കുന്ന ആളല്ല ഞാൻ. സമാധാനപരമായി കൊച്ചിരാജ്യത്തിലെ ജനങ്ങൾ അനുവർത്തിച്ചുവരുന്നുണ്ടെന്നു വിശ്വസിക്കുന്ന ആളാണു് ഞാൻ. എന്നാൽ ഗവണ്മെണ്ടു് ഇതുകളെ ഭയന്നുകൊണ്ടു് ഇങ്ങിനെയുള്ള നിയമങ്ങൾ സൃഷ്ടിച്ചുവെയ്ക്കുണമെന്നുദ്ദേശിക്കുന്നുണ്ടെങ്കിൽ രാജ്യത്തിന്റെ ഇപ്പോഴത്തെ ഈ പരിതഃസ്ഥിതിയിൽ ഇതാവശ്യമുണ്ടെന്നു തോന്നുന്നില്ല. ഇപ്പോൾ നിലവിലിരിക്കുന്ന നിയമങ്ങൾകൊണ്ടുതന്നെ ജനങ്ങളുടേയും ഗവണ്മെണ്ടിന്റേയും നിലയെ സുരക്ഷിതമാക്കുന്നതിനു നമ്മൾക്കിന്നു സാധിക്കുന്നുണ്ടു്.

മിസ്റ്റർ കെ. എസ്. പണിക്കർ: വിളംബരംകൊണ്ടാണോ?

മിസ്റ്റർ എം. ഐ. പോൾ: വിളംബരംകൊണ്ടോ, നിയമംകൊണ്ടോ ഇന്നതു സാധിക്കുന്നുണ്ടു്. മഹാരാജാവിൽനിന്നു് ഇടയ്ക്കിടയ്ക്കു് വിളംബരം പുറപ്പെടുവിക്കുന്നുണ്ടു്. അതുകൊണ്ടുതന്നെ നമ്മൾക്കു സുരക്ഷിതമായി ഭരണം നടത്തിക്കൊണ്ടുപോകുവാൻ കഴിയും. എന്നാൽ, ക്രിമിനൽ സംബന്ധിച്ചുള്ള പോലീസിന്റെ നടപടികളൊക്കെ ഇന്നു ജനങ്ങളുടെ നിയന്ത്രണത്തിലുള്ള ഭരണത്തിൽ വന്നിട്ടുണ്ടോ? ഇല്ല, അങ്ങിനെയുള്ള സ്ഥിതിക്കു് നമ്മളുടെ മന്ത്രിമാരിൽ ഒരാൾക്കുതന്നെ മഹാരാജാവു് എഴുതിച്ചുകൊടുത്തിട്ടുള്ള പോലീസ് ഡിപ്പാർട്ടുമെണ്ടു് ഇന്നു നിലവിലിരിക്കുന്ന നിയമങ്ങൾകൊണ്ടുതന്നെ വളരെ അനീതിപരമായ പ്രവർത്തനങ്ങൾ നടത്തീട്ടുണ്ടെന്നു നമ്മൾ കണ്ടുകഴിഞ്ഞു. കഴിഞ്ഞ കൌൺസിൽകാലത്തു്, കൌൺസിൽ സെഷൻ നടന്നുകൊണ്ടിരിക്കുന്ന സമയത്തു് കൌൺസിൽ ഹാളിന്റെ ര ഭാഗത്തും പൊലീസിനെ നിറുത്തി പോലീസിന്റെ അകമ്പടിയോടുകൂടി കൌൺസിൽ നടത്താൻ ഇടവന്ന സംഗതി കൌൺസിലിന്റെ അന്തസ്സിനും അഭിമാനത്തിനും പോരാത്ത ഒന്നാണെന്നു് പല മെംബറന്മാരും ആക്ഷേപിച്ചപ്പോൾ പോലീസിന്റെ അധികാരം കൈയിൽ വെച്ചുകൊണ്ടിരിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി മിസ്റ്റർ ടി. കെ. നായർ അവർകൾ പറയുകയുണ്ടായി "ഇന്നു ജനങ്ങളുടേയും ഗവണ്മെണ്ടിന്റെ ഭരണത്തിന്റേയും നില സുരക്ഷിതമാക്കാനുള്ള അധികാരം കൊച്ചിഗവണ്മെണ്ടിനുണ്ടെന്നു"". അദ്ദേഹം അതു് ധൈര്യപൂർവ്വം പറഞ്ഞതു് ഇന്നു നിലവിലുള്ള നിയമങ്ങളെ വെച്ചുകൊണ്ടുതന്നെയാണു്. നിലവിലുള്ള നിയമത്തിൽ അധികാരം ഇല്ലാത്തതുകൊണ്ടാണോ അന്നച്ചുണ്ണി ബോട്ടുജട്ടി വഴിയിൽവെച്ചും വൈകുന്നേരം രാജേന്ദ്രമൈതാനത്തുവെച്ചും പോലീസ് നരവേട്ട നടത്തിയതെന്നു ഞാൻ ചോദിക്കുന്നു.

Mr. M. Sivarama Menon *(Constitutional Adviser)*: Sir, I raise a point of order. It is a well known fact that cases in regard to this matter are pending in a court of law and I think it is better that we do not allow to make any reflections upon this incident.

Panel Chairman: The Hon'ble Member will please make no reference in regard to the details of the incident which he referred to now.

മിസ്റ്റർ എം. ഐ. പോൾ: ഞാൻ കണ്ടകാര്യമാണു പറയുന്നതു്. അവിടെ രക്തച്ചൊരിച്ചിലുണ്ടായിട്ടുണ്ടു്. അതു ഞാൻ പറയുന്നതു കേസിന്റെ ഗുണത്തിനായാലും ദോഷത്തിനായാലും സബ്ജൂഡീസായാലും ഞാൻ കണ്ടകാര്യമാണു്. അതിവിടെ പറയാതെ തരമില്ല. ഇന്നത്തെ നിയമം വെച്ചുകൊണ്ടാണു പോലീസ് അവിടെ നരവേട്ട നടത്തിയതു്. ഇന്നത്തെ നിയമം വെച്ചുകൊണ്ടാണു് അവിടെ രക്തച്ചൊരിച്ചിലുണ്ടാക്കിയതു്.

Panel Chairman: The Hon'ble Member would refrain from such references.

മിസ്റ്റർ എം. ഐ. പോൾ. ആ സ്ഥിതിക്കു രാജ്യത്തിന്റെ ഭരണം സുരക്ഷിതമായി നടത്തിക്കൊണ്ടുപോകാൻ ഇന്നു നിയമം നിലവിലുണ്ടു്. ആസ്ഥിതിക്കു, പോലീസ് ഭരണം ഒരു മന്ത്രിയുടെ കൈയിൽ മാത്രം വെച്ചുകൊണ്ടിരിക്കുന്ന സ്ഥിതിക്കു, പോലീസ് വകുപ്പിന്റെ ഭരണത്തിൽ ജനകീയ കക്ഷികൾക്കു പൂർണ്ണമായി കൈകടത്താൻ അധികാരം ഇല്ലാതെയിരിക്കുന്നസ്ഥിതിക്കു, ഇങ്ങിനെയുള്ള ഒരു നിയമം ഉണ്ടാക്കി ഒരു മന്ത്രിക്കു എഴുതിച്ചുകൊടുക്കാൻ ജനങ്ങൾക്കു ഒരുക്കമില്ല. ഇങ്ങിനെയുള്ള ഒരു നിയമം, ജനങ്ങളുടെ പൌരസ്വാതന്ത്ര്യത്തെ ലംഘിക്കത്തക്ക ഒരു നിയമം, ഇന്നത്തെ ഗവണ്മെണ്ടിന്റെ കൈയിൽ എഴുതിച്ചുകൊടുക്കുന്നതു കരങ്ങളുടെ കൈയിൽ പൂമാല കൊടുക്കുന്നതുപോലെ ആയിരിക്കും. മിസ്റ്റർ കെ. എസ്സ്. പണിക്കർ പറയുകയുണ്ടായി ഈ എഴുത്തുകളൊക്കെ അടുത്ത എലക്ഷനുവേണ്ടിയുള്ള ഒരു സൂത്രമാണെന്നു്. ഞാൻ പറയുന്നു

LIBRARY ARCHIVES Kerala Legislative Assembly

[Mr. M. I. Paul]

അടുത്ത തിരഞ്ഞെടുപ്പു പ്രായപൂർത്തി വോട്ടവകാശത്തോടുകൂടി നടത്തുന്ന ഒന്നാണു്, അടുത്ത തിരഞ്ഞെടുപ്പു സംബന്ധിച്ചു പലതരത്തിലുള്ള പ്രചരണങ്ങളുമുണ്ടായിരിക്കും. സ്ഥാപിതതാല്പര്യക്കാരുടെ താല്പര്യങ്ങൾക്കെതിരായ പ്രചരണങ്ങളോ പത്ര പ്രസ്താവനകളോ, മറ്റെന്തെങ്കിലും കാര്യങ്ങളോ ഞങ്ങളുടെ പാർട്ടിയിൽനിന്നു നടത്തേണ്ടിവരും അങ്ങിനെ അവക്കെതിരായ പ്രചരണങ്ങളേയും പ്രവർത്തനങ്ങളേയും തടയാനുള്ള ഒരായുധമെന്ന നിലയിൽ ഈ നിയമമുപയോഗിക്കാമെന്ന വെച്ചാണു് സ്ഥാപിതതാല്പര്യക്കാർ ഇതിനെ അനുകൂലിക്കുന്നതു്. ഇങ്ങിനെയുള്ള ഒർവസരത്തിൽ ഇത്തരം നിയമം ഇന്നത്തെ ഗവമ്മെണ്ടിനെ ഏല്പിക്കുന്നതു് യുക്തമല്ല. ആ സ്ഥിതിക്കു ഈ നിയമം ഇപ്പോൾ ആവശ്യമില്ലെന്നു മാത്രമേ എനിക്കു പറയുവാനുള്ളൂ.

മിസ്റ്റർ എം. ശിവരാമമേനോൻ: സർ, ഈ ബില്ലിന്റെ ഗുണദോഷത്തെപ്പറ്റി ചിന്തിക്കുന്നതിനുമുമ്പായി പൌരസ്വാതന്ത്ര്യം എന്നുവെച്ചാൽ എന്താണു് പൂർണ്ണപൌരസ്വാതന്ത്ര്യം എന്നു വെച്ചാൽ എന്താണു് എന്നു ഈ സഭയെ ഒന്നു മനസ്സിലാക്കിയാൽ കൊള്ളാമെന്നു് എനിക്കു തോന്നുന്നുണ്ടു്. എന്തെന്നാൽ പൌരസ്വാതന്ത്ര്യം എന്നു തനിച്ചു പറയുകയാണെങ്കിൽ അതു് അതാതു കാലത്തു് നിലവിലിരിക്കുന്ന നിയമത്തിനു അധീനപ്പെട്ടു് ജീവിക്കുന്നതിനുള്ള സ്വാതന്ത്ര്യമാണു്. എന്നാൽ ആ പൌരസ്വാതന്ത്ര്യത്തെ വിട്ടു പൂർണ്ണ പൌരസ്വാതന്ത്ര്യം എന്നു പറയുന്നതു് യാതൊരു നിയമത്തിനും വിധേയമാകാതെ താന്തോന്നിത്തംപോലെ, ഇഷ്ടംപോലെ, നടക്കുന്നതിനുള്ള സ്വാതന്ത്ര്യമാണു് എന്നുള്ളതാണെങ്കിൽ ആ സ്വാതന്ത്ര്യം പൌരസ്വാതന്ത്ര്യമല്ല. എന്തെന്നാൽ മനുഷ്യർക്കു താന്തോന്നിത്തം പോലെ നടക്കുവാനുള്ള സ്വാതന്ത്ര്യം വേണമെന്നു പറയുന്നതായാൽ ആ സ്വാതന്ത്ര്യം, ഇംഗ്ലീഷിൽ പറയുകയാണെങ്കിൽ, അനാക്കിയാണു് എന്നാണു് പറയുന്നതു്. അതുകൊണ്ടു് ഏതെങ്കിലും നിയമം നടപ്പാക്കുന്നതുകൊണ്ടു് പൂർണ്ണ സ്വാതന്ത്ര്യത്തോടുകൂടി ആ നിയമത്തിനു വിധേയമായി ജീവിക്കുന്നതിനു ഒരു നിയന്ത്രണം ഉണ്ടാകുന്നതുകൊണ്ടു് അതു പൌരസ്വാതന്ത്ര്യത്തിനു യാതൊരു ഹാനിയും തട്ടുന്നകാര്യമാണെന്നു പറയുവാൻ നിവൃത്തിയില്ല. ആ നിലയിലല്ലാതെ പൌരസ്വാതന്ത്ര്യത്തെ വ്യാഖ്യാനിക്കുന്നതായാൽ ഏതൊരു ഗവമ്മെണ്ടിലും ലോകത്തിൽ യാതൊരു രാജ്യത്തും പൌരസ്വാതന്ത്ര്യമില്ലെന്നു ഉൽഘോഷിക്കുവാൻ സാധിക്കുന്നതാണു്. അതുകൊണ്ടു് ഒന്നാമതു് എനിക്കു പറയുവാനുള്ളതു് പൌരസ്വാതന്ത്ര്യത്തെ ഹനിക്കുന്ന ഒരു നിയമമാണു് ഇതെന്നു പൊതുജനങ്ങളോ ഈ സഭയിലെ ഏതെങ്കിലും അംഗമോ വിചാരിക്കുന്നതായാൽ ഈ സമയംവരെ നിലവിലിരിക്കുന്ന ഇൻഡ്യൻ ശിക്ഷാനിയമം പൌരസ്വാതന്ത്ര്യത്തെ ഹനിക്കുന്നതാണെന്നു വളരെ ഉച്ചൈസ്സ്വരം പറയുവാൻ ഞാൻ തയ്യാറാകും. എന്തെന്നാൽ ഈ ബില്ലിൽ എന്തൊരു പൌരസ്വാതന്ത്ര്യമാണു് ഗവമ്മെണ്ടു് കൊള്ളയടിക്കുവാൻ വെച്ചിരിക്കുന്നതെന്നു് ഓരോ പ്രാസംഗികന്മാരും ഓരോ വ്യക്തികളും ഓരോ അസോസിയേഷനും ഇതിനെപ്പറ്റി ഓരോതരത്തിലും പറയുന്നതു കേട്ടിട്ടും പത്രങ്ങളിൽ കണ്ടിട്ടും ഈ പുസ്തകം എടുത്തു് ഒന്നു നോക്കുവാൻ പാടില്ലെ? എന്താണു് ഗവമ്മെണ്ടു് ചെയ്തിട്ടുള്ളതെന്നു്. സ്വല്പനേരം നമ്മുടെ രാജ്യത്തിന്റെ നന്മയ്ക്കുവേണ്ടിയൊ, തിന്മയ്ക്കുവേണ്ടിയൊ ക്രുലങ്കഷമായി അതൊന്നു പരിശോധിക്കുവാൻ ആളുകൾക്കു ക്ഷമയുണ്ടാകുന്നില്ലല്ലൊ എന്നു എനിക്കു പലപ്പോഴും തോന്നീട്ടുണ്ടു്. ഈ അഭിപ്രായംതന്നെ എന്റെ മാന്യസ്നേഹിതൻ മുകുന്ദപുരം മെമ്പർ മിസ്റ്റർ പണിക്കർ പറഞ്ഞുകേട്ടപ്പോൾ എന്റെ നിലയോട് ഒരാളെങ്കിലും യോജിക്കുവാനുണ്ടല്ലൊ എന്നു സമാധാനിക്കാം. അതനുസരിച്ചാണു് ഈ വിഷയത്തെപ്പറ്റി ഇപ്പോൾ ഒന്നു പ്രത്യേകിച്ചു ഈ സഭയിൽ എടുത്തു പറയാമെന്നുവെച്ചതു്. യാതൊരു തടസ്ഥവും കൂടാതെ രണ്ടു മൂന്നു ദിവസം വലിയ പ്രസംഗങ്ങൾ ചെയ്തിട്ടും അതിന്നിടക്കു ഒരൊറ്റ വാക്കുപോലും പറയാതെ ഞൻ കേട്ടുകൊണ്ടിരുന്നു. ഞാൻ ഇതു് വളരെ ഗൌരവമായി പറയുകയാണു്. കൊച്ചിരാജ്യത്തിന്റെ നന്മയും തിന്മയും നിങ്ങൾ കയ്യേല്പിക്കുവാൻ പോകുകയാണു് എന്നു ദൃഢമായി വിശ്വസിക്കുന്ന ഒരാളാണു് ഞാൻ. അതുകൊണ്ടു് എനിക്കു പറയുവാനുള്ളതു് ക്ഷമയോടുകൂടി കേൾക്കുവാൻ ഞാൻ ബഹുമാനപ്പെട്ട വടക്കാഞ്ചേരി മെമ്പറോടപേക്ഷിക്കുന്നു.

ഈ ബില്ലിലെ പലേ വകുപ്പുകളെക്കുറിച്ചും വടക്കാഞ്ചേരി മെമ്പർ അവർകൾ ഇവിടെ പ്രസംഗിച്ചതുകൊണ്ടു് ഇനി അതും അതിനെപ്പറ്റി നോക്കേണ്ടതില്ല, അതെല്ലാം വ്യക്തമായി കഴിഞ്ഞു എന്നു പറയുന്നസ്ഥിതിക്കു അതിനു ചുരുക്കമായിട്ടെങ്കിലും

LIBRARY ARCHIVES Kerala Legislative Assembly

മറുപടി പറയാതിരുന്നാൽ അതു് ഗവൺമെണ്ടിന്റെ അന്തസ്സിനും രാജ്യത്തിന്റെ ക്ഷേമത്തിനും ഹാനികരമാണു്.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ: ഞാൻ അങ്ങിനെ അഭിമാനിക്കുന്നില്ല.

മിസ്റ്റർ എം. ശിവരാമമേനോൻ: ബഹുമാനപ്പെട്ട വടക്കാഞ്ചേരി മെമ്പൻ അവർകൾതന്നെ തന്റെ പ്രസംഗത്തിൽനിന്നു പറഞ്ഞു എന്നു ഞാൻ പറയുന്നില്ല. വേറെ ചില ബഹുമാനപ്പെട്ട മെമ്പർമാർ പറഞ്ഞുവെന്നേ ഞാൻ പറഞ്ഞിട്ടുള്ളൂ. വടക്കാഞ്ചേരിമെമ്പർ ബില്ലിലെ എല്ലാവകുപ്പുകളേയും കുറിച്ചു് പറഞ്ഞിട്ടുള്ളതുകൊണ്ടു് ഇനി ഒന്നും പറയുവാനില്ല ഞങ്ങളും അതിനോടുകൂടി യോജിക്കുന്നു എന്നു പല മെമ്പർമാരും പറയുകയുണ്ടായി. അദ്ദേഹം ഒന്നുമുതൽ പതിനൊന്നുവരെയുള്ള വകുപ്പുകളെ ഒരു Chapter ആയി കണക്കാക്കി ഇവിടെ പ്രസ്താവിച്ചു. ഈ മൂന്നാം വകുപ്പനുസരിച്ചു് ഗവൺമെണ്ടിനു കിട്ടിയിട്ടുള്ള അധികാരം എന്താണെന്നു എല്ലാവരും ഒന്നു ഗ്രഹിച്ചാൽ കൊള്ളാം.

"If Government are of opinion that any association interferes or has for its object interference with the administration of the law or with the maintainance of law and order or that it constitutes a danger to public peace Government may by notification the Cochin Government Gazette declare such association to be unlawful".

അതായതു് ആ വകുപ്പുപ്രകാരം ഏതെങ്കിലും ഒരു അസോസിയേഷൻ നിയമവിരോധമായിപ്പെരുമാറുന്നു എന്നു ഗവൺമെണ്ടിനു ബോദ്ധ്യമായാൽ ആ അസോസിയേഷനെ Unlawful Association ആയിട്ടു ഗസറ്റിൽ പരസ്യം ചെയ്യാമെന്നാണു് ആ വകുപ്പിന്റെ സാരം. ആ വകുപ്പുപ്രകാരം ഒരു അസോസിയേഷനെ Unlawful ആയിട്ടു പ്രഖ്യാപനം ചെയ്താൽ ലോകംതന്നെ ഇടിഞ്ഞുവീഴുമെന്നതോന്നും ആ വകുപ്പിനെപ്പറ്റി ഇവിടെ നടന്ന പ്രസംഗം കേട്ടുകഴിഞ്ഞാൽ. ഗവൺമെണ്ടിനു അങ്ങിനെ ഒരു അസോസിയേഷൻ നിയമവിരുദ്ധമാണെന്നു പ്രഖ്യാപനംചെയ്യുവാൻ സാധിക്കുമെങ്കിലും ആ അസോസിയേഷനിൽപെട്ട ഏതെങ്കിലും ഒരംഗത്തെയൊ മറ്റൊ ശിക്ഷിക്കണമെങ്കിൽ ഒന്നാം ക്ലാസ്സു് മജിസ്ട്രേട്ടുമ്പാകെയല്ലാതെ സാദ്ധ്യമല്ല. ഒന്നാംക്ലാസ്സു് മജിസ്ട്രേട്ടുമ്പാകെ പൌരസ്വാതന്ത്ര്യമില്ലാത്ത നിയമലംഘനമല്ല താൻ ചെയ്തിട്ടുള്ളതെന്നു തെളിവുകൊടുക്കുന്നതിനു അയാൾക്കധികാരമുണ്ടു്. ഒരാൾ എന്തെങ്കിലും അപകടത്തിൽ പെടുകയൊ തടവിൽ പാർപ്പിക്കുകയൊ പിഴയിടുയൊ ചെയ്യേണ്ടിവരുകയാണെങ്കിൽ അയാളെ ഗവൺമെണ്ടിനു് ഇഷ്ടംപോലെ പിഴയിടുവാനും ശിക്ഷിക്കുവാനും അധികാരമില്ല. നിയമപ്രകാരം ഗവൺമെണ്ടിനുള്ള ഈ അധികാരം ഗസറ്റിൽ നിയമവിരുദ്ധമായ സംഘമാണെന്നു പ്രസിദ്ധപ്പെടുത്തുവാനുള്ള അധികാരമാണു്. അതുകൊണ്ടു് നിയമവിരോധമായ സംഘമാണു് എന്നു പ്രഖ്യാപനം ചെയ്താൽ അതിന്റെ ഫലം ഒരാളെയെങ്കിലും ശിക്ഷിക്കുവാൻ ഗവൺമെണ്ടിനു അധികാരമുള്ളതല്ല എന്നു വ്യക്തമാക്കുവാനാണു് ഞാൻ ഇത്രയും പറയുന്നതു്. നിയമവിരോധമായ ഒരു അസോസിയേഷനിൽ ഒരാളെങ്കിലും പങ്കെടുക്കുകയൊ അംഗമായിരിക്കുകയൊ ചെയ്താൽ അയാളെ ആറുമാസംവരെ തടവൊ പിഴയൊ അല്ലെങ്കിൽ രണ്ടുംകൂടിയൊ ശിക്ഷിക്കുവാനുള്ള അധികാരം കൊടുത്തിട്ടുള്ളതു് ഒന്നാംക്ലാസ്സു് മജിസ്ട്രേട്ടിനാണു്. ക്യാബിനറിനൊ ഒരു മന്ത്രിക്കൊ ആ അധികാരമില്ല.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: Sir, can I have the indulgence of the Chair to put one word without interruption. Who has got the power to declare that an association is unlawful. Is it not the Government?

Mr. M. Sivarama Menon *(Constitutional Adviser)*: I have been repeatedly saying that the only power Government have is to issue a notification.

Mr. P. Kumaran Ezhuthassan *(Vadakkancheri)*. Sir. what about sub-clause (*b*) of Clause 2.

Mr. M. Sivarama Menon *(Constitutional Adviser)*: When I speak about clause 3, you ask about clause 2 which is not a part of it. I am also discharging the same responsibility which you discharge in your own line.

മൂന്നാംവകുപ്പനുസരിച്ചു് ഏതെങ്കിലും ഒരു അസോസിയേഷൻ ന്യായവിരോധമായി നിയമവിരോധമായി പ്രവർത്തിക്കുന്നു എന്നു ഗവൺമെണ്ടിനു ബോദ്ധ്യപ്പെട്ടാൽ ആ സംഘത്തെ നിയമവിരോധസംഘമായി പ്രഖ്യാപനംചെയ്യുവാൻ മാത്രമുള്ള അധികാരമേ ഗവൺമെണ്ടിനുള്ളൂ. അങ്ങനെയുള്ള ഒരധികാരം ഗവൺമെണ്ടിനു് കൊടുക്കുന്നതുകൊണ്ടു് വലിയൊരു ഭവിഷ്യത്തൊന്നും പൊതുജനങ്ങൾക്കു് ഉണ്ടാകാനില്ലെന്നു കാണിക്കേണ്ടതിലേക്കു വേണ്ടി

LIBRARY ARCHIVES Kerala Legislative Assembly

[Mr. M. Sivarama Menon]

യാണ് ഞാൻ പറഞ്ഞതു്. അങ്ങിനെ പ്രഖ്യാപനം ചെയ്യുന്നതോടുകൂടി ആ അസോസി യേഷനിൽപെട്ട ഒരാളിൽനിന്നു പിഴ വസൂലാക്കുവാനുള്ള അധികാരം ഗവൺമെണ്ടിനു് ആ നിയമപ്രകാരമില്ല. ഗവൺമെണ്ടു് അങ്ങിനെ പ്രഖ്യാപനംചെയ്യുകഴിഞ്ഞാൽ ആ അസോ സിയേഷനിൽപെട്ട എ.യേയൊ ബി.യേയൊ ശിക്ഷിക്കണമെങ്കിൽ അയാളുടെ പേരിലുള്ള കേസ്സു് കോടതിമുമ്പാകെ ഫയൽ ചെയ്യണം. കോടതി വേണം ശിക്ഷിക്കുവാൻ. അതിനു സാധാരണ കേസ്സുപോലെ അപ്പീലും ഉണ്ടു്. ഒരു അസോസിയേഷനെ നിയമവിരുദ്ധമാക്കി പ്രഖ്യാപനം ചെയ്യാൽ ആ അസോസിയേഷൻ ഭരിക്കുന്ന ആളുകൾക്കു ഒരു കുറവുണ്ടെന്നല്ലാ തെ പൌരസ്വാതന്ത്ര്യത്തിന്നൊ ആ അസോസിയേഷനിലെ അംഗങ്ങൾക്കൊ മറ്റു കക്ഷി കൾക്കൊ യാതൊരു ദോഷവും ഉണ്ടാകുന്നില്ല. എന്നാൽ എന്താണു് ഇതു മൂന്നാംവകു പ്പിന്റെ ആവശ്യമെന്നു ചോദിച്ചാൽ ചുരുക്കി പറയുകയാണെങ്കിൽ നിയമവിരോധമായി പ്രഖ്യാപനംചെയ്യുന്ന അസോസിയേഷന്റെ കെട്ടിടമൊ സ്ഥലമൊ അല്ലെങ്കിൽ ആ കെട്ടി ടത്തിന്റെ ഒരു മുറിയൊ അവരുടെ പ്രവർത്തനങ്ങൾക്കായി ഉപയോഗിച്ചുവരുന്ന സ്ഥലമൊ ഉണ്ടെങ്കിൽ അതു ഗവൺമെണ്ടിനു കയ്യേറാമെന്നുള്ളതാണു്. അതായതു്, ജനങ്ങളുടെ പ്രതി നിധികൾ ഭരിക്കുന്ന ഗവൺമെണ്ടിനു ഒരു സ്ഥലമൊ ഒരു കെട്ടിടമൊ കെട്ടിടത്തിന്റെ മുറി യൊ കയ്യേശം വെക്കാം. എന്നാൽ ഗവൺമെണ്ടിനു് ആ മുതലൊ അതിന്റെ ഉടമസ്ഥാവ കാശമൊ കിട്ടുന്നില്ല. എന്നാൽ ആ മുതലു് ആ അസോസിയേഷന്റേതല്ല എന്റേതാണു് എന്നു് ആക്ഷേപിക്കുകിലും തെളിവുകൊടുക്കുവാൻ സാധിക്കുന്നപക്ഷം അതിനു ജില്ലാക്കോടതി മുമ്പാകെ അപേക്ഷകൊടുത്തു് നിവൃത്തിസമ്പാദിക്കുവാനുള്ള അവകാശവും ഈ നിയമത്തി ലുണ്ടു്. ഒന്നുമുതൽ പതിനൊന്നുവരെയുള്ള വകുപ്പുകൾ ക്ലേശകരമായി പരിശോധിക്കുന്ന തായാൽ ഗവൺമെണ്ടിനു പ്രഖ്യാപനംചെയ്യുവാനുള്ള അവകാശം മാത്രമേയുള്ളുവെന്നു് വ്യക്തമാണു്. എന്നാൽ എന്തിനാണു് ഈ അവകാശമെന്നു ചോദിച്ചേക്കാം. സാധാരണയായി രാജ്യത്തു് പലവിധ സംഘങ്ങൾ പ്രവർത്തനം നടത്തുന്നുണ്ടു്. അതിൽ ഏതെങ്കിലും സംഘം വളർന്നുവന്നു് അവരുടെ ആവശ്യങ്ങളും ഉദ്ദേശങ്ങളും അനുസരിച്ചു് ജനഹിതത്തിനെതിരായി വല്ല അസ്വാസ്ഥ്യങ്ങളൊ കലാപങ്ങളൊ രാജ്യത്തുണ്ടാക്കുന്നതായാൽ അതിനെ ആരംഭത്തിൽ തന്നെ തടയുവാൻ വേണ്ടിയാണു് ഈ അധികാരം ഗവൺമെണ്ടിനു് കൊടുത്തിരിക്കുന്നതു്. ഫസ്റ്റ് റ്റു-ൽ ഇതുപോലെയുള്ള ഒരു ബിൽ ഇൻഡ്യാഗവൺമെണ്ടു് സെൻട്രൽ അസംബ്ലി യിൽ അവതരിപ്പിച്ച അവസരത്തിൽ അതിനെ എതിർത്ത റാഷണലിസ്റ്റുകാർപോലും ഇങ്ങിനെയുള്ള ഒരഭിപ്രായം പറഞ്ഞിട്ടില്ല.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: അതിന്റെ പകർപ്പാണോ ഇതു് ?

മിസ്റ്റർ എം. ശിവരാമമേനോൻ: ഇതേമാതിരിയുള്ള ഒരു ബില്ലായിരുന്നു അതു്. ഇതു് ഒരു കാട്ടാള നിയമമൊ കരി നിയമമൊ പുലിക്കുട്ടിയൊ ഒന്നുമല്ല എന്നും എന്റെ മാന്യസ്നേഹിതന്മാരെ ധരിപ്പിച്ചുശേഷം ഫസ്റ്റ്-ാം വകുപ്പിലേക്കുപോകാം. ആ വകുപ്പു നോക്കിയിട്ടു് എന്റെ മാന്യസ്നേഹിതനായ പത്രപ്രതിനിധി പറയുകയുണ്ടായി, അതിൽ വളരെ കടുപ്പമായ വാക്കുകളുണ്ടെന്നു്. വാസ്തവത്തിൽ എതു പത്രനിയമം വന്നാലും പത്രം നടത്തുന്ന ആളുകളോടു് ആ നിയമം എങ്ങിനെയിരിക്കുന്നുവെന്നു ചോദിച്ചാൽ അതു വള രെ കടുപ്പമായ ഒരു നിയമമാണു് എന്നേ അവർ പറയുകയുള്ളു. എന്നാൽ മറ്റുള്ളവരോടു് ചോദിച്ചാൽ മുകുന്ദപുരം മെമ്പർ പറഞ്ഞതുപോലെയുള്ള മറുപടിയായിരിക്കും പറയുക. ആളുകൾ വഴിതെറ്റി നടക്കാതിരിക്കുന്നതിനു് ഒരു നിയന്ത്രണം അത്യാവശ്യമാണു്. ഒരു നിയമമുണ്ടാക്കുമ്പോൾ ആ നിയമം തെറ്റി നടന്നാൽ അതിനെ പരിഹരിക്കുവാൻ ഒരു ശി ക്ഷ വേണ്ടെ ? ഒരാളെ കൊന്നാൽ അല്ലെങ്കിൽ ഒരാളെ ഉപദ്രവിച്ചാൽ അതിനു് ഇന്ന ശിക്ഷയെന്നുണ്ടു്. അങ്ങിനെ ഒരു നിയമം ഉണ്ടാക്കുന്നതിന്റെ ഉദ്ദേശം നിയമം തെറ്റി നടന്നാൽ വല്ല അക്രമവും ചെയ്യാൽ, വല്ല അനീതികളും പ്രവർത്തിച്ചാൽ, അതിനു് ഇന്ന ശിക്ഷയുണ്ടു് എന്നു് ആളുകൾക്കു് ബോദ്ധ്യമായാൽ അതു ചെയ്യുവാൻ ഉദ്ദേശിച്ചിട്ടുള്ള ആളു കൾക്കു നിയമം തെറ്റി നടക്കുവാൻ അല്ലെങ്കിൽ എന്തെങ്കിലും തെറ്റു പ്രവർത്തിക്കുവാൻ ഒരു ഭയമുണ്ടാകുന്നതിനാണു്. ഞാൻ എന്തെങ്കിലും തെറ്റു ചെയ്യാൽ എന്നെ പിടിക്കും, ശി ക്ഷിക്കും എന്നു ബോദ്ധ്യമുണ്ടെങ്കിൽ പിന്നെ സൂക്ഷിച്ചേ പെരുമാറുകയുള്ളു.

മിസ്റ്റർ പി. സി. വക്കി: ഈ പ്രീസെൻസർ, ഡെമോക്രസിയുള്ള ഏതെങ്കിലും രാജ്യ ങ്ങളിലുള്ളതായി ബഹുമാനപ്പെട്ട മെമ്പർക്കു പറയാമൊ ?

Mr. M. Sivarama Menon *(Constitutional Adviser):* In almost all Provinces.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ സി. എൻ. ഇട്ടിരയി നമ്പൂതിരി: മദിരാശിയിലുണ്ടോ?

മിസ്റ്റർ എം. ശിവരാമമേനോൻ: ഉണ്ട്.

മിസ്റ്റർ പി. കുമാരനെഴത്തച്ഛൻ: പ്രസ്സ് ആക്ട് എന്തിനു repeal ചെയ്തു?

മിസ്റ്റർ എം. ശിവരാമമേനോൻ: സഭയുടെ അഭിപ്രായത്തെ മാനിച്ചു് അതു ചെയ്തു. അതിന്റെ ഫലം ഇപ്പോൾ ഗവണ്മെണ്ടു് അനുഭവിച്ചുവരികയാണു്. ഒരു ഭരണകൂടം ശരിയായി പാലിച്ചുകൊണ്ടിരിക്കുന്ന ആളുകൾക്കു് ക്രമരഹിതമായിട്ടുള്ള ലേഖനങ്ങൾ കാണുമ്പോൾ അതു രസിക്കാതെ വരും. ഒരു ഭരണകൂടത്തിൽ ഇരുന്നാലും അങ്ങിനെ തോന്നും. അപ്പോൾ അങ്ങിനെ എഴുതുന്നതു ന്യായമായിട്ടുള്ളതാണോ; അതനുവദിക്കാവുന്നതാണോ? അതിനെ തടയേണ്ടതല്ലെ എന്ന വിചാരം ന്യായമായി പരിപാലിക്കണമെന്നു ഉദ്ദേശമുള്ള ഭരണകൂടത്തിനുണ്ടാകാതിരിക്കയില്ല.

മിസ്റ്റർ പത്തൂർ അച്യുതമേനോൻ: ന്യായമായി പരിപാലനം ചെയ്യണമെന്നു് ഭരണകൂടത്തിനു വിശ്വാസം വേണ്ടെ!

മിസ്റ്റർ എം. ശിവരാമമേനോൻ: ന്യായം പരിപാലിച്ചില്ലെങ്കിൽ നിങ്ങൾ പിറെറ ദിവസം പുറത്തിറക്കുകയില്ലെ? നിങ്ങൾക്കു നിങ്ങളുടെ ഗവണ്മെണ്ടിനെത്തന്നെ വിശ്വാസമില്ലെങ്കിൽ അതിനു യാതൊരു സമാധാനവുമില്ല. ഗവണ്മെണ്ടു് എന്നും ഒന്നാണു്. അതുകൊണ്ടു് എന്റെ സ്വന്താഭിപ്രായം പറയുകയാണെങ്കിൽ പ്രസ്സിനു ദ്രോഹമാകത്തക്ക നിലയിൽ വല്ല കടുപ്പമായ വാക്കുകളുമുണ്ടെങ്കിൽ അതിനെ സംബന്ധിച്ചു് പത്രപ്രതിനിധിയുമായി കൂടിയാലോചിച്ചു് രാജ്യത്തിനു ദോഷം വരാത്ത വിധത്തിൽ കഴിയുന്നത്ര ആ വാക്കുകളുടെ ശക്തി കുറക്കുവാൻ ഒരുക്കമാണു്. ആദ്യം ഈ വകുപ്പു കാണുമ്പോൾതന്നെ ആരും പരിഭ്രമിക്കരുതു്. ആലപ്പുഴയിൽയിന്നു വന്നിറങ്ങിയ ഒരു സേട്ടുവിന്റെ കയ്യിൽനിന്നു് കൊച്ചി ബോട്ടജെട്ടിയിൽവെച്ചു രണ്ടായിരത്തിൽ ചിലപ്പാനം ഉറുപ്പിക ഒരു പോലീസുകാരൻ പോക്കറടിച്ചു എന്നു കൊച്ചിരാജ്യത്തിലെ പത്രത്തിൽ കണ്ടു.

മിസ്റ്റർ കെ. കെ. കണ്ണൻ: അതു ശരിയല്ലെ?

മിസ്റ്റർ എം. ശിവരാമമേനോൻ: അതാണു് ഞാൻ പറയുന്നതു്. കുറച്ചു ദിവസം കഴിഞ്ഞതിനുശേഷം ആ വാർത്ത ശരിയല്ലെന്നു ഗവണ്മെണ്ടു് ഒരു പ്രസ്സ്നോട്ടു് പ്രസിദ്ധം ചെയ്തു. എന്നിട്ടും മിസ്റ്റർ കണ്ണനാംകൂടി ചോദിക്കുന്നു അതു ശരിയല്ലെ എന്നു്. എതു കാര്യത്തിലും ആദ്യം കേൾക്കുന്ന വർത്തമാനം പെട്ടെന്നു് ആളുകൾ വിശ്വസിക്കും.

മിസ്റ്റർ പി. കുമാരനെഴത്തച്ഛൻ: സർ, ഒരു ചോദ്യം. ഈ സ്റ്റേറ്റുമെൻറു് പ്രസിദ്ധം ചെയ്തതു് വ്യാജമാണു് എന്നു പറഞ്ഞു. അതു പ്രസിദ്ധംചെയ്ത എതെങ്കിലും കടലാസ്സിനെ ഗവണ്മെണ്ടു പ്രോസിക്യൂട്ടുചെയ്തിട്ടുണ്ടോ? പ്രോസിക്യൂട്ടു ചെയ്തിട്ടില്ലെങ്കിൽ ഈ ബില്ലു കൂടാതെ അതിനു ഗവണ്മെണ്ടിനു അധികാരമില്ലെന്നു് ജനങ്ങൾ വിശ്വസിക്കണമോ? പ്രസ്സ് ആക്ടനുസരിച്ചു് ഏതെങ്കിലും പത്രത്തെ പ്രോസിക്യൂട്ടു ചെയ്തിട്ടുണ്ടോ? അവാസ്തവപ്രസ്താവനകൾ ചെയ്തു ജനങ്ങളെ തെറിദ്ധരിപ്പിച്ചതിനു ഒരു പത്രത്തിന്റെ പ്രസിദ്ധീകരണം തടയുകയും പിന്നീടു് കുറെകഴിഞ്ഞപ്പോൾ അതു മാറുകയും ചെയ്തിട്ടില്ലെ?

മിസ്റ്റർ എം. ശിവരാമമേനോൻ: ക്രിമിനൽ നിയമഭേദഗതി നിയമപ്രകാരമാണു് അങ്ങിനെ പ്രസിദ്ധീകരണം നിഷ്ക്രിയിച്ചിട്ടുള്ളതു്. അന്നേദിവസം മുന്നു പോലീസുകാർ ഡ്യൂട്ടിയിലുണ്ടായിരുന്നു. അവരിൽ ആരാണു് പോക്കറടിച്ചതെന്നു ആ ലേഖനത്തിൽ പറയുന്നില്ല. അവരിൽ ആർക്കെങ്കിലും അതു അപകീർത്തിയല്ലെ? ഏതായാലും ഒരാളെ അപകീർത്തിപ്പെടുത്തിയാലേ കേസ്സെടുക്കുവാൻ നിവൃത്തിയുള്ളൂ. ആ ലേഖനത്തിന്റെ ഫലമെന്താണു്? പോലീസുകാരൻ പോക്കറടിച്ചു എന്നു പറഞ്ഞാൽ ജനങ്ങൾക്കു പോലീസ്സിന്റെ മേലുള്ള വിശ്വാസവും കുറഞ്ഞുവരും. ദീപം പത്രാധിപരുടെ പക്കൽ ഒരാൾ ഒരു ലേഖനം കൊണ്ടുവന്നു കൊടുത്തു. ആരാണു് ലേഖനം കൊണ്ടുവന്നതെന്നു അന്വേഷിച്ചപ്പോൾ അയാളെ കാണുവാനില്ല. അതിൽനിന്നു മനസ്സിലാക്കുവാൻ സാധിക്കുന്നതു് കള്ളമായിട്ടു ലേഖനങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിനു കുറെ ആളുകൾ നടക്കുന്നുണ്ടു് എന്നുള്ളതാണു്. എങ്ങിനെയെങ്കിലും കടലാസ്സിൽ വരുത്തിക്കഴിഞ്ഞാൽ അവരുടെ കാര്യം സാധ്യമായി. അപ്പോൾ അങ്ങിനെയുള്ള ലേഖനങ്ങൾ കിട്ടിയാൽ പ്രസിദ്ധംചെയ്യുന്നതു് തെറെറാ ശരിയോ എന്നുള്ളതിനു ഒരു നിയമമുണ്ടെങ്കിൽ ഒരു പക്ഷെ അതു പ്രസിദ്ധംചെയ്യില്ലെന്നു വരും. പോലീസ്സിനെക്കുറിച്ചുള്ളതു് ഏതെങ്കിലും ആകട്ടെ, മട്ടാഞ്ചേരി പോലീസ് സ്റ്റേഷനിൽ ഒരാളെ അറസ്റ്റുചെയ്ത എന്നൊക്കെ അതിലുണ്ടു്. ഇങ്ങിനെയുള്ള കള്ളെഴുത്തുകൾ വരുന്ന

LIBRARY ARCHIVES Kerala Legislative Assembly

[Mr. M. Sivarama Menon]

തു" ഒരു തവണയല്ല മൂന്നു തവണകളായി. പ്രസ്സ്" ആക്ട്" ഉള്ളപ്പോൾ അവാസ്തവങ്ങൾ പ്രസിദ്ധപ്പെടുത്തിയാൽ ആ പേപ്പറിനു ഒരു നോട്ടീസ്സെങ്കിലും അയക്കാമായിരുന്നു. ഇപ്പോൾ അതിനും നിവൃത്തിയില്ല. ഞാൻ പ്രസ്സ്" അഡൈ്വസറായിരുന്ന കാലത്തു" എനിക്കറിയാം കൊച്ചീരാജ്യത്തെ പത്രപ്രവർത്തകന്മാർ രാജ്യക്ഷേമത്തിനുവേണ്ടി പ്രവൃത്തിക്കുവാൻ അത്യുത്സാഹവും ഒരുക്കവും ഉള്ളവരാണെന്നു". എന്നാൽ അങ്ങിനെയുള്ളവർ മനഃപൂർവ്വമല്ലാതെയോ ചുമതലാബോധക്കുറവുകൊണ്ടോ അല്ലെങ്കിൽ വല്ല പ്രത്യേക കാരണങ്ങളാലോ പലതും ചിലപ്പോൾ പ്രസിദ്ധപ്പെടുത്തിപ്പോകാം. അങ്ങിനെ വരുന്നതായാൽ അവരെ മനഃപൂർവ്വം ശിക്ഷിക്കണമെന്നു" പറയുന്നില്ല. ഏതെങ്കിലും ഒരു പ്രത്യേക കാരണംകൊണ്ടു" ഏതെങ്കിലും ദിക്കിലെ തല്ക്കാലപരിതസ്ഥിതി മോശമായാൽ, അന്തിക്കാട്ടിലേയോ മറ്റോ സ്ഥിതിഗതികൾ മോശമായികഴിഞ്ഞാൽ അതു ഗവൺമെണ്ടിന്നറിയാം. ഇന്ന ദിക്കിൽ കഴിപ്പാൻ നടക്കുന്നുണ്ടു" അതുകൊണ്ടു" അവിടെനിന്നു വരുന്ന ലേഖനങ്ങൾ ഗവൺമെണ്ടു നോക്കിയതിനുശേഷംവേണം പ്രസിദ്ധപ്പെടുത്തുവാൻ എന്നു" ഗവൺമെണ്ടിനു പറയാം. പത്രപ്രവർത്തകന്മാർക്കു അവിടെ പോയി അന്വേഷിച്ചു വാസ്തവമറിഞ്ഞിട്ടു ലേഖനങ്ങൾ പ്രസിദ്ധപ്പെടുത്തുവാൻ സൌകര്യമില്ല. ഗവൺമെണ്ടിന്നാണെങ്കിൽ അതു സാധിക്കും. ഗവൺമെണ്ടിനു അതിനാവശ്യമായ മിഷ്യനറിയുണ്ടു". ഇന്ന വാർത്തകൾ ശരിയല്ല എന്നു പത്രപ്രവർത്തകന്മാരെ ധരിപ്പിക്കുവാൻ ഗവൺമെണ്ടിനു സാധിക്കും. അതിനാണു" ഗവൺമെണ്ടു" സെൻസർഷിപ്പു വെച്ചിട്ടുള്ളതു". ഇതു" ഒരു കാട്ടാളനിയമമാണു" എന്നു പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തിക്കാണുകയുണ്ടായി, ഇതിന്റെ ഉദ്ദേശം ശരിക്കു അവർക്കു മനസ്സിലായിട്ടുണ്ടായിരുന്നുവെങ്കിൽ അവർ അങ്ങിനെ പറയുകയില്ല. പത്രങ്ങളെ മർദ്ദിക്കണമെന്നോ പത്രസ്വാതന്ത്ര്യത്തെ ഹനിക്കണമെന്നോ ഒരിക്കലും കൊച്ചിഗവൺമെണ്ടിനു ഉദ്ദേശമില്ല. ന്യായമായ കാര്യങ്ങൾക്കു പ്രസ്സിന്റെ സഹകരണമില്ലാതെവന്നാൽ വളരെ ബുദ്ധിമുട്ടു ഗവൺമെണ്ടിനുണ്ടാകുന്നതാണു". അതുകൊണ്ടു" പത്രപ്രവർത്തകസംഘം ഗവൺമെണ്ടിനോടു യോജിച്ചു അവരുടെ അന്തസ്സിനും അഭിമാനത്തിനും ദോഷം വരാത്തവിധത്തിൽ രാജ്യക്ഷേമത്തിനു വേണ്ടത്തക്കവിധം ഈ വകുപ്പിൽ കഠോരമായ വല്ല വാക്കുകളുമുണ്ടെങ്കിൽ അതു സംസാരിച്ചു തിരുത്തി ന്യായമായ ഒരു തിട്ടുണ്ടാക്കാവുന്നതാണു".

മിസ്റ്റർ പി. സി. വക്കീ: ഈ വകുപ്പു മുഴുവനും വേണോ?

മിസ്റ്റർ എം. ശിവരാമമേനോൻ: അതു ആലോചിച്ചു തീരുമാനിക്കാം. പിന്നെ അതിൽ വേറെ ഒരു sub-clause ഉള്ളതു"

Where any newspaper, book or other document wherever made appears to Government to contain any words, signs or visible representations which-(*a*) incite to or encourage, or tend to incite to or to encourage, the commission of any offence of murder or any cognizable offence involving violence, or etc. എന്നാണു". ഈ ക്ലോസ്സില്ലെങ്കിൽ Violence ഉണ്ടാക്കുന്ന ഏതെങ്കിലും സംഗതികളെ ശ്ലാഘിച്ചു" വല്ലതും പബ്ലിഷുചെയ്യുവാനുള്ള വരാം. എന്താണു" ഇതുകൊണ്ടു" ഗവൺമെണ്ടിനു കൊടുത്തിട്ടുള്ള അധികാരമെന്നു നോക്കാം. Sub clauses (a) to (i) വായിച്ചുകഴിഞ്ഞാൽ എന്തൊക്കെയോ അധികാരം ഗവൺമെണ്ടിനു കൊടുത്തിട്ടുണ്ടെന്നു തോന്നിപ്പോകും,

മി. പി. കുമാരനെഴുത്തശ്ശൻ: ഈ appears to Government എന്നുള്ളതെന്താണെന്നു കൂടി പറഞ്ഞാൽ കൊള്ളാം.

മിസ്റ്റർ എം. ശിവരാമമേനോൻ: ഗവൺമെണ്ടിനു തോന്നുകയാണെങ്കിൽ എന്നു പറഞ്ഞിട്ടുള്ളതിനു പരിഭ്രമിക്കാൻ വല്ലതുമുണ്ടോ? ജനകീയഗവൺമെണ്ടു ഭരണം നടത്തുന്ന ഒരു ദിക്കിൽ യാതൊരു തെളിവുംകൂടാതെ ഒരു പത്രത്തെ ശിക്ഷിക്കുമെന്നു സപ്പോസ്കൊണ്ടുവാൻ കൂടി സാദ്ധ്യമല്ല. എന്തെന്നാൽ തക്കതായ തെളിവുകൾകൂടാതെ ഏതെങ്കിലും ഒരു പത്രത്തെ ശിക്ഷിച്ചാൽ നാലു ചോദ്യം ചോദിച്ചാൽ ആ മന്ത്രി ചെയ്തതു" താനോന്നിത്തമാണെന്നു ഈ സഭയിൽ തെളിയിക്കുവാൻ കഴിയും. അങ്ങിനെ മന്ത്രി താനോന്നിത്തം ചെയ്തുവെന്നു തെളിഞ്ഞാൽ ആ മന്ത്രി പിന്നെ ആ സ്ഥാനത്തിരിക്കുമോ? അദ്ദേഹം സൂയിസൈഡു ചെയ്കകളയും. അപ്പോൾ appears എന്നു പറഞ്ഞാൽ ന്യായമായിട്ടു തോന്നിയാൽ എന്നാണു" അർത്ഥം.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: Appears എന്നുള്ളതിനു പകരം വേറെ വാക്കുകൾ ഉപയോഗിക്കാനുണ്ടല്ലോ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ എം. ശിവരാമമേനോൻ: ഈ വാക്കുകൾ കൊണ്ട് യാതൊന്നും ഭയപ്പെടാനില്ല.

Panel Chairman: The Hon'ble Member need not labour on the point at this stage. We are only discussing the general principle and not any particular point.

മിസ്റ്റർ എം. ശിവരാമമേനോൻ: എന്തധികാരമാണ് ഗവൺമെണ്ടിന്ന ഇതുകൊണ്ടു കിട്ടിയിട്ടുള്ളത്.

Government may by notification in the Cochin Government Gazette declare every copy of the issue of the newspaper and every copy of such book or other document to be forfeited to Government ഇതേയുള്ളൂ. അതായത് ഇത്തരത്തിലുള്ള സംഗതികൾ അച്ചടിച്ചിട്ടുള്ള കടലാസുകൾ കണ്ടെടുത്തു നശിപ്പിച്ചുകളയുകയോ മുതൽക്കൂട്ടുകയോ ചെയ്യാം. അതായതു വലിയ പ്രചരണം ചെയ്യുന്നതിന്ന മുമ്പ് കോപ്പികൾ കണ്ടുകെട്ടുന്നതിന്നുള്ള അധികാരം ഗവൺമെണ്ടിന്ന കൊടുക്കുന്നില്ലെങ്കിൽ പിന്നെ എന്തധികാരമാണ് ഗവൺമെണ്ടിന്നുള്ളത്? അഞ്ചുറുപ്പികയുടെ ഒരു ആർഡർ പാസ്സാക്കുവാനുള്ള അധികാരവും കൊടുത്തുകൊണ്ട് ഒരു ഗവൺമെണ്ടിനെ ഇവിടെ ഇരുത്തിയിട്ടു പ്രയോജനമില്ല.

No newspaper, book or other document declared under section 12 to be forfeited shall be transmitted by Post or Anchal or in any other manner.

അതായതു് അഞ്ചലിലൊ പോസ്റ്റലിലൊ ഇങ്ങിനെയുള്ള കടലാസുകൾ ആരും കൊണ്ടുപോയി ഇടരുതു് എന്നുള്ളതാണ്. നിയമവിരോധമായ വാർത്തകൾ ജനങ്ങളുടെ ഇടയിൽ പ്രചരിക്കാതിരിക്കുവാനാണ് ഇങ്ങിനെ ചെയ്തിട്ടുള്ളതു്. ഈ നിയമം ലംഘിച്ചു പോസ്റ്റലിലൊ അഞ്ചലിലൊ കൊണ്ടുപോയി ഇട്ടാൽ അയാളെ ശിക്ഷിക്കണമെങ്കിൽ ഒന്നാം ക്ലാസ്സ് മജിസ്ട്രേട്ടവേണം. അയാളെ ശിക്ഷിക്കണമെങ്കിൽ അതിന്ന ശരിയായ തെളിവുകൾ വേണം. അയാൾ കുറക്കാരനല്ലെങ്കിൽ അയാൾക്ക കോടതിമുമ്പാകെ വക്കാലത്തു കൊടുപ്പാനും തെളിവുകൊടുക്കുവാനും സാധിക്കും.

മിസ്റ്റർ എം. ശിവരാമമേനോൻ: പിന്നെ ക ൭-ാം വകുപ്പിൽ പറയുന്നതു്:

Government may for the purpose of securing the public safety or the maintenance of public order by notification published in the Cochin Government Gazette prohibit the import into Cochin State or the printing, sale, publication, circulation, distribution or possession in the Cochin State of any newspaper, book or other document. ഒരുദിക്കിൽനിന്ന അച്ചടിച്ചിട്ടു ഇങ്ങോട്ടുകൊണ്ടുവരുകയാണെങ്കിൽ അതിനേയും തടയണം. സാധാരണ പത്രങ്ങളിൽ കാണുന്നതു് ശരിയൊ തെറ്റൊ എന്ന നോക്കാതെ വായിച്ച ഉടനെ അതു വിശ്വസിച്ചു പോകും. അതുകൊണ്ടാണ് അതിനെ തടയണമെന്ന വെച്ചിട്ടുള്ളതു്. പിന്നെ ഇങ്ങിനേയുള്ള കടലാസ്സുകൾ വല്ലവരുടേയും കയ്യിൽ ഉണ്ടെങ്കിൽ അതും ഗവൺമെണ്ടിന്ന തരണം. ആരെങ്കിലും ഈ നിയമം തെറ്റിനടന്നാൽ അയാളെ ശിക്ഷിക്കണമെങ്കിൽ കോടതിയിൽ പോകണം. അപ്പോൾ ഒരാളേയും ശിക്ഷിക്കുവാൻ ഗവൺമെണ്ടിന്നധികാരമില്ല.

ഇനി ഒടുവിലത്തെ വകുപ്പ്. ഇതു സാരമില്ലാത്തതാണ്. ക൯ (ക) ൽ പറയുന്നതുപോലെ ചെയ്തില്ലെങ്കിലും കുറ്റമാണ്.

Whoever is in possession of any issue of a newspaper, book or other document declared to be forfeited under section 12, or the import, printing, sale, publication, circulation, distribution or possession of which has been prohibited under section 17, knowing it to be so declared or prohibited, shall forthwith surrendar it to the officer in charge of the nearest Police Station. എന്ന പറഞ്ഞിട്ടുണ്ട്. ഇതു ഒരു കുറ്റത്തിന്ന രണ്ടു ശിക്ഷയാണ് എന്ന പറയുകയുണ്ടായി. അതു ശരിയല്ല. ക ൦ ൭ ൯-ലെ ൨-ാം ആക്കായ ജനറൽ ക്ലോസ്സസ്സ് ആക്ട്മുണ്ട്. അതിൽ പറയുന്നതു്:

"Where an act or omission constitutes an offence under two or more enactments, then the offender shall be liable to be prosecuted and punished under either or any of these enactments but shall not be liable to be punished twice for the same offence"

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ: പിന്നെ എന്തിനാണിതു്?

മിസ്റ്റർ എം. ശിവരാമമേനോൻ: അപ്പോൾ ഒരാളെ ഒരു കുറ്റത്തിന്ന രണ്ടു പ്രാവശ്യം ശിക്ഷിക്കുവാനായിട്ടു പിന്നീടു ഏതു നിയമമുണ്ടാക്കിയാലും ആ നിയമം ജനറൽ

LIBRARY ARCHIVES Kerala Legislative Assembly

[Mr. M. Sivarama Menon]

ക്ലോസ്സുസ്സ് ആക്റ്റിനു അധീനമാണ്. ജനറൽ ക്ലോസസ്സ് ആക്റ്റ പ്രകാരം ഒരു കുറത്തിനു രണ്ടു ശിക്ഷ കൊടുക്കുവാൻ പാടില്ല. രാജദ്രോഹകരങ്ങളും നിയമവിരോധവുമായ കടലാസ്സുകളൊ പുസ്തകങ്ങളൊ ഉണ്ടെങ്കിൽ ഇതുപോലെ അവകണ്ടെടുക്കുവാനുള്ള നിയമം Press and Registration of Books ആക്റ്റിലുണ്ട്. ഇങ്ങിനെ ഒരു നിയമമുണ്ടെങ്കിലും ഒരാളെയും ഒരു കുറത്തിനു രണ്ടു പ്രാവശ്യം ശിക്ഷിക്കുവാൻ പാടില്ല. അതെല്ലാവരും മനസ്സിലാക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. കാലഗതിമാറി ഈ നിയമം ആവശ്യമില്ല, ഈ നിയമം കൂടാതെ കാര്യങ്ങളും നടത്തുവാൻ സാധിക്കുമെന്നു തോന്നിയാൽ ആ നിമിഷത്തിൽ ഇതു വേണ്ടായെന്നു വെക്കുവാൻ സാധിക്കും. ഇന്നത്തെ സ്ഥിതിക്കു് ഇന്നത്തെ ഗവണ്മെണ്ടിനു ഈ നിയമം വേണമെന്നു തോന്നി. രാജ്യത്തെ സമാധാനരക്ഷക്കും രാജ്യത്തു് സമാധാനമായി ഭരണം നടത്തുന്നതിനും ഇങ്ങിനെ ഒരു നിയമം ഗവണ്മെണ്ടിന്റെ കയ്യിലിരിക്കേണ്ടതു് ആവശ്യമാണെന്നു വരുമ്പോൾ അതു് അധികാരമമാണെന്നു തെറ്റിധരിക്കരുതു്. നിയമങ്ങളും ഉണ്ടായിരിക്കേണ്ടതു് വളരെ ആവശ്യമാണു്. നയമങ്ങളും ഉള്ളതു് വഴിതെറ്റി നടക്കുന്ന ആളുകൾക്കു ഒരു പ്രിവൻറിവു ആയിതീരുന്നതാണു്. രണ്ടു മന്ത്രിസഭകളും ഈ നിയമം ആവശ്യമാണെന്നു പറയുന്നു. ഇനി ഇതു ആവശ്യമാണൊ എന്നുള്ളതു് തീരുമാനിക്കേണ്ടതു് ഈ നിയമസഭയാണു്. ഇതു ആവശ്യമില്ലെന്നു ഈ നിയമസഭ തീരുമാനിക്കുകയാണെങ്കിൽ അതിന്റെ ഫലം നിങ്ങളുതന്നെ അനുഭവിക്കണം; അതിനു നിങ്ങളുതന്നെ ചുമതല വഹിക്കണം. ഗവണ്മെണ്ടിനു ഒന്നും വരുവാനില്ല എന്നാണു് എനിക്കു പറയുവാനുള്ളതു്. ഇതു പാസ്സാക്കുന്നതുകൊണ്ടു് അനാവശ്യമായ ഭയത്തിനു യാതൊരു ആവശ്യവുമില്ല. നിങ്ങളുടെ ഗവണ്മെണ്ടിനാണു് ഈ അധികാരങ്ങളും കൊടുക്കുന്നതു്. നിങ്ങളുടെ ഗവണ്മെണ്ടിനു നിങ്ങളെ ഉപദ്രവിക്കുവാൻ സാദ്ധ്യമല്ല. പീനൽകോഡിൽതന്നെ എത്രയെല്ലാം വകുപ്പുകളുണ്ടു്. അതനുസരിച്ചു് ഏതെങ്കിലും ഒരാളെ അനാവശ്യമായി അന്യായമായി കുറപ്പെടുത്തരുതൊ? അങ്ങിനെ ഉണ്ടായതായി നാം ഇതുവരെ കേട്ടിട്ടില്ല.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ: ഗവണ്മെണ്ടു് അതനുസരിച്ചു ആരേയും പിടിക്കാറില്ലെ?

മിസ്റ്റർ എം. ശിവരാമമേനോൻ: ഗവണ്മെണ്ടിന്റെ പക വീട്ടുവാനായിട്ടു ആരേയും പിടിക്കാറില്ല. നിയമം അനുസരിക്കാതെ നടക്കുന്നവരെ പിടിക്കാതെ നിവൃത്തിയില്ല. നിങ്ങളും ആരാധിച്ചു പോരേണ്ട ഒരു ഗവണ്മെണ്ടു് പൊതുസമാധാനത്തിനു ആവശ്യമാണെന്നു തോന്നിയ ഒരു നിയമം കൊണ്ടുവരുമ്പോൾ അതു കാട്ടാളനിയമമാണു്, കരിനിയമമാണു് എന്നൊന്നും പറയുവാൻ പാടില്ല. അങ്ങിനെ പറയുന്നതു് വളരെ സങ്കടകരവും കൂടിയാണു്. അതുകൊണ്ടു രാജ്യക്ഷേമത്തിനു ആവശ്യമായ ഈ നിയമത്തെ തള്ളിക്കളയരുതെന്നു മാത്രമെ എനിക്കു പറയുവാനുള്ളൂ.

Panel Chairman: The motion before the House is that the Cochin Criminal Law (Amendment) Bill be read in Council.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: Sir, I want a poll.

Poll

For	*Against*
Rao Bahadur T. K. Nayar	Mr. P. Kumaran Ezhuthassan
Mr. Parambi Lonappen	,, P. Mohamad Azhrof
,, K. S. Raghavan	,, K. H. Sulaiman
Rao Sahib A. Madhava Prabhu	,, P. C. Varkey
Mr. K. Govinda Menon	,, K. K. Kannan
,, S. S. Koder	,, P. V. Sebastian
Dr. S. S. Rao	
Mr. M. Sivarama Menon	
,, P. Raman Menon	
,, A. Eachara Menon	
,, K. A. Raghavan	
,, T. V. Kochuvareed	
,, T. Kunhuvareed	

LIBRARY ARCHIVES Kerala Legislative Assembly

For

Mr. Thevanna Gownder
„ Nataraja Chettiar
„ P. Narayana Menon
„ Ramakrishnan
„ K. S. Panicker
„ M. O. Thomakutty

Panel Chairman: The motion is carried 19 for and 6 against. The question before the House is that the Cochin Criminal Law (Amendment) Bill be read in Council.

Motion, put and carried

Secretary to the Council: The title of the Bill is the Cochin Criminal Law(Amendment)Bill.

Rao Sahib A. Madhava Prabhu *(Chief Secretary to Government):* I move that the Bill may be referred to a Select Committee.

Mr. P. Kumaran Ezhuthassan *(Vadakkancheri):* You have to move for the suspension of the S. O.

Rao Bahadur T. K. Nayar *(Prime Minister):* When the motion is passed Sir, two or three motions can be moved that it may be referred to a Select Committee.

Mr. M. Sivarama Menon *(Constitutional Adviser):* When introducing a Bill the member in charge of it shall move that the Bill be read in the Council. If the motion be seconded the principle of the Bill and its general provisions may then be discussed and if the motion be carried the Secretary shall read the title of the Bill. The member in charge or any other member may then immediately move that the Bill be referred to a Select Committee.

Rao Sahib A. Madhava Prabhu *(Chief Secretary to Government):* The Bill may be referred to a Select Committee consisting of (1) The Prime Minister (2) The Chief Secretary to Government (3) The Advocate-General (4) Mr. P. Kumaran Ezhuthassan (5) Mr. P. Govinda Menon (6) Mr. K. T. Achuthan (7) Mr. P. C. Varkey (8) Mr. P. Narayana Menon (9) Mr. P. A Mohammad Ashrof and (10) Mr. P. V. Sebastian.

***Mr. P. Kumaran Ezhuthassan** *(Vadakkancheri):* I oppose that motion for reference to a Select Committee. Shall I make my observations and substantiate the grounds of my opposition Sir?

Panel Chairman: Yes.

Mr. P. Kumaran Ezhuthassan *(Vadakkancheri):* I am glad that this important business has to be performed before you one of our distinguished chairman—I am proud of that. Now, Sir, why I oppose this motion for reference to a Select Committee of this monstrous Bill is that as I understand, Sir, the limited scope of a Select Committee is such that it is not possible in the very nature of things to improve this Bill by any process of work conducted by any kind of experts if experts there be in this host of names. Unless it is laid down Sir, categorically and that with the expressed approval of the Government of the day, that it is within the purview of the Select Committee to drop the Bill to report that the bill be dropped.....

Panel Chairman: In that case what you can do is to oppose the Bill and you have done that.

Mr. P. Kumaran Ezhuthassan *(Vadakkancheri):* Yes, Sir, I have done that and this is my second right.

Panel Chairman: Do yo intend to make a speech on it?

Mr. P. Kumaran Ezhuthassan *(Vadakkancheri):* Only a few minutes. Now, unfortunately Sir, by the irresponsible way in which the opposition which is characterised as responsible by that process, Sir, it is now made known to the discredit and shame of Cochin that the principle of the Bill the principle underlying this monstrous Bill, this black Rowlet Act of Cochin is accepted. That is due to, I may emphasise, the irresponsible way in which the proclaimed responsible opposition of to-day.....

Panel Chairman: Order, I cannot allow a long speech.

Mr. P. Kumaran Ezhuthassan *(Vadakkancheri):* I know, Sir, that it is not possible for you to allow me to make a speech. I appreciate that. Now, Sir, unless it is categorically stated and put down that the Select Committee which will consider this Bill has got the power to report that the Bill be dropped and on receipt of that report if ever presented before this House, this House is bound to throw away the Bill. These are impossible conditions in the very nature of things and in this peculiar setting of the introduction of the Bill by the want of wisdom or courage on the part of the Government of the day, in that peculiar setting I have no objection

*Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

Mr. P. Kumaran Ezhuthassan]

for that waste of time being committed without me. That is the position, Sir. It must be categorically stated that the wisdom of the Government of to-day helped by the Constitutional Advisor of to-day and helped by the so called responsive co-operation of to-day's opposition unless that is categorically laid down, no useful purpose is going to be served by time being wasted and money being sqnandered by the sitting of the Committee because the Bill required to be changed lock stock and barrel not 3 years to be reduced to 1 year or 6 months not the omnibus expression, imprisonment to be defined either simple or rigorous.

Panel Chairman: Order, Order, The Hon'ble Member cannot traverse the old ground which he has already covered in his long speech on the introduction of the Bill. If he has objection to reference of the Bill to the select committee he can do so without making a long speech.

Mr. P. Kumaran Ezhuthassan *(Vadakkancheri):* I am not repeating the words once said.

Panel Chairman: How much time more do you want?

Mr. P. Kumaran Ezhuthassan *(Vadakkancheri):* I cannot say that. If you order me to mention the time that I want I will only express my helplessness, in responding to that. But I can assure you I will not take much time.

Panel Chairman: Much means, how much?

Mr. P. Kumaran Ezhuthassan *(Vadakkancher):* Much means much. I do agree I can finish when I come out of the embarassing position. I will say, 5 minutes if I am allowed.

Panel Chairman: Yes.

Mr. P. Kumaran Ezhuthassan *(Vadakkancheri):* I was saying Sir that it has to be changed lock stock and barrel. No use 3 years to be reduced to 1 year, or 6 months or even 15 days. No use changing the expression which I deliberately pointed out to the Constitutional Adviser. It appears to be changed appropriately even according to my suggestions. This is Sir, when I interjected at the early portion of the observation in his vehement and sincere speech he cleverly avoided I was deliberately pointing his attention to sub-clause (*b*) of clause 2 (2). Then I am now referring to (*a*). And subsequently I have deliberately to refer to (*b*). That is the crux of my respectful submission that there is no use of sending this Bill to a Select Committee and if unfortunately as I smell because of the irresponsibility of the Opposition—my opposition is going to fall and the motion for reference to the Select Committee is accepted I may be saved the trouble of being a member of the party not serving the Committee that is my prayer which may be granted. If not granted even for this imploring I will refuse to sit on that Committee, in a sense of responsibility to my masters who are the people of the country.

Panel Chairman: So the Hon'ble Member does not want to serve on the Select Committee?

Mr. P. Kumaran Ezhuthassan (*Vadakkancheri*): I oppose the motion for reference to the Select Committee and if the motion is carried I will exercise my mind as to what I should do.

Panel Chairman. The motion before the House is that the Cochin Criminal Law (Amendment) Bill be referred to a Select Committee.

Mr. P. Kumaran Ezhuthassan *(Vadakkancheri):* A Poll, Sir.

Poll

For	*Against*
1. Rao Bahadur T. K. Nayar.	1. Mr. K. H. Sulaiman.
2. Mr. Parambi Lonappen.	2. ,, K. K. Kannan.
3. Rao Sahib A. Madhava Prabhu.	3. Mrs. T. Francis.
4. Mr. K. S. Raghavan.	4. Mr. P. Kumaran Ezhuthassan.
5. ,, M. Sivarama Menon.	5. ,, P. A. Mohammed Ashroff.
6. ,, K. Govinda Menon.	6. ,, P. C. Varkey.
7. ,, P. Raman Menon.	7. ,, P. V. Sebastian.
8. ,, A. Eachara Menon.	
9. ,, M. O. Thomakutty.	
10. ,, T. K. L. Kunjuvareed.	
11. ,, S. S. Koder.	
12. ,, P. Narayana Menon.	
13. ,, K. S. Panicker.	

Panel Chairman: There are 13 for the motion and 7 against; so the motion is carried and the Bill will be referred to a Select Committee. I suppose the Hon'ble Member does not want to be a member of the Select Committee.

LIBRARY ARCHIVES Kerala Legislative Assembly

Mr. P. Kumaran Ezhuthassan *(Vadakkancheri):* With due respect to you, Sir, I express my inability, my undesirability, and my unwillingness to serve on the Committee.

Mr. P. Govinda Menon (*Ernakulam*): Why not you fight within the Committee?

Mr. P. Kumaran Ezhuthassan *(Vadakkancheri):* There are Hon'ble Members here who know me. It is only open fight that I want.

Mr. P. A. Mohamad Ashrof (*Cranganur*): I also decline to serve on the Committee.

Mr. P. V. Sebastian *(Latin-Christians Cranganur):* I also decline to serve on the Committee.

Panel Chairman: So the Select Committee will consist of.—

(1) The Prime Minister.
(2) The Chief Secretary to Goverment.
(3) The Advocate-General.
(4) Mr. P. Govinda Menon.
(5) Mr. K. T. Achyutan.
(6) Mr. P. C. Varkey.
(7) Mr. P. Narayana Menon and
(8) Mr. K. S. Panicker.

Mr. P. Kumaran Ezhuthassan *(Vadakkancheri):* I move that it may be added by the addition of the Hon'ble Member from Mulakunnathukavu also.

Rao Sahib A. Madhava Prabhu *(Chief Secretary to Government):* Mr. K. Raghavan also.

Panel Chairman: Two more members have been suggested, Messrs. M. K. Raja and K. A. Raghavan. The Select Committee is to submit its report within three months. The Prime Minister will be the Chairman of the Committee.

Mr P. Kumaran Ezhuthassan *(Vadakkancheri):* Before the Hon'ble Chair pronounces the time-limit; I move or rather I suggest or I request that it may be reported upon by Friday, the day after tomorrow as we did with regard to the Taxation Bill.

Mr. P. Govinda Menon *(Ernakulam):* I move that the report may be received on a Friday within three months. *(Laughter).*

Mr. P Kumaran Ezhuthassan *(Vadakkancheri):* We must know whether we are to be burned by this Act or whether this Act is to be burned, that is the seriousness of the Act, that is the feeling of the public of Cochin. This is not to be played like this. I did not think that such observations will be made by such a responsible friend of mine. You will be noted or you will be thrashed to be noted. *(Laughter).*

Mr. M. Sivarama Menon *(Constitutional Adviser):* Sir, considering the various pros and cons of this Bill, I think that it will be very difficult even within these three months for me, to submit a report.

Mr. Panel Chairman: Considering the vehemence with which he has opposed this Bill, I think he must consider himself happy that the longer the report is postponed, the better for him.

Mr. P. Kumaran Ezhuthassan *(Vadakkancheri):* I appreciate the observation, but oppose the idea.

മിസ്റ്റർ കെ. കെ. കണ്ണൻ: ഇതു് നിയമസഭയുടെ അവസാനതീരുമാനമായതുകൊണ്ടു് എനിക്കിതിനെക്കുറിച്ചു് രണ്ടു വാക്കു പറയേണ്ടതുണ്ടു്.

Panel Chairman: The Bill is not before the House now; it has been disposed of.

മിസ്റ്റർ കെ. കെ. കണ്ണൻ: നിയമസഭയുടെ ഈ തീരുമാനത്തെ പ്രതിഷേധിച്ചുകൊണ്ടു് ഞാൻ അഞ്ചുമിനിട്ടുസമയം സഭാനടപടികളിൽ പങ്കുകൊള്ളാതെ ഇറങ്ങിപ്പോകുന്നു.

(2) The Cochin Industrial Disputes Bill

Mr. P. Raman Menon *(Advoate-General):* I rise to move in the absence of the Hon'ble Minister for Food and Education that the Cochin Industrial Disputes Bill be read in Council.

Mr. M. Sivarama Menon *(Constitutional Adviser):* I second the motion.

Mr. P. Raman Menon *(Advoate-General):* The Bill is intended to supersede the rules framed under the Defence of India Rules on the basis of the existing Trade Disputes Act for the purpose of adjudicating trade disputes and it is also intended to supersede the Trade Disputes Act itself. It is in fact an amplification of the Trade Disputes Act and generally follows the lines adopted by the British Industrial Disputes Act which was passed in 1947. The proviso,

LIBRARY ARCHIVES Kerala Legislative Assembly